Aikyadeepam
# ഐക്യദീപം
ആഗസ്റ്റ് 2015
Since 1976 വില ₹ 10

Issue on the Special Jubilee Year of Mercy



## ഉറക്കം കെടുത്തുന്ന
## സ്വപ്നം കാണാൻ പഠിപ്പിച്ച ഗുരുവിന് പ്രണാമം.

# Sarvodaya

## ആയുർവേദ ശീതള പാനീയം




### Naruneendi Syrup
**(നറുനീണ്ടി സിറപ്പ്)**

നറുനീണ്ടി പതിവായി
ഉപയോഗിക്കുന്നത് രക്തശുദ്ധി
വരുത്തിക്ഷീണം മാറ്റുന്നു.

### Ginger Lemon
**ജിഞ്ചർ ലമൺ**

ഇഞ്ചിയും നാരങ്ങയും
ചേർത്ത് നിർമ്മിക്കപ്പെട്ട
ഹെർബൽ പാനീയം.
ഇത് ദാഹത്തെ ഇല്ലാതാക്കി
ഉന്മേഷം നൽകുന്നു.




**മറ്റുചില പ്രധാന ഉൽപന്നങ്ങൾ**

ലേഡിപഞ്ചജീര, ലിവർഓൺ, ആടലോടകടോൺ, സർവ്വോദയ കഫ്സിറപ്പ്, അപ്സെറ്റ് ഹൃദയാമൃതം, മുന്തിരിനീര്, നെല്ലിക്കാരിഷ്ടം, അമലടോൺ, ഈന്തപ്പഴടോൺ, ഈന്തപ്പഴ ലേഹ്യം, നെല്ലിക്കാലേഹ്യം, പ്രമേഹചൂർണ്ണം (ഡയബറ്റിക്ചൂർണ്ണം) ജിൻജർ ചിപ്സ്, കരുപ്പട്ടികാപ്പി, വാതതൈലം, കർക്കടക കഞ്ഞി മുതലായവ.

**ബോധനയുടെ ബോധിശ്രീ സ്റ്റാളുകൾ വഴി ഈ ഉൽപന്നങ്ങൾ ലഭ്യമാണ്**

k.s.a.p

sarvodaya
**Kerala Sarvodaya Ayurveda Pharma®**
Gandhi Smaraka Building, Thiruvananthapuram, Kerala
S. India. Pin – 695 025, e-mail: ksapindia@gmail.com
**Customer Care No. 0471-2540990**

GMP CERTIFIED COMPANY



# editorial
## എഡിറ്റോറിയൽ

സ്വപ്നങ്ങൾ നിദ്രയുടെ സുഖം വെടിഞ്ഞ് ആകാശത്തിന്റെ അനന്തതയെ പുൽകുവാൻ ചിറകുകളിൽ അഗ്നിയുടെ തൂവലുകൾ കരുതണമെന്ന് പഠിപ്പിച്ച ഗുരു; അറിവിന്റെയും സകല സാദ്ധ്യതകളുടെയും ഇന്ദ്രധനുസ്സിലേക്ക് പറന്നുയരുമ്പോഴും ചുവടുറപ്പിച്ചു നിന്ന ഭൂമിയെ മറക്കാതിരുന്ന നന്മയുടെ മുഖം; ഓർമ്മകൾ മരിക്കുന്ന ലോകത്തിൽ, ജീവൻ തുടിക്കുന്ന ഓർമ്മകളുടെ തീരങ്ങളിലൂടെ പിന്നിലേക്കോടി സ്വന്തമായതിനെ ഹൃദയത്തോട് ചേർത്തുപിടിക്കുവാനും അതിൽ അഭിമാനിക്കുവാനും പരിശീലിപ്പിച്ച മഹാൻ. ഒരുപക്ഷെ ആ ജീവിതത്തിന് പരിസമാപ്തി കുറിക്കപ്പെടുമ്പോൾ, ഇന്ത്യയുടെ സ്വപ്നങ്ങൾക്ക് അഗ്നിച്ചിറകുകളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. എങ്കിലും കാലം നിശബ്ദമാക്കിയ ആ ചുണ്ടുകളുടെ ശബ്ദധ്വനി കാലം തന്നെ മൃദുമന്ത്രണങ്ങളായി നമ്മുടെ ഹൃദയഭിത്തികളിൽ തൊട്ടുവിളിക്കും; നാം ഒരു ജനതയായ് ഉണരുംവരെ.

സ്വപ്നങ്ങൾക്ക് നമ്മോടു ചിലതൊക്കെ പറയുവാനുണ്ട്; അതൊരു ഭാഷയാണ്, ചിലപ്പോഴൊരു ലോകവും. സ്വപ്നങ്ങളുടെ അരികുകളിൽ നേർത്ത സ്വർണ്ണനൂലിഴകൾകൊണ്ട് ഹൃദയം കോർത്തുവയ്ക്കുമ്പോഴേ സ്വപ്നങ്ങൾക്ക് ചിറകുകൾ മുളയ്ക്കൂ. വരൂ... നമ്മുടെ സ്വപ്നങ്ങൾ പൂവണിയുംവരെ പ്രവർത്തനനിരതരാകാം... നാളത്തെ പ്രഭാതം കൂടുതൽ പ്രകാശപൂരിതമാകട്ടെ.

കാരുണ്യം ദൈവികമായ ഭാവമാണ്. ക്രിസ്തുവിന്റെ മുഖമാണ് ദൈവകാരുണ്യത്തിന്റെ വിശാലതയും കുരിശിലെ ആണിപ്പഴുതുകൾ അതിന്റെ ആഴവും. അവന്റെ ഭാഷ സ്നേഹമായിരുന്നു; പ്രവർത്തികൾ കാരുണ്യത്തിന്റെയും. "കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ദൈവത്തെ കാണും." കരുണയുടെ സമരിയാക്കാരനാകുന്നവൻ ക്രിസ്തുവിലെ ദൈവത്തെ കാണും. പിതാവിനോളം കരുണയുള്ളയുള്ളവരാകുക എന്ന അനന്തമായ സാദ്ധ്യതയിലേക്ക് നാം വളരുവാൻ ക്രിസ്തുവിൽ നിന്ന് കാരുണ്യത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കണം. തിരികെ വരുമ്പോൾ പടിവാതിൽക്കൽ കാത്തിരിക്കുന്ന പിതാവിനോളം കരുണയുള്ളവരാകുവാൻ ഈ കാരുണ്യവർഷം നമ്മെ സഹായിക്കട്ടെ. കാരുണ്യത്തിന്റെ ഹൃദയവാതിലുകൾ നമുക്ക് തുറന്നു കാത്തിരിക്കാം; പിതാവിനോളം കാരുണ്യം വളർന്ന് ഒരു പിതൃരൂപം നമ്മിൽ രൂപപ്പെടുത്തുന്നതുവരെ.

**Look at the sky. We are not alone. The whole universe is friendly to us and conspires only to give the best to those who dream and work.**

**A. P. J. Abdul Kalam**

# ഐക്യദീപം
Aikyadeepam

2015 ആഗസ്റ്റ് പുസ്തകം 46 ലക്കം 8


CONTENTS


▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam
Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com
























06 **കരുണയുടെ ദൈവവും ദൈവത്തിന്റെ കരുണയും**
ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

10 **പിതാവിനെപ്പോലെ കരുണയുള്ളവരാകുക**
ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്

17 **മാഗി മതി മമ്മി**
ഫാ. യൽദോ മോഴശേരിൽ

20 **കുലഗുരുവിന്റെ കുശലതയും പടത്തലവന്റെ പാടവവുമുള്ളയാൾ**
തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

23 **വർത്തമാന പുസ്തകത്തിന്റെ വർത്തമാന പ്രസക്തി**
ഫാ. ജോർജ് തേക്കിടയിൽ



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com



# ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

## ദാനം: മഹാദാനം അവയവദാനം

*അവയവദാനത്തിന്റെ ആത്മാവ് അനുകമ്പയത്രേ.*

എയർ ആംബുലൻസിൽ ആദ്യമായി ഹൃദയം എത്തിച്ചുള്ള അവയവദാനം നമ്മെ എല്ലാം ഏറെ ആകർഷിച്ചു. ആദരണീയനായ ശ്രീ. നീലകണ്ഠ ശർമ്മയുടെ ഹൃദയം ദാനമായി നല്കാനുള്ള അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ തീരുമാനം ചാലക്കുടിക്കാരനായ മാത്യുവിൽ തുന്നിപ്പിടിപ്പിച്ച് മഹത്തായ



അനുകമ്പയുടെ ഒരു അദ്ധ്യായം ലോക മനസ്സുകളിൽ കുറിച്ചിടാൻ ഇടയായി. ഏതാണ്ട് ആറു മാസങ്ങൾക്ക് മുമ്പ് അപകടത്തിൽ മരിച്ച സുരേഷ് എന്ന മുപ്പത്തിയഞ്ചുകാരന്റെ കരളും കിഡ്നിയും ഹൃദയവും പലർക്കായ് നല്കാൻ അപകടത്തിൽ പെട്ട് ഭർത്താവിന്റെ ദാരുണമായ ദേഹവിയോഗത്തിന്റെ തേങ്ങലിൽ രണ്ടു പിഞ്ചു കുഞ്ഞുങ്ങളെ മാറോട് ചേർത്ത് സമ്മതിച്ച ശ്രേയമോൾ എന്ന മുപ്പതുകാരിയെ നമുക്ക് എങ്ങനെ മറക്കാൻ കഴിയും. പുഷ്പഗിരി ആശുപത്രിയിൽ വച്ചു നടന്ന ശസ്ത്രക്രിയയിലൂടെ അവയവങ്ങൾ തിരുവനന്തപുരത്തേയ്ക്കും കോട്ടയത്തേയ്ക്കും എറണാകുളത്തേക്കും എത്തിക്കാൻ കഴിഞ്ഞത് എത്ര വലിയ സുകൃതമാണ്. അനുകമ്പയാൽ പ്രേരിതരായി, സ്നേഹത്താൽ ഉദ്ദീപിക്കപ്പെട്ട്, മാനവിയമഹത്വം ലക്ഷ്യമാക്കി, ആതുരപക്ഷം ചേരുന്നതിനായി, സൗജന്യദാനമായി നമുക്ക് നൽകപ്പെട്ടിരിക്കുന്ന ശരീരാവയവങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെയോ മരണശേഷമോ സ്വമനസ്സോടെ ദാനം നൽകുവാൻ ദൈവസ്നേഹം നമ്മെ നിർബന്ധിക്കുന്നു. അത് ആധുനിക ലോകത്തിൽ അനുപേക്ഷണീയമായി മാറിക്കഴിഞ്ഞു. ലോകം ഈ വഴിക്ക് ചിന്തിക്കുവാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ടോളമായി. അതിനുള്ള ബോധവല്ക്കരണം ഇന്ന് ലോകമെമ്പാടും സജീവമാണ്. നന്മയുടെ ഏത് കാര്യത്തിലെന്നതുപോലെ ഇതിലും പതാകവഹിക്കുവാൻ മലങ്കര കത്തോലിക്കാ സഭ പ്രതിജ്ഞാബദ്ധമെന്ന് 2015 –ലെ മാർ ഈവാനിയോസ് ദിന സമാപന സമ്മേളനത്തിൽ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവാ തിരുമനസ്സ് പ്രഖ്യാപിച്ചുകഴിഞ്ഞു. ജീവൻ നൽകുന്നവൻ അതിനെ നേടുന്നു എന്നത്രേ ജീവദാതാവായ യേശു പഠിപ്പിക്കുക (ലൂക്കോ. 9:24). കാരുണ്യം വഴികാണിക്കുകയും, സ്നേഹം നിർബന്ധിക്കുകയും ചെയ്യുമ്പോൾ ധീരമായ തീരുമാനങ്ങൾ അനായാസമാകും. ശരീരവും ശരീരാവയവങ്ങളും ദൈവത്തിന്റെ ദാനമാണ്; ദാതാവായ ദൈവത്തിന് നമുക്ക് നൽകാൻ കഴിയുന്ന കാമ്യദാനമാണ് **അവയവദാനം**.

(ശേഷം പേജ് 29)



# കരുണയുടെ ദൈവവും ദൈവത്തിന്റെ കരുണയും



ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

ദൈവമുഖം കണ്ട സുവിശേഷകൻ എഴുതി; നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക 6:26). പഴയനിയമ ദൈവദർശനത്തിന്റെ യഥാർത്ഥ പ്രതിഫലനമാണ് ഈ ഉപദേശം. ദൈവം കരുണയുള്ളവനാണെന്നും കരുണയുള്ളവർക്കേ ദൈവത്തോടടുക്കുവാൻ കഴിയുകയുള്ളുവെന്ന ബോധ്യവുമാണ് ഇവിടെ തെളിയുന്നത്.

റഹമിൻ, ഹെസെദ് എന്നീ ഹീബ്രൂ പദങ്ങളാണ് പഴയനിയമത്തിൽ കരുണയെ കുറിക്കുവാൻ ഉപയോഗിച്ചിട്ടുള്ളത്. രണ്ടിനും യോജിച്ച ഇംഗ്ലീഷ് പദങ്ങളില്ല, മലയാളത്തിന്റെ സ്ഥിതിയും അങ്ങനെ തന്നെ. പഴയനിയമത്തിൽ കരുണ ഒരു ആശയമല്ല, പിന്നെന്താണത്? അനുഭവമോ? വികാരമോ? ഈ രണ്ടു പദങ്ങളും റഹമിൻ എന്ന പദത്തിന്റെ വിദൂരമായ പരിഭാഷയേ ആകുന്നു



ള്ളൂ. കരുണയുടെ ഇരിപ്പിടം അമ്മയുടെ ഗർഭപാത്രമാണ്. തന്റെ ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞിനോട് അമ്മ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലൊരു ബന്ധം- ശാരീരികവും മാനസികവും ബുദ്ധിപരവുമായ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്ന ബന്ധം- അതാണ് റഹമിൻ(കരുണ). ഈ വികാരം പിതാവിന്റെ ഹൃദയം അറിയുന്ന സഹോദരനും സഹോദരിയും തങ്ങളുടെ ഹൃദയത്തിൽ മനസ്സിലാക്കുന്നു. ഇതിനൊരു ശാരീരിക മാനമുള്ളതിനാൽ കരുണ പ്രവൃത്തിയിൽ പൂർത്തിയാക്കുന്നു. അപ്പോൾ ശരീരമില്ലാത്ത ദൈവത്തിനെങ്ങനെ കരുണയുള്ളവനാകാൻ സാധിക്കും.? ഇവിടെയാണ് കരുണയുടെ അവാച്യതയും അവർണ്യതയും വ്യക്തമാക്കുന്നത്. ഇസ്രായേൽ ജനം ദൈവത്തെ അറിഞ്ഞത് ഒരു പഠനത്തിന്റെ ഒടുവിലല്ല, ഒരു ധ്യാനത്തിന്റെ അന്ത്യത്തിലുമല്ല, പച്ചയായ ജീവിതത്തിലാണ്, ഇസ്രായേൽ ദൈവത്തെ അനുഭവിച്ചത്. ആ അനുഭവത്തെ അമ്മയുടെ ഉദരത്തോടും പിതാവിന്റെ ഹൃദയത്തോടും ചേർത്തു വച്ച് അവർ റഹമിൻ എന്നു വിളിച്ചു. അത് യുക്തി ഭദ്രമായ വികാരമല്ല, ന്യായാന്യായങ്ങൾ പരിശോധിച്ചുണ്ടായ നിലപാടുമല്ല.അമ്മ എന്തുകൊണ്ട് തന്റെ കുഞ്ഞിനെ സ്നേഹിക്കുന്നു? അവൻ മറ്റാരെക്കാൾ മിടുക്കനായതുകൊണ്ടാണോ? തീർച്ചയായും അല്ല. അവൻ തന്റേതായതുകൊണ്ടു മാത്രം ഈ സ്നേഹത്തിന്റെ ഉറവിടമെന്താണ് ദൈവത്തിന്റെ റഹമിൻ. ദൈവത്തിന് റഹമിൻ ഉണ്ടാകണമെങ്കിൽ ജനം ദൈവത്തിന്റേതാകണം. ഇവിടെയാണ് പഴയനിയമത്തിലെ ഉടമ്പടിയെന്ന ആശയത്തിന്റെ സ്രോതസ്സ്. അനുകരണമാണ് മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും കരുണ(സ്നേഹം).

ഹെസെദ് എന്ന ഹീബ്രു പദത്തിന്റെയും സ്ഥിതിയും ഇതുതന്നെ. പരിഭാഷപ്പെടുത്താൻ കഴിയുന്നില്ല .ഹെസെദിൽ സ്നേഹവും കരുണയുമുണ്ട്. അതിനാൽ ചിലർ ഇംഗ്ലീഷിൽ Loving kindness (കരുണാദ്രസ്നേഹം) എന്ന് തർജ്ജമ ചെയ്യാറുണ്ട്. ഇവിടെയും വ്യക്തമാകുന്നത് ഇസ്രയേലിന്റെ ദൈവാനുഭവത്തിന്റെ സവിശേഷതയാണ്. ഈ സവിശേഷത അനുവാചകനും ശ്രോതാവിനും അനുഭവവേദ്യമാക്കുവാൻ കഴിയുന്നില്ലെന്നതാണ് പ്രേഷിതപ്രവർത്തനങ്ങളുടെ പരാജയത്തിന്റെ മുഖ്യകാരണം.

കരുണയുടെ ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന വിലാപങ്ങളാണ് സങ്കീർത്തനങ്ങളിൽ നല്ലൊരു ഭാഗവും (9:13). അതുപോലെ കരുണകാണിച്ച ദൈവത്തിനുള്ള കൃതജ്ഞതാർപ്പണവുമാണ് സങ്കീർത്തനങ്ങൾ(13:6). ഈ അപേക്ഷ "കുറിയേലായിസോൻ" എന്നും "കിരിയിലയ്സോൻ" എന്നുമൊക്കെ രൂപഭേദം വന്ന് സഭയുടെ ആരാധനാക്രമങ്ങളിൽ മുഴങ്ങുന്നു. ദൈവത്തിന്റെ കരുണ അനന്തമാകയാൽ അത്, കൃതജ്ഞതയുടെ അലകൾ വിശ്വാസിയിൽ ഉളവാക്കുന്നു. "കർത്താവിന് കൃതജ്ഞത അർപ്പിക്കുവിൻ; കാരണം അവന്റെ കരുണാദ്രസ്നേഹം അനന്തമാണ്" എന്ന സങ്കീർത്തകൻ (107:1) പ്രഖ്യാപിക്കുന്നതിന്റെ അർത്ഥമതാണ്. അപകടത്തിൽപ്പെട്ട് തന്നെ വിളിച്ചപേക്ഷിക്കുന്നവരെ അവിടുന്നു രക്ഷിക്കുന്നു. വിധവകളോടും അനാഥരോടും അവിടുന്നു ദയകാണിക്കുന്നു.

സാമൂഹികമായി ഇസ്രായേൽ ദൈവത്തിന്റെ കരുണാദ്രസ്നേഹം അനുഭവിച്ചത് ഈജിപ്തിൽ നിന്നുള്ള മോചനത്തിലാണ്. എന്തിനാണ് ദൈവം ഇതു ചെയ്തത് എന്ന ചോദ്യം ഉത്തരമില്ലാതെ നില്ക്കുന്നു. വിമോചിപ്പിക്കാനുള്ള തീരുമാനം ഇങ്ങനെയാണ് ദൈവം പ്രകടമാക്കുന്നത്:

*ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ*
*ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം*

*അവരിൽനിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു... അവരെ മോചിപ്പിക്കാനും... അവരെ നയിക്കാനുമാണ് ഞാൻ ഇറങ്ങിവന്നിരിക്കുന്നത്* (പുറ 3:7,8)


ദൈവത്തിന് തന്റെ ജനത്തിന്റെ വേദന കണ്ടില്ലെന്ന ഭാവിക്കാനാകാത്തതുകൊണ്ടല്ലേ രക്ഷിക്കാൻ ഇറങ്ങിച്ചെല്ലുന്നത്? എങ്കിൽ എന്റേത്, രോദനം- ഈ രണ്ടുപദങ്ങൾ എന്തിനെന്ന ചോദ്യത്തിന് ഉത്തരമാണെന്നു വിചാരിക്കാം. പാപം ചെയ്ത് ഈ ജനം ദൈവത്തിന്റേതല്ലാതായി ത്തീർന്നാലോ? അപ്പോഴും ദൈവത്തിന്റെ കരുണാദ്രസ്നേഹം തണുത്തു പോകുന്നില്ല; കൂടുതൽ വാത്സല്യത്തോടെ തന്നിലേക്ക് അവരെ ചേർത്തു നിർത്തുകയേ ചെയ്യുന്നുള്ളു. ഉടമ്പടിക്കു ശേഷം അവിശ്വസ്തത കാട്ടിയ ജനത്തോടുള്ള പ്രതികരണം ഇതായിരുന്നു. "അവിടുന്നു ഇപ്രകാരം ഉദ്ഘോഷിച്ചുകൊണ്ട് അവന്റെ മുൻപിലൂടെ കടന്നുപോയി"

*കർത്താവു കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ. തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോടുകരുണകാണിക്കുന്നവൻ...*

(പുറ 34: 6-7)

പാപിയോടും കരുണയുള്ളവനാണെങ്കിലും ദൈവത്തിന്റെ മുമ്പിൽ അധർമ്മം നിസ്സാരമല്ല. അധർമ്മിയെ മൂന്നും നാലും തലമുറകൾ വരെ പ്രതികാരത്തോടെ ശിക്ഷിക്കുകയെന്നതും പഴയനിയമത്തിന്റെ പാവനമായ പ്രബോധനമാണ് (പുറ 34:7). എന്നാൽ അനുതപിക്കുന്ന പാപിയോടു കരുണ കാണിക്കാൻ ദൈവം താമസം വരുത്തുന്നില്ല എന്നതും വ്യക്തമായ പ്രബോധനമാണ്. ന്യായാധിപന്മാരുടെ പുസ്തകത്തിന്റെ ഘടനതന്നെ പാപവും അനുതാപവും ദൈവത്തിന്റെ കരുണയെന്ന ക്രമത്തിലുള്ളതാണ്. ഓരോ ന്യായാധിപന്റെയും വരവിനു മുൻപു ഇസ്രായേലിന്റെ അധർമ്മം വ്യക്തമായി കാണാം; അതിനു ദൈവം ശിക്ഷയും കൊടുക്കുന്നു, വിജാതീയർ ഇസ്രായേലിനെ പീഡിപ്പിക്കാൻ അനുവദിച്ചുകൊണ്ടാണത്. പീഡനത്തിന്റെ നടുവിൽ ഇസ്രായേൽ അനുതപിച്ച് കരുണയ്ക്കായ് കേഴുന്നു. ന്യായാധിപന്മാരെ അയച്ചു ശത്രുക്കളിൽ നിന്ന് അവരെ രക്ഷിക്കുന്നു. ഇവിടെ പ്രകടമാകുന്നത് അധർമ്മത്തിന്റെ ആവർത്തനം കണ്ടിട്ടും തണുത്തു പോകാത്ത

**ആഗസ്റ്റ് 6**
**മെത്രാഭിഷേക വാർഷികം**



**അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് പിതാവിന് മെത്രാഭിഷേക വാർഷികത്തിന്റെ പ്രാർത്ഥനാശംസകൾ**

**ആഗസ്റ്റ് 15**
**മെത്രാഭിഷേക വാർഷികം**



**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായ്ക്ക് മെത്രാഭിഷേക വാർഷികത്തിന്റെ പ്രാർത്ഥനാശംസകൾ**

ദൈവത്തിന്റെ ആർദ്രകരുണയാണ്. എന്നാൽ ഈ ആർദ്രതയ്ക്ക് ഒരു ലക്ഷ്യമുണ്ട്. പാപി പാപത്തിൽ നിന്നും പിന്തിരിയണം. ദൈവത്തിന്റെ കരുണ അധർമ്മത്തെ നിസാരമാക്കുകയല്ല; ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. തന്നോടു ചേർത്തു നിർത്താനാണ് ദൈവം കരുണ കാണിക്കുന്നത്. ഇസ്രായേലിനോടു ഹൃദ്യമായി സംസാരിക്കാൻ സാധിക്കണം എന്നതാണ് ശിക്ഷയുടെ അത്യന്തിക ലക്ഷ്യം. ഹോസിയ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നു:

*ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേയ്ക്കു കൊണ്ടുവരും; അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും. അവിടെ വച്ച് ഞാൻ അവൾക്ക് അവളുടെ മുന്തിരിത്തോട്ടങ്ങൾ നല്കും* (ഹോസി. 2:14,15)

വിജനപ്രദേശത്തേക്ക് കൊണ്ടു വരുകയെന്നാൽ ശിക്ഷിക്കുകയെന്നാണർത്ഥം. മുന്തിരിത്തോട്ടങ്ങൾ നല്കുകയെന്നാൽ സമൃദ്ധിയുണ്ടാക്കുകയെന്നും. രണ്ടിനുമിടയിൽ ദൈവത്തിന്റെ ലക്ഷ്യം എന്തെന്ന് പറഞ്ഞിരിക്കുന്നു- അവളോടു ഹൃദ്യമായി സംസാരിക്കുക. അതാണ് ജീവൻ- ദൈവത്തോടുള്ള സംസർഗ്ഗമാണ് ജീവൻ. ശിക്ഷയും രക്ഷയും ഈ അത്യന്തിക ലക്ഷ്യം സാധിക്കുന്നതിനു വേണ്ടിയാണ്. അതുകൊണ്ടാണ് ഒരു തിരഞ്ഞെടുപ്പ് അത്യാവശ്യമായപ്പോൾ ദാവീദു പറഞ്ഞത്:

*ഞാൻ വലിയ വിഷമത്തിലായിരിക്കുന്നു. കർത്താവിന്റെ കരം തന്നെ നമ്മുടെമേൽ പതിച്ചു കൊള്ളട്ടെ. എന്തെന്നാൽ അവിടുന്നു അതിദയാലുവാണല്ലോ. എന്നാൽ ഞാൻ മനുഷ്യരുടെ പിടിയിൽ അകപ്പെടാതിരിക്കട്ടെ*

(2 സാമു 24:14)

കരുണാർദ്രസ്നേഹം കാണിക്കുന്ന ദൈവം അത് അനുഭവിക്കുന്നവർ മറ്റുള്ളവരോടു ഈ മനോഭാവം പാലിക്കണമെന്ന് ആഗ്രഹിക്കുന്നു.

*നീതി പ്രവർത്തിക്കുക, കരുണകാണിക്കുക, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്*

(മിക്ക 6:8)

അതിനാൽ ഏതൊരു പരിത്യാഗ പ്രവൃത്തിയേക്കാൾ ഉന്നതമായ സ്ഥാനം കരുണയ്ക്കു നല്കിയിരിക്കുന്നു:

*ദുഷ്ടതയുടെ കെട്ടുകൾ പൊട്ടുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലോ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം*

(ഏശ 58:6)

കരുണ ദൈവത്തിന്റെ ഒരു ഗുണവിശേഷമല്ല; ഗുണവിശേഷങ്ങളുടെ ആകെത്തുകയാണ്. അതിനാൽ ദൈവത്തിന്റെ കരുണയെന്നാൽ ദൈവമാകുന്ന കരുണയെന്നാണർത്ഥം. ഇത് അനുഭവിച്ചവർ മനുഷ്യഭാഷയിൽ അതുകുറിക്കാൻ ചെയ്യുന്ന പരിശ്രമമാണ് പഴയനിയമം മുഴുവൻ. ഭാഷ (വചനം) പുതിയനിയമത്തിൽ മനുഷ്യനായതിന്റെ ലക്ഷ്യവും മറ്റൊന്നല്ല.

●


## പുനരൈക്യ വാർഷികാഘോഷ ഗായകസംഘം

85-ാം പുനരൈക്യ വാർഷികാഘോഷത്തോടനുബന്ധിച്ച് തിരുവല്ലായിൽ നടക്കുന്ന ആഘോഷങ്ങളുടെ ഭാഗമായുള്ള വിവിധ തിരുക്കർമ്മങ്ങൾക്കായി 85 അംഗ ഗായകസംഘത്തെ ഒരുക്കുന്നു. ഗായകസംഘത്തിലേക്ക് അതിരൂപതയിലെ സമീപമേഖലകളിൽ നിന്നും ഇടവകകളിൽ നിന്നുമുള്ള ഗായകസംഘങ്ങളെ ക്ഷണിക്കുന്നു. ഗായകസംഘത്തിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർ വികാരിയച്ചന്റെ കത്തുമായി എത്തിച്ചേരണം. ഒരു ഇടവകയിൽ നിന്ന് പരമാവധി 3 പേർ മാത്രം(പുരുഷനും സ്ത്രീയും ഉൾപ്പടെ) പ്രായം 15നും 40നും മദ്ധ്യേ. പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന തീയതികളിൽ നടക്കുന്ന പരിശീലനത്തിൽ നിർബന്ധമായും പങ്കെടുക്കണം.

സെപ്റ്റംബർ 12 ശനി -9.30 മുതൽ
(ശാന്തിനിലയം, തിരുവല്ല)

സെപ്റ്റംബർ 13 ഞായർ -2.30 മുതൽ
(ശാന്തിനിലയം, തിരുവല്ല)

സെപ്റ്റംബർ 18 വെള്ളി - 3.00 മുതൽ
(ശാന്തിനിലയം, തിരുവല്ല)

***കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക:***
***ഫാ. ഡോ. ഐസക് പറപ്പള്ളിൽ***
***9447968087***



**കാരുണ്യമാണ് സഭയുടെ അജപാലനശുശ്രൂഷയുടെ മർമ്മം. ഇതിനു കാരണം യേശുവിന്റെ ദൗത്യം തന്നെയാണ് സഭയിലൂടെ ഇന്നും തുടരുന്നത് എന്നതാണ്. മാർപാപ്പാ ഇപ്രകാരം പറയുന്നു: സഭയുടെ അജപാലന പ്രവർത്തനങ്ങൾ മുഴുവനും വിശ്വാസികളോടു കാണിക്കുന്ന കരുണയുടേതായിരിക്കണം. അവളുടെ പ്രഘോഷണത്തിലും ലോകത്തിനു നല്കുന്ന സാക്ഷ്യത്തിലും കാരുണ്യമില്ലാത്തതായി ഒന്നുമുണ്ടായിരിക്കരുത്.**

# പിതാവിനെപ്പോലെ കരുണയുള്ളവരാകുക




**ഫാ. വർഗീസ് വള്ളിക്കാട്ട്**
KCBC,
DEPUTY SECRETARY


**2015** ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെയുള്ള ഒരു വർഷക്കാലം "കാരുണ്യത്തിന്റെ അസാധാരണ ജൂബിലി"വർഷമായി ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു. 2015 ഏപ്രിൽ 11-ന് ദൈവകാരുണ്യ ഞായറാഴ്ച (Divine Mercy Sunday) യ്ക്കൊരുക്കമായി നടത്തിയ ജാഗരണ പ്രാർത്ഥനയോടനുബന്ധിച്ചാണ് മാർപാപ്പാ ഈ പ്രഖ്യാപനം നടത്തിയത്. "കാരുണ്യത്തിന്റെ മുഖം" (Misericordiae Vultus) എന്ന ഔദ്യോഗിക പ്രഖ്യാപനരേഖയിലൂടെ ജൂബിലിയാചരണത്തിന്റെ ദൈവശാസ്ത്രപരവും അജപാലനപരവുമായ മാർഗരേഖ സഭയ്ക്കു നല്കുകയും ചെയ്തു. 24 നമ്പറുകളിൽ ക്രോഡീകരിച്ചിരിക്കുന്ന രേഖയിലൂടെ സഭയുടെ ജീവിതത്തിൽ കാരുണ്യത്തിനുള്ള പ്രഥമസ്ഥാനം മാർപാപ്പാ ഊന്നിപ്പറയുന്നു.

പരിശുദ്ധ ത്രിത്വത്തിന്റെ ഹൃദയത്തിൽ നിന്ന് – ദൈവിക രഹസ്യത്തിന്റെ ആഴങ്ങളിൽ നിന്ന്-പൊട്ടിപ്പുറപ്പെടുകയും നിരന്തരം നിറഞ്ഞൊഴുകുകയും ചെയ്യുന്ന കാരുണ്യത്തിന്റെ നദി (cf. No. 24), പിതാവായ ദൈവം തന്റെ ഏകപുത്രനിലൂടെ നമ്മിലേക്ക് ചൊരിഞ്ഞതുപോലെ, നാമും പരസ്പരം ഔദാര്യപൂർവം ദയ കാണിക്കണമെന്നതാണ് ഈ രേഖയുടെ പ്രധാന പ്രമേയം. "ദൈവകാരുണ്യം എന്ന രഹസ്യത്തെക്കുറിച്ച് ധ്യാനിക്കുന്നതിനും, നമ്മൾ പാപികളാണെങ്കിലും എന്നേക്കും സ്നേഹിക്കപ്പെടുന്നു എന്ന പ്രത്യാശയിലേക്ക് നമ്മുടെ ഹൃദയങ്ങളെ തുറക്കുന്നതിനും, യേശുക്രിസ്തുവിലൂടെ മനുഷ്യവർഗത്തിനു നല്കപ്പെട്ട ദൈവകാരുണ്യത്തിന് കൂടുതൽ പ്രബലവും കൂടുതൽ കാര്യക്ഷമവുമായ സാക്ഷ്യം നല്കുന്നതിനു" (cf. Nos. 2, 3) മുള്ള സമയമാ

ണിതെന്ന് മാർപാപ്പാ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു.

## ദൈവശാസ്ത്രദർശനം

തികച്ചും ക്രിസ്തുകേന്ദ്രീകൃതമാണ് ഈ രേഖ. "യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖമാണ്" എന്ന സുവിശേഷ സാരസർവസ്വം ഉയർത്തിക്കാണിച്ചുകൊണ്ടാണ് പരിശുദ്ധ പിതാവ് തന്റെ പ്രഖ്യാപനത്തിന് നാന്ദി കുറിക്കുന്നത്. പഴയനിയമത്തിൽ ഇസ്രായേലിന്റെ ചരിത്രത്തിലൂടെ ദൈവം തന്റെ കരുണ വെളിപ്പെടുത്തുന്നു. ദൈവവുമായുള്ള ഇസ്രായേലിന്റെ സവിശേഷബന്ധത്തെ രക്ഷാകരമാക്കിത്തീർക്കുന്ന ദൈവകാരുണ്യം, നസ്രത്തിലെ യേശുവിൽ സജീവവും ദൃശ്യവുമായിത്തീർന്നു. യേശുക്രിസ്തുവിൽ വെളിപ്പെട്ട കാരുണ്യപൂർണതയിലൂടെയാണ് ദൈവം മനുഷ്യപാപങ്ങളുടെ ഗൗരവം നേരിട്ടതും അതിനോട് പ്രത്യുത്തരിച്ചതും (No. 3).

നിയമംകൊണ്ടുള്ള നീതിയിൽ ശിക്ഷണം നല്കി ഇസ്രായേലിനെ നയിച്ച ദൈവം, തന്റെ പുത്രനിലൂടെ സ്നേഹംകൊണ്ട് മനുഷ്യവർഗത്തെ മുഴുവൻ വിസ്മയിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്തു. ഇസ്രായേലുമായുള്ള ബന്ധത്തിൽ, ദൈവത്തിന്റെ കാരുണ്യം അമൂർത്തമായ ഒരാശയമല്ല, മൂർത്തമായ ഒരു യാഥാർത്ഥ്യമാണ്. "ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും" (സങ്കീ 147:3), മർദിതർക്കു നീതി നടത്തിക്കൊടുക്കുകയും വിശക്കുന്നവർക്ക് ഭക്ഷണം നല്കുകയും, ബന്ധിതരെ മോചിപ്പിക്കുകയും അന്ധരുടെ കണ്ണുകൾ തുറക്കുകയും, പരദേശികളെ പരിപാലിക്കുകയും അനാഥരെയും വിധവകളെയും സംരക്ഷിക്കുകയും (സങ്കീ 146:7-9) ചെയ്യുന്ന "അവിടത്തെ കാരുണ്യം അനന്തമാണ്" (സങ്കീ 136) എന്ന് സങ്കീർത്തകൻ നിരന്തരം ഉദ്ഘോഷിക്കുന്നു. ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള വിമോചനത്തിലും സീനായ് മലയിലെ ഉടമ്പടിയിലും വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയിലും, ന്യായാധിപന്മാരെയും രാജാക്കന്മാരെയും പ്രവാചകന്മാരെയും നിയോഗിക്കുന്നതിലും വാഗ്ദാനപേടകത്തിലെയും ദൈവാലയത്തിലെയും വിശുദ്ധ സാന്നിധ്യത്തിലുമെല്ലാം വെളിപ്പെടുന്നത് ദൈവത്തിന് തന്റെ ജനത്തോടുള്ള അനന്തമായ കാരുണ്യമാണ്.

യേശുക്രിസ്തുവിൽ മനുഷ്യരൂപമെടുത്ത ഈ അനന്തകാരുണ്യമാണ് മനുഷ്യരക്ഷയുടെ അടിസ്ഥാനമെന്ന് മാർപാപ്പാ ഊന്നിപ്പറയുന്നു. യേശുക്രിസ്തുവിൽ ദൃശ്യവും സ്പർശനീയവുമായ പിതാവിന്റെ സ്നേഹ-കാരുണ്യമാണ് "ദൈവം സ്നേഹമാകുന്നു" (1 യോഹ 4:8,16) വെന്നു സാക്ഷ്യപ്പെടുത്താൻ യോഹന്നാനെ പ്രേരിപ്പിച്ചത്. യേശുവിന്റെ പ്രഘോഷണവും ശുശ്രൂഷയും ഈ രഹസ്യം വെളിപ്പെടുത്തുന്നതായിരുന്നു.

'ക്ഷമാശീലനും കാരുണ്യവാനു'മായ ദൈവം തന്റെ പുത്രന്റെ കുരിശിലൂടെ കാരുണ്യത്തിലും ക്ഷമയിലും സ്വശക്തി സർവോപരി വെളിപ്പെടുത്തുകയും (cf. No. 6) മനുഷ്യവർഗത്തോടുള്ള കരുണാപൂർണത മൂർത്തമായി തെളിയിക്കുകയും ചെയ്തു. പാപപ്പൊറുതിയും എല്ലാ പാപികളുടെയും വീണ്ടെടുപ്പും യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവകാരുണ്യത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, പാപപങ്കിലമായ മനുഷ്യവർഗത്തിനു നല്കപ്പെട്ട പിതാവിന്റെ കൃപയാണ്, സ്നേഹമാണ് പുത്രൻ. പിതാവിന്റെ സഹതാപപൂർണമായ സ്നേഹവും കരുണയും അനുകമ്പയും ക്ഷമയും യേശുവിന്റെ മുഖത്ത് തെളിയുന്നു. ദൈവകാരുണ്യത്തിന്റെ ആഴങ്ങളിൽ സുവിശേഷത്തിന്റെയും നമ്മുടെ വിശ്വാസത്തിന്റെയും കേന്ദ്രം കണ്ടെത്തുന്നതിന് യേശുവിന്റെ മുഖം ധ്യാനിക്കാൻ പാപ്പാ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. സഭാമക്കളേവരും ദൈവത്തിന്റെ നന്മയും കരുണയുമായി മറ്റുള്ളവരിലേക്ക് കടന്നുചെല്ലുന്നതിനു വേണ്ടിയാണിത്. "പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ" (ലൂക്ക 6:36) എന്ന ആഹ്വാനം പ്രാവർത്തികമാക്കിക്കൊണ്ടുവേണം അങ്ങനെ ചെയ്യാനെന്നും അനുസ്മരിപ്പിക്കുന്നു. കാരുണ്യത്തിന്റെ ഈ കവിഞ്ഞൊഴുകൽ ദൈവരാജ്യം നമ്മുടെ ഇടയിൽ സംജാതമായിക്കഴിഞ്ഞുവെന്നതിന്റെ അടയാളവും സാക്ഷ്യവുമായരിക്കും. ദൈവത്തിന്റെ കാരുണ്യം ജീവിതത്തിൽ അനുഭവിക്കാൻ കഴിയുക എന്നതു തന്നെയാണ് സുവിശേഷത്തിന്റെ ആനന്ദം! ഇത് എല്ലാവരിലേക്കും എത്തിക്കുക എന്ന ദൗത്യമാണ് സഭയ്ക്കുള്ളത്.

## കാരുണ്യം സഭയുടെ അജപാലനശുശ്രൂഷയിൽ

കാരുണ്യമാണ് സഭയുടെ അജപാലനശുശ്രൂഷയുടെ മർമ്മം. ഇതിനു കാരണം യേശുവിന്റെ ദൗത്യം തന്നെയാണ് സഭയിലൂടെ ഇന്നും തുടരുന്നത് എന്നതാണ്. മാർപാപ്പാ ഇപ്രകാരം പറയുന്നു: "സഭയുടെ അജപാലന പ്രവർത്തനങ്ങൾ മുഴുവനും വിശ്വാസികളോടു കാണിക്കുന്ന കരുണയുടേതായിരിക്കണം. അവളുടെ പ്രഘോഷണത്തിലും ലോകത്തിനു നല്കുന്ന സാക്ഷ്യത്തിലും കാരുണ്യമില്ലാത്തതായി ഒന്നുമുണ്ടായിരിക്കരുത്. സഭയുടെ വിശ്വാസ്യത തന്നെ കാണപ്പെടുന്നത് എങ്ങനെ കാരുണ്യവും കരുണാപൂർണമായ സ്നേഹവും പ്രദർശിപ്പിക്കുന്നുവെന്നതിലാണ്" (No. 10). അജപാലന രംഗത്തു സഭ പുലർത്തണമെന്ന് പാപ്പാ നിർദേശിക്കുന്ന ഈ മാനദണ്ഡം വെല്ലുവിളി ഉയർത്തുന്നതാണ്. അതിനു കാരണം, നിയമാനുസരണത്തിലൂടെയുള്ള നീതിയെക്കാൾ സഭയിൽ പുലരേണ്ടത് ക്ഷമിക്കുകയും നവജീവൻ നല്കുകയും ചെയ്യുന്ന പിതാവിന്റെ കരുണയാണ് എന്നതുതന്നെ. ഈ കരുണയിലുള്ള വിശ്വാസമാണ് കൃപയുടെയും ക്ഷമയുടെയും മാർഗമെന്ന് വിശുദ്ധ പൗലോസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്: "നിയമത്തിന്റെ അനുഷ്ഠാനത്തിലൂടെയല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നതെന്ന് നമുക്കറിയാം. നിയമാനുഷ്ഠാനം വഴിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം വഴി നീതീകരിക്കപ്പെടേണ്ടതിനാണ് നാം തന്നെയും യേശുക്രിസ്തുവിൽ വിശ്വസിച്ചത്.

എന്തെന്നാൽ നിയമാനുഷ്ഠാനം വഴി ഒരുവനും നീതീകരിക്കപ്പെടുകയില്ല" (ഗലാ 2:16). നിയമാനുഷ്ഠാനത്തിന്റെ പേരിൽ പിതാവിന്റെ കാരുണ്യത്തെ തകർത്ത ഫരിസേയരെയും നിയമജ്ഞരെയും യേശു നേരിട്ടത്, "ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്" (ഹോസി 6:6) എന്ന പ്രവാചകവചനം കൊണ്ടാണ് എന്ന് പാപ്പാ ചൂണ്ടിക്കാണിക്കുന്നു (No. 20).

സഭയുടെ അജപാലനശുശ്രൂഷയിൽ കരുണയെക്കാൾ നിയമവും പെരുമാറ്റച്ചട്ടങ്ങളും മേൽക്കൈ നേടുന്നത് ക്രിസ്തുവിന്റെ കരുണ കണ്ടെത്തുന്നതിൽ നിന്ന് അനേകരെ അകറ്റിനിറുത്തുന്നു എന്ന ധ്വനി പാപ്പായുടെ വാക്കുകളിലുള്ളതായി തോന്നുന്നു. നീതി നടപ്പാക്കാനുള്ള വ്യഗ്രതയിൽ കാരുണ്യം നിഷേധിക്കാതിരിക്കാൻ അജപാലകർക്കുള്ള മുന്നറിയിപ്പായി വേണം ഇതിനെ കാണാൻ. നീതിയും കാരുണ്യവും തമ്മിലുള്ള ബന്ധത്തെ പാപ്പാ ആഴത്തിൽ വിശകലനം ചെയ്യുന്നുണ്ട്. കാരുണ്യം നീതിക്കു വിരുദ്ധമല്ല. എന്നാൽ കാരുണ്യം നീതിക്കുമപ്പുറം പോകുന്നു എന്ന് പാപ്പാ വ്യക്തമാക്കുന്നുണ്ട്. യഥാർത്ഥ നീതിയുടെ അടിസ്ഥാനം നിയമമല്ല; സ്നേഹമാണ്, കാരുണ്യമാണ്, ക്ഷമയാണ്. വിശ്വസിക്കുന്നവനെ നീതികരിക്കുന്നത് ദൈവത്തിന്റെ അനന്തമായ കാരുണ്യമാണ്. "തെറ്റു ചെയ്യുന്ന ആരും അതിനു പരിഹാരം ചെയ്യണം. എന്നാൽ ഇത് മാനസാന്തരത്തിന്റെ തുടക്കം മാത്രമാണ്, അവസാനമല്ല" (No. 21)എന്ന് മാർപാപ്പാ പറയുന്നു. നിയമം ആദരിക്കപ്പെടണം. എന്നാൽ യഥാർത്ഥനീതി നടപ്പാകണമെങ്കിൽ കാരുണ്യത്തിലൂടെയുള്ള വീണ്ടെടുപ്പ് നടക്കണം. ചുരുക്കത്തിൽ, പാപിയെ വെറുക്കുകയും പാപത്തെ സ്നേഹിക്കുകയും ചെയ്യുന്ന കപടധാർമ്മികതയല്ല സഭയുടെ അജപാലനശുശ്രൂഷയിൽ പ്രകടമാകേണ്ടത് എന്നു സാരം. നേരേ തിരിച്ചാണ് വേണ്ടത്. ക്രിസ്തു പാപിയെ സ്നേഹിക്കുകയും പാപത്തെ പരാജയപ്പെടുത്തുകയുമാണല്ലോ ചെയ്തത്.

സുവിശേഷങ്ങളിലെ യേശുവിനെപ്പോലെ സഭയിലെ അജപാലകർ കരുണയ്ക്ക് ഒന്നാംസ്ഥാനം നല്കണം. നഷ്ടപ്പെട്ട പുത്രന്റെ തിരിച്ചുവരവിനു വേണ്ടി കാത്തിരിക്കുന്ന പിതാവിന്റെയും, നഷ്ടപ്പെട്ട ആടിനെ തേടിയിറങ്ങുന്ന നല്ല ഇടയന്റെയും, നഷ്ടപ്പെട്ട നാണയം കണ്ടെത്തുവോളം വീട്ടിനുള്ളിലുള്ള ഭാരം കൂടിയതും കുറഞ്ഞതുമായ ഓരോ വസ്തുവും എടുത്തുമാറ്റി, തൂത്തുവാരി അന്വേഷണം തുടർന്നു കൊണ്ടിരിക്കുന്ന സ്ത്രീയുടെയും ഹൃദയവും അദ്ധ്വാനവും സ്വന്തമാക്കാൻ അത് അജപാലകരെ ആഹ്വാനം ചെയ്യുന്നു. ഒരു മനോഭാവമെന്നനിലയിൽ മാത്രമല്ല, സഭയുടെ അജപാലനപദ്ധതിയും പ്രായോഗിക പരിപാടികളുമായി അത് രൂപപ്പെടുകകൂടി വേണം. ഓരോ രൂപതയും ഈ ലക്ഷ്യത്തോടെയുള്ള അജപാലനപദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കണമെന്നതാണ് കാരുണ്യവർഷത്തിന്റെ പ്രേഷിത ദൗത്യം. ഇത് അജപാലകർക്കു മാത്രമുള്ള ദൗത്യമല്ല. മാമോദീസ സ്വീകരിച്ച എല്ലാവരുടെയും കടമയും കർത്തവ്യവുമാണ്.

*കർത്താവായ ഈശോയേ, സ്വർഗ്ഗീയ പിതാവ് കരുണാർദ്രനായിരിക്കുന്നതുപോലെ കരുണയുള്ളവനായിരിക്കുവാനും നിന്നെ കാണുന്നവർ പിതാവിനെതന്നെയാണ് കാണുന്നതെന്നും ഞങ്ങളെ പഠിപ്പിച്ചുവല്ലോ. നിന്റെ തിരുമുഖം ഞങ്ങൾക്കു കാണിച്ചുതരണമേ. അങ്ങനെ ഞങ്ങൾ രക്ഷപ്രാപിക്കട്ടെ.*

*നിന്റെ കാരുണ്യകടാക്ഷമാണ് സക്കേവൂസിനേയും മത്തായിയേയും സമ്പത്തിന്റെ അടിമത്തത്തിൽ നിന്നും, മഗ്ദലനമറിയത്തെ സൃഷ്ടവസ്തുക്കളിലുള്ള സന്തോഷത്തിൽ*



**കാരുണ്യവർഷ പ്രാർത്ഥന**

## കാരുണ്യവർഷ അനുഷ്ഠാനം

### 1. കാരുണ്യത്തിന്റെ വിശുദ്ധകവാടം തുറക്കുക

2015 ഡിസംബർ 08-ാം തീയതി അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസം റോമിലെ വിശുദ്ധ പത്രോസിന്റെ ദൈവാലയത്തിൽ "കാരുണ്യത്തിന്റെ വിശുദ്ധകവാടം" തുറന്നുകൊണ്ടാണ് പാപ്പാ കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിന് തുടക്കം കുറിക്കുന്നത്. വിശ്വാസ തീർത്ഥാടനത്തിൽ ഏർപ്പെട്ടിരിക്കുന്ന സകല മനുഷ്യർക്കും നേരേ ദൈവം തന്റെ കരുണയുടെ വാതിൽ സദാ തുറന്നു വച്ചിരിക്കുന്നു എന്നതിന്റെ അടയാളവും യേശുക്രിസ്തുവാകുന്ന യഥാർത്ഥ വാതിലിലൂടെ പിതാവിന്റെ ഭവനത്തിലേക്ക് പ്രവേശിക്കുന്നതിന് സകല മനുഷ്യർക്കുമുള്ള ക്ഷണവും സൂചിപ്പിക്കുന്നതിനു വേണ്ടിയാണ് ഇത്. വിശുദ്ധ പത്രോസിന്റെ ദൈവാലയം കൂടാതെ റോമിലെ പ്രധാന ബസിലിക്കകളി

*നിന്നും മോചിപ്പിച്ചത്. അനുതാപിയായ കേപ്പായെ നീ സ്വീകരിച്ചു. പശ്ചാത്തപിച്ച കള്ളന് നീ പറുദീസാ വാഗ്ദാനം ചെയ്തു. ദൈവികദാനം എന്തെന്ന് അറിഞ്ഞിരുന്നെങ്കിൽ, എന്ന് നീ സമരിയക്കാരി സ്ത്രീയോടു ഉരുവിട്ട ആ വചനം ഞങ്ങളും ശ്രവിക്കട്ടെ!നീ അദൃശ്യനായ പിതാവിന്റെ ദൃശ്യരൂപമാണല്ലോ. ക്ഷമിക്കുന്നതിലും കരുണ കാണിക്കുന്നിലുമാണ് നിന്റെ സർവ്വ ശക്തിയും അടങ്ങിരിക്കുന്നത്. ഉത്ഥിതനായ മിശിഹായുടെ മുഖകാന്തി ലോകത്ത് ദൃശ്യമാക്കുവാൻ നിന്റെ സഭയെയും യോഗ്യമാക്കണമേ. അജ്ഞരും വഴിതെറ്റിയവരുമായവരോട് കരുണ കാണിക്കുവാൻ ബലഹീനരെതന്നെയാണല്ലോ നിന്റെ ശുശ്രൂഷകരായി വിളിച്ചിരിക്കുന്നത്. അവരെ സമീപിക്കുന്ന സകലർക്കും ദൈവത്തിന്റെ കരുണയും സ്നേഹവും ലഭ്യമാകട്ടെ. കർത്താവേ, കാരുണ്യത്തിന്റെ വിശുദ്ധാവസരത്തിൽ നിന്റെ പരിശുദ്ധരൂപിയെ അയച്ച് ഞങ്ങളെ അഭിഷേചിക്കണമേ. അങ്ങനെ നിന്റെ തിരുസഭ നവീകൃതയായി നവോന്മേഷത്തോടെ എളിയവർക്കു സുവിശേഷവും, ബന്ധിതർക്ക് മോചനവും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും അന്ധർക്ക് കാഴ്ചയും നല്കുമാറാകട്ടെ. കാരുണ്യത്തിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയം വഴി നിത്യം ജീവിക്കുകയും വാഴുകയും ചെയ്യുന്ന പിതാവിനും പരിശുദ്ധറൂഹായ്ക്കും ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു. ആമ്മേൻ.*

ലും, (സെന്റ് ജോൺ ലാറ്ററൻ, സെന്റ് മേരി മേജർ, സെന്റ് പോൾ ) തുടർന്നു വരുന്ന ഞായറാഴ്ചകളിൽ ഇപ്രകാരം വാതിലുകൾ തുറക്കപ്പെടും. കൂടാതെ, ലോകം മുഴുവനിലുമുള്ള എല്ലാ രൂപതകളിലും പ്രധാന ദൈവാലയങ്ങളിലും, ആവശ്യമെങ്കിൽ മറ്റു തീർത്ഥാടന ബസിലിക്കകളിലും ഇപ്രകാരം ചെയ്യാൻ മാർപാപ്പാ മെത്രാന്മാരെ അഹ്വാനം ചെയ്യുന്നു. ആശ്വാസവും ക്ഷമയും പ്രത്യാശയും പകരുന്ന ദൈവസ്നേഹത്തിലൂടെ ദൈവജനം മാനസാന്തരത്തിലേക്കുള്ള മാർഗ്ഗം കണ്ടെത്തുന്നതിനും കൃപാവരത്തിന്റെയും ആദ്ധ്യാത്മിക നവീകരണത്തിന്റെയും അനുഭവം അവർ അവിടെ കണ്ടെത്തുന്നതിനും വേണ്ടിയാണിത്.

## 2. ദൈവവചനധ്യാനം

കാരുണ്യവർഷത്തെ അജപാലന പരിപാടികളിൽ മുഖ്യ ഇനം ദൈവവചനം ശ്രവിക്കുക, ധ്യാനിക്കുക, അങ്ങനെ കാരുണ്യം ജീവിതശൈലിയാക്കി മാറ്റുന്നതിന് ആത്മാർത്ഥ ശ്രമം നടത്തുക എന്നതായിരിക്കണമെന്ന് (No. 13) പാപ്പാ നിർദ്ദേശിക്കുന്നു.

## 3. തീർത്ഥാടനം നടത്തുക

റോമിലോ സ്വന്തം രൂപതയിലോ ലോകത്തെവിടെയെങ്കിലുമോ ഉള്ള വിശുദ്ധകവാടത്തിലേക്ക് അവരവരുടെ കഴിവും സാഹചര്യവും അനുവദിക്കുന്നതിനനുസരിച്ച് തീർത്ഥാടനം നടത്തുക: "കരുണയെന്നത് എത്തിച്ചേരേണ്ട ഒരു ലക്ഷ്യമാണെന്നും അതിനു സമർപ്പണബുദ്ധിയും ത്യാഗവും ആവശ്യമാണെന്നു കാണിക്കുന്ന അടയാളവും മാനസാന്തരത്തിനുള്ള പ്രചോദനവുമായിരിക്കും അത്" (No. 14). ദൈവത്തിന്റെ കരുണ ആശ്ലേഷിക്കാനും മറ്റുള്ളവരോടു കരുണ കാണിക്കാനുമുള്ള ആത്മീയബലം നേടുക എന്നതാണ് തീർത്ഥാടനത്തിന്റെ ലക്ഷ്യം.

## 4. കാരുണ്യപ്രവൃത്തികൾ ചെയ്യുക

സഭയുടെയും സമൂഹത്തിന്റെയും ഏറ്റവും അരികുകളിലുള്ളവരിലേക്ക് ഹൃദയം തുറക്കുക (No. 15)യും അവരിലേക്ക് എത്തിച്ചേരുകയും ചെയ്യുക: "ദരിദ്രരോട് ആശ്വാസത്തിന്റെ ഒരു വാക്കും പെരുമാറ്റവുമുണ്ടായിരിക്കുക. ആധുനിക സമൂഹത്തിലെ അടിമത്തത്തിന്റെ പുതിയ രൂപങ്ങളാൽ ബന്ധിതരായവരോട് സ്വാതന്ത്ര്യം പ്രഖ്യാപിക്കുക. സ്വാർത്ഥത്തിൽ മുഴുകിക്കഴിയുന്നതുകൊണ്ട് കാണാൻ പറ്റാത്തവർക്ക് കാഴ്ചശക്തി നല്കുക. അപഹരിക്കപ്പെട്ട മഹത്ത്വം ആളുകൾക്ക് പുനഃസ്ഥാപിച്ചുകൊടുക്കുക"(No. 16). ശാരീരികവും ആത്മീയവുമായ ജീവകാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പാപ്പാ എല്ലാ വിശ്വാസികളെയും ചുമതലപ്പെടുത്തിയിരിക്കുന്നു: വിശക്കുന്നവർക്ക് ഭക്ഷണവും ദാഹിക്കുന്നവർക്ക് പാനീയവും നല്കുക. നഗ്നരെ ഉടുപ്പിക്കുക, അപരിചിതരെ സ്വാഗതം ചെയ്യുക, രോഗികൾക്ക് സൗഖ്യമുണ്ടാക്കുക, ബന്ധനസ്ഥരെ സന്ദർശിക്കുക, മൃതരെ സംസ്കരിക്കുക എന്നിവയാണ് കാരുണ്യത്തിന്റെ ശാരീരിക പ്രവൃത്തികൾ. ഇവയോടൊപ്പം സംശയഗ്രസ്തരെ ഉപദേശിക്കുക, അജ്ഞരെ പഠിപ്പിക്കുക, പാപികൾക്കു മുന്നറിയിപ്പു നല്കുക, പീഡിതരെ ആശ്വസിപ്പിക്കുക, തെറ്റു ചെയ്തവരോട് ക്ഷമിക്കുക, ഉപദ്രവിക്കുന്നവരോട് സഹനശീലം പുലർത്തുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നീ ആദ്ധ്യാത്മിക ജീവകാരുണ്യ പ്രവൃത്തികളും അനുഷ്ഠിക്കാൻ പാപ്പാ എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്തിരിക്കുന്നു (No. 15).

## 5. നോമ്പാചരണം അർത്ഥപൂർണ്ണമാക്കുക

പാപ്പാ പറയുന്നു: "ജൂബിലി വർഷത്തിലെ നോമ്പുകാലം ദൈവകാരുണ്യത്തെ ആഘോഷിക്കാനും അനുഭവിക്കാനുമുള്ള സവിശേഷമായ നിമിഷമെന്ന നിലയിൽ കൂടുതൽ തീവ്രതയോടെ ജീവിക്കണം" (No. 17). ആന്തരികവും ബാഹ്യവുമായ അനുഷ്ഠാനങ്ങൾ നോമ്പിനെ അർത്ഥപൂർണ്ണമാക്കണം. നോമ്പുകാല ധ്യാനം അനുരഞ്ജന ശുശ്രൂ

ഷയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ളതായിരിക്കണം. നിയമം, നീതി, കരുണ, വിശ്വാസം എന്നിവ ധ്യാനവിഷയങ്ങളാകണം.

## 6. കർത്താവിനുവേണ്ടി 24 മണിക്കൂർ

വലിയ നോമ്പിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചയും ശനിയാഴ്ചയും 'കർത്താവിനുവേണ്ടി 24 മണിക്കൂർ' ശുശ്രൂഷ നടത്തി അനുതാപത്തിനും മാനസാന്തരത്തിനും അനുരഞ്ജന കൂദാശയ്ക്കും അവസരമൊരുക്കണമെന്ന് മാർപാപ്പാ പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു (No. 18). നമ്മുടെ ദേവാലയങ്ങളിൽ സ്ഥിരമായ കുമ്പസാരസമയം ഏർപ്പെടുത്താനും, സഭാമേലധ്യക്ഷന്മാർ വൈദികരോടും ജനങ്ങളോടുമൊപ്പം അനുരഞ്ജന കൂദാശ ആഘോഷിക്കാനും, അങ്ങനെ കുമ്പസാരം ഒരു ചടങ്ങാകാതെ സഭയുടെ സജീവ പ്രേഷിതവേദിയാക്കി മാറ്റാനും പാപ്പാ സഭാതനയരെ പ്രോത്സാഹിപ്പിക്കുന്നു.

## 7. അഴിമതിക്കും അക്രമത്തിനുമെതിരേ നിലപാടെടുക്കുക.

പാപകരമായ ജീവിതത്തിലൂടെ ദൈവകൃപയിൽ നിന്ന് അകന്നു ജീവിക്കുന്ന എല്ലാവരുടേയും, പ്രത്യേകിച്ച് അഴിമതിയിലും മാഫിയാ പ്രവർത്തനങ്ങളിലും ഉൾപ്പെട്ടിരിക്കുന്നവരുടേയും മാനസാന്തരത്തിനും തിരിച്ചുവരവിനും വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തനങ്ങളിലേർപ്പെടുകയും വേണമെന്ന് പാപ്പാ നിർദ്ദേശിക്കുന്നു (No. 19). ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവരോട് "അവരുടെതന്നെ നന്മയ്ക്കുവേണ്ടി അവരുടെ ജീവിതത്തിന് മാറ്റം വരുത്തണമെന്ന്" പാപ്പാ അഭ്യർത്ഥിക്കുന്നു. പൊതുനന്മയെ തകർക്കുന്ന അഴിമതിക്കെതിരേ മൂല്യാധിഷ്ഠിത നിലപാടെടുക്കാൻ ജനങ്ങളെ ഒരുക്കാനും പാപ്പാ നിർദ്ദേശിക്കുന്നു.

## 8. മതാന്തരസംവാദവും സൗഹൃദവും വളർത്തുക

ദൈവത്തിന്റെ കാരുണ്യം അനന്തമാണ്. അത് എല്ലാ അതിരുകളെയും അതിലംഘിക്കുന്നു. ദൈവകാരുണ്യത്തിന്റെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവരുടെ ദൈവാനുഭവത്തെയും മതജീവിതത്തെയും ആദരപൂർവം മനസ്സിലാക്കാനും വ്യത്യസ്തങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും പുലർത്തുന്നവരുമായി സൗഹൃദം വളർത്താനും (No. 23) മാർപാപ്പാ ഉദ്ദേശിക്കുന്നു.

## 9. ജൂബിലിവർഷ സമാപനം


2016 നവംബർ 20-ാം തീയതി ക്രിസ്തുരാജത്വത്തിരുനാനാൾ ദിവസം കൃതജ്ഞതാദിനമായി ആചരിച്ചുകൊണ്ടുവേണം കാരുണ്യവർഷത്തിന് സമാപനം കുറിക്കാൻ. കൃപാവരത്തിന്റെ ഒരസാധാരണ കാലഘട്ടം പ്രദാനം ചെയ്ത പരിശുദ്ധ ത്രിത്വത്തോടുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും, തുടർന്നും മനുഷ്യവർഗത്തിന്മേൽ പ്രഭാതമഞ്ഞുപോലെ അവിടത്തെ കാരുണ്യം വർഷിക്കാൻ അവിടത്തോടു പ്രാർത്ഥിച്ചുകൊണ്ടും, അന്നു നമ്മൾ സഭയുടെയും മനുഷ്യവംശം മുഴുവന്റെയും ജീവിതത്തെയും മുഴുവവൻ പ്രപഞ്ചത്തെയും ക്രിസ്തുവിന്റെ കർതൃത്വത്തിന് (No. 15)സമർപ്പിക്കണം. കൂടുതൽ ഭാസുരമായ ഒരു ഭാവിക്കുവേണ്ടി ഓരോ വ്യക്തിയും സഹകരിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് ഇതെന്നും മാർപാപ്പാ പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

## പ്രസക്തമായ ചില ഓർമ്മപ്പെടുത്തലുകൾ

2015 ഡിസംബർ 08 രണ്ടാം വത്തിക്കാൻ കൗൺസിൽ പൂർത്തിയാക്കിയതിന്റെ 50-ാം വാർഷികദിനം കൂടിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയുടെ അജപാലന സമീപനങ്ങളിൽ കൊണ്ടുവന്ന മാറ്റങ്ങളുടെ തുടർച്ചയെന്നനിലയിൽ, സുവിശേഷം പുതിയൊരു രീതിയിൽ പ്രഘോഷിക്കാൻ സമയമായിരിക്കുന്നു എന്ന് അത് സഭയെ ഓർമ്മിപ്പിക്കുന്നു. നവസുവിശേഷവത്കരണ ശ്രമങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടുവേണം ഓരോ രൂപതയും അജപാലനകർമ്മത്തിലേർപ്പെടാനെന്ന ആഹ്വാനമാണ് പരിശുദ്ധപിതാവ് നല്കുന്നത്.

മാമോദീസ സ്വീകരിച്ചവരെങ്കിലും ക്രിസ്തുശരീരമായ സഭയുമായി സജീവബന്ധം പുലർത്താതെയും വ്യക്തിപരവും നൈയ്യാമികവുമായ കാരണങ്ങളാൽ സഭാസംസർഗ്ഗവും കൗദാശികജീവിതവും ത്യജിച്ചും എന്നാൽ, ദൈവത്തിന്റെ കാരുണ്യവും യേശുക്രിസ്തുവിലൂടെ നല്കപ്പെട്ട രക്ഷയുടെ അനുഭവവും സഭാകൂട്ടായ്മയുടെ ഊഷ്മളതയും ആഗ്രഹിച്ചും കഴിയുന്ന 'നഷ്ടപ്പെട്ട ആടുകളെ' തേടിയിറങ്ങേണ്ട 'ദൈവകാരുണ്യത്തിന്റെ അസാധാരണ സന്ദർഭ'മാണിത്. അനുരഞ്ജനത്തിന്റെയും പുനഃസമാഗമത്തിന്റെയും ആനന്ദം പങ്കുവയ്ക്കാൻ 'കാരുണ്യത്തിന്റെ പ്രേഷിത'രെന്ന നിലയിൽ എല്ലാ സഭാതനയരെയും പാപ്പാ ആഹ്വാനം ചെയ്യുന്നു.

കരുണയെ സംബന്ധിക്കുന്ന പ്രബോധനം തന്റേതു മാത്രമായിട്ടല്ല ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഉദ്ഘാടനപ്രസംഗത്തിൽ വിശുദ്ധ ജോൺ 23-ാം



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കാരയ്ക്കൽ**

മാർപാപ്പാ നടത്തിയ പ്രസംഗത്തിലെ "ഇപ്പോൾ ക്രിസ്തുവിന്റെ മണവാട്ടി, ക്രൂരതയുടെ ആയുധങ്ങളെടുക്കുന്നതിനുപകരം 'കാരുണ്യത്തിന്റെ ഔഷധം' ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു....." (No. 4) എന്നു തുടങ്ങുന്ന വാക്കുകൾ പ്രത്യേകം അനുസ്മരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്ന് തന്റെ മുൻഗാമികൾ കാരുണ്യത്തിന്റെ ഈ ദർശനം എങ്ങനെ ഉയർത്തിപ്പിടിച്ചു എന്ന് പാപ്പാ ചൂണ്ടിക്കാട്ടുന്നു. കൗൺസി ലിന്റെ അവസാനത്തിൽ വാഴ്ത്തപ്പെട്ട പോൾ ആറാമൻ "എല്ലാ അവസ്ഥയിലും എല്ലാ ദൗർബല്യങ്ങളിലും ആവശ്യങ്ങളിലുമുള്ള മനുഷവംശത്തിന്റെ സേവനമാണ്" സഭയുടെ ലക്ഷ്യം എന്നു പ്രഖ്യാപിച്ചു (No. 4). വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1980-ൽ 'കരുണാസമ്പന്നൻ' (Dives in Misericordia) എന്ന തന്റെ രണ്ടാമത്തെ ചാക്രിക ലേഖനത്തിൽ കാരുണ്യമെന്ന പ്രമേയത്തെ ജീവിതത്തിൽ നിന്ന് ഒഴിവാക്കാനും മനുഷ്യഹൃദയത്തിൽനിന്ന് മാറ്റിക്കളയാനുമുള്ള ആധുനികലോകത്തിന്റെ പ്രവണതയ്ക്കെതിരേ മുന്നറിയിപ്പു നല്കി (No.11). കരുണയെക്കുറിച്ചുള്ള അടിയന്തരപ്രഘോഷണവും സാക്ഷ്യവുമുണ്ടാകണമെന്ന് അദ്ദേഹം നിർബന്ധപൂർവ്വം സഭയെ ഉപദേശിച്ചു. "ദൈവം സ്നേഹമാകുന്നു" (Deus Caritas Est) എന്ന ചാക്രികലേഖനത്തിലൂടെ ബെനഡിക്ട് 16-ാമൻ മാർപാപ്പാ, ദൈവം തന്റെ പുത്രനെ നല്കിക്കൊണ്ട് ആദ്യം നമ്മെ സ്നേഹിച്ചിരിക്കുന്നതിനാൽ സ്നേഹമെന്നത് പുത്രനെ കണ്ടുമുട്ടുന്നതിലും പിതാവിനോടുള്ള ബന്ധത്തിലുമാണ് നിലകൊള്ളേണ്ടത് എന്നു പറഞ്ഞു. പിതാവായ ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം യേശുക്രിസ്തുവിൽ നാം കണ്ടുമുട്ടുന്നു എന്ന് വ്യക്തമാക്കുകയും ചെയ്തു. തന്റെ മുൻഗാമികൾ പറഞ്ഞുവച്ചിടത്തുനിന്ന് ഫ്രാൻസിസ് പാപ്പാ, തുടങ്ങിയിരിക്കുന്നു. യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവകാരുണ്യത്തിന്റെ മുഖമായി മാറണം ഇന്നത്തെ ലോകത്തിൽ സഭ എന്നതാണ് 'കാരുണ്യത്തിന്റെ മുഖം' എന്ന രേഖയുടെ രത്നച്ചുരുക്കം.

**ഉപസംഹാരം**

ജീവിതം പരിവർത്തനം ചെയ്യിക്കാനുള്ള സമുചിതമായ നിമിഷം പ്രദാനം ചെയ്യുന്ന കാരുണ്യത്തിന്റെ സവിശേഷകാലഘട്ടമായി കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തെ കണക്കാക്കാം. ദൈവത്തിന്റെ കരുണ നമ്മെ തേടിയെത്തുകയും നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്യുമ്പോൾ, മാനസാന്തരത്തിനുള്ള ക്ഷണം സ്വീകരിക്കാനും നീതിക്ക് സ്വയം വിധേയരാകാനും സ്നേഹത്തിൽ രൂപാന്തരപ്പെട്ടവരാകാനും എല്ലാവരെയും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നു. മാപ്പും രക്ഷയും നല്കി നവജീവനിലേക്ക് ദൈവം നമ്മെ നയിക്കട്ടെ.




## MICFAST കോളേജിൽ അദ്ധ്യായനം ആരംഭിച്ചു

മല്ലപ്പള്ളി: തിരുവല്ലാ അതിരൂപതയിൽ എം.ജി യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി പുതുതായി ആരംഭിച്ച Mar Ivanios College for Advanced Studies (MICFAST) ന്റെ പ്രവർത്തനം ആരംഭിച്ചു. ചെങ്ങരൂർ കേന്ദ്രമാക്കി അനുമതി ലഭിച്ചിരിക്കുന്ന ഈ കലാലയം താൽക്കാലികമായി മല്ലപ്പള്ളി സെന്റ് ജോസഫ്സ് ക്യാമ്പസിലാണ് ആരംഭിച്ചിരിക്കുന്നത്. ജൂലൈ 23-ാം തീയതി മല്ലപ്പള്ളി സെന്റ് ജോസഫ്സ് ഐ. റ്റി. സി ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ ഈ വർഷത്തെ അദ്ധ്യായനത്തിന് തുടക്കം കുറിച്ചു. അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ്. റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ വികാരി ജനറാൾ മോൺ. ഡോ. ആന്റണി ചെത്തിപ്പുഴ അദ്ധ്യക്ഷത വഹിച്ചു. മല്ലപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മേരി തോമസും, ഡയറക്ടർ ഫാ. ഡോ. ഐസക് പറപ്പള്ളിൽ, പ്രിൻസിപ്പൽ പ്രൊഫ. ഏബ്രഹാം ജോർജ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് അധ്യാപകരും മാതാപിതാക്കളുമായുള്ള ഓറിയന്റേഷൻ ക്ലാസ്സ് പ്രൊഫ. പി.സി. അനിയൻകുഞ്ഞ് നയിച്ചു.

## മാർ തെയോഫിലോസ് ദിനാചരണം



തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായും പുണ്യശ്ലോകനുമായ അഭി. യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ ജനനത്തിന്റെ 125 വർഷങ്ങൾ പൂർത്തിയാകുന്ന ജൂൺ 26-ാം തീയതി അതിരൂപത വിപുലമായ രീതിയിൽ ആഘോഷിച്ചു. അഭി. പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നും ആരംഭിച്ച പദയാത്ര കബറിടത്തിലേത്തിച്ചേർന്നു. മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ അഭി. പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കുപ്പെട്ടു. അന്നേദിവസം 85-ാമത് പുനരൈക്യവുമായി ബന്ധപ്പെട്ട് അതിരൂപത ഏറ്റെടുത്തു നടത്തുന്ന കാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു.

# മായ്ക്കുവാനാകാത്ത പേര്




മുതിർന്നവർക്കു വേണ്ടിയുള്ള ഒരു ഈവനിംഗ് കോളേജിൽ സൈക്കോളജി അദ്ധ്യാപകൻ ക്ലാസെടുത്തുകൊണ്ടിരിക്കുകയായിരുന്നു. സായന്തനത്തിന്റെ ആലസ്യത്തിലേക്ക് വിണുപോയ വിദ്യാർഥികൾ ക്ലാസിൽ ശ്രദ്ധിക്കുന്നില്ലെന്നു മനസ്സിലാക്കിയ അദ്ധ്യാപകൻ അവരുടെ മാനസികോല്ലാസം കൂടിലാക്കാക്കി കൊണ്ട് പറഞ്ഞു. " നമുക്കൊരു ഗെയിം കളിച്ചാലോ?" "എന്ത് ഗെയിം?" എല്ലാവരും ആകാംഷയോടെ ചോദിച്ചു. "കാർത്തിക എഴുന്നേറ്റു വരൂ" മുൻ നിരയിലിരിക്കുന്ന വിദ്യാർത്ഥിനിയെ വിളിച്ചു. " നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ള 30 പേരുടെ പേരുകൾ ബ്ലാക്ക് ബോർഡിൽ എഴുതൂ" ചോക്ക് എടുത്തുകൊണ്ട് അദ്ധ്യാപകൻ പറഞ്ഞു. കാർത്തിക തന്റെ കുടുംബങ്ങളുടെയും ബന്ധുക്കളുടെയും സുഹൃത്തുകളുടെയും സഹപാഠികളുടെയും പേരുകൾ എഴുതി... "ഇനി ഇതിൽ താരതമ്യേന പ്രാധാന്യം കുറവുള്ള മൂന്നു പേരുകൾ മായിക്കു." അദ്ധ്യാപകൻ പറഞ്ഞു. മൂന്നു സഹപാഠികളുടെ പേരുകൾ മായിച്ചു കളയാൻ കാർത്തികയ്ക്ക് അധികമൊന്നും ആലോചിക്കേണ്ടി വന്നില്ല.... "ഇനി ഇതിൽ നിന്നും പ്രാധാന്യം കുറഞ്ഞ അഞ്ചു പേരുടെ പേരുകൾ മായിക്കു" അല്പം ആലോചിച്ച് കാർത്തിക അവളുടെ അഞ്ച് അയൽക്കാരുടെ പേരുകൾ മായിച്ചു. ബ്ലാക്ക് ബോർഡിൽ കേവലം നാലു പേരുകൾ അവശേഷിക്കും വരെ ഇത് തുടർന്നു. അത്, കാർത്തികയുടെ അമ്മ, അച്ഛൻ, ഭർത്താവ്, ഒരേരു മകൻ എന്നിവരുടെതായിരുന്നു. അതുവരെ എല്ലാം തമാശയായി ആസ്വദിച്ചു കൊണ്ടിരുന്ന ക്ലാസ്സ് നിശബ്ധമായി. കാർത്തികയുടെ മനസ്സിൽ ഉരുണ്ടുകൂടിയ സമ്മർദ്ദത്തിന്റെ കാർമേഘങ്ങൾ സാവധാനം ക്ലാസ്സിൽ ഓരോരുത്തരിലേക്കും പടർന്നു. " ഇനി ഇതിൽ നിന്ന് രണ്ടു പേരുകൾ മായിക്കു" അദ്ധ്യാപകൻ പറഞ്ഞു. ഏറെ നേരത്തെ ആലോചനയ്ക്ക് ശേഷം കാർത്തിക മനസ്സില്ലാ മനസ്സോടെ തന്റെ മാതാപിതാക്കളുടെ പേരുകൾ മായിച്ചു... "ഇനി ഇതിൽ നിന്ന് ഒരു പേര് മായിക്കൂ".... വിറയ്ക്കുന്ന കരങ്ങളോടെ..... തുളുമ്പുന്ന കണ്ണുകളോടെ.... കാർത്തിക തന്റെ ഏകമകന്റെ പേര് മായിച്ചു. അതിനു ശേഷം നിയന്ത്രണം നഷ്ടപ്പെട്ടു പോയ കാർത്തികയോട് അദ്ധ്യാപകൻ സീറ്റിൽ പോയിരിക്കുവാൻ ആവശ്യപ്പെട്ടു. ഏതാനും നിമിഷങ്ങൾക്ക് ശേഷം കാർത്തിക ശാന്തമായി കഴിഞ്ഞപ്പോൾ അദ്ധ്യാപകൻ അവളോടു ചോദിച്ചു. "ജനനത്തിനു കാരണക്കാരായ, ചെറുപ്പത്തിൽ ലാളിച്ചു വളർത്തി വലുതാക്കിയ മാതാപിതാക്കളെ എന്തുകൊണ്ട് നീ മായിച്ചു കളഞ്ഞു?.. നീ തന്നെ ജന്മം നല്കിയ, കരളിന്റെ കഷ്ണമായ ഒരേയൊരു മകനെ എന്തുകൊണ്ട് നീ മായ്ച്ചു കളഞ്ഞു?.... ഈ നാലു പേരിൽ മാതാപിതാക്കളും മകനും പകരമാവാൻ ഒരിക്കലും ആരാലും സാധ്യമല്ല,.... എന്നാൽ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുക സാധ്യവുമാണ്. എന്നിട്ടും എന്തുകൊണ്ട് ഭർത്താവിനെ തെരഞ്ഞെടുത്തു?.... ക്ലാസ്സിൽ സൂചിവീണാൽ കേൾക്കാവുന്ന നിശബ്ധത... എല്ലാവരുടെയും ദൃഷ്ടികൾ കാർത്തികയുടെ ചുണ്ടുകൾ അനങ്ങുന്നതും കാത്തിരിക്കുന്നു.... എല്ലാ കാതുകളും അവളുടെ അധരങ്ങളിൽ നിന്ന് അടർന്നു വീഴുന്ന വാക്കുകൾക്കായി കാതോർത്തിരിക്കുന്നു.... കാർത്തിക വളരെ ശാന്തമായി സാവധാനം പറഞ്ഞു തുടങ്ങി... "എന്റെ ജീവിതത്തിൽ ഒരു ദിവസം വരും അന്ന് എന്റെ മാതാപിതാക്കൾ എന്നെ വിട്ടു പോകും... വലുതാകുമ്പോൾ എന്റെ മകനും അവന്റെ പഠനത്തിനോ ജോലിയുടെ ആവശ്യത്തിനോ മറ്റെന്തെങ്കിലും കാരണത്താലോ എന്നെ വിട്ട് അവന്റെ ലോകം തേടി പോകും... എന്നാൽ എന്നോടൊപ്പം ജീവിതം പങ്കുവെയ്ക്കാൻ എന്റെ ഭർത്താവ് മാത്രമേ അവശേഷിക്കൂ..." ഒരു നിമിഷത്തെ നിശബ്ദതയ്ക്കു ശേഷം മുഴുവൻ ക്ലാസ്സും എഴുന്നേറ്റു നിന്ന് കരഘോഷങ്ങളോടെ അവളുടെ വാക്കുകൾ സ്വീകരിച്ചു.... കാരണം കാർത്തിക പറഞ്ഞത് ജീവിതത്തിലെ പരമമായ ഒരു സത്യമായിരുന്നു. കയ്പേറിയതാണെങ്കിലും ഇതാണ് സത്യം.. അതുകൊണ്ട് നിങ്ങളുടെ ജീവിതപങ്കാളിയെ മറ്റെന്തിനെക്കാളും വില മതിക്കുക... കാരണം ആണിനേയും പെണ്ണിനേയും ഇണകളായി കൂട്ടിച്ചേർത്തത് ദൈവമാണ്.... എന്തിനെക്കാളുമേറെ ആ ബന്ധത്തിന്റെ ഊഷ്മളതയും പരിശുദ്ധിയും തീവ്രതയോടെ നിലനിർത്തിക്കൊണ്ട് പോകേണ്ടത് നമ്മുടെ കർത്തവ്യമാണ്...

# മാഗി മതി മതി

ഫാ. യൽദോ മോഴശ്ശേരിൽ



സോഷ്യൽ മീഡിയ ജൂൺ മാസം ആഘോഷമാക്കിയത് മാഗി ന്യൂഡിൽസ് കേസാണ്. വിവിധ തരത്തിലുള്ള പരിശോധനയ്ക്ക് അവസാനം മാഗി ന്യൂഡിൽസിൽ മാരക ലോഹമായ ഈയത്തിന്റെയും (Lead) മോണോസോഡിയം ഗ്ലൂട്ടാമേറ്റ് (Monosodium Glutamate-MSG) ഇവയുടെ സാന്നിദ്ധ്യം അനുവദിനീയമായ അളവിലും കൂടുതൽ കണ്ടെത്തിയതിനെ തുടർന്ന് രാജ്യവ്യാപകമായി നിരോധിക്കാൻ സർക്കാർ ഒരുങ്ങിയിരിക്കുകയാണ്. ഫാസ്റ്റ്ഫുഡിന്റെ ലോകത്ത് ഏറ്റവും പ്രചാരം ലഭിച്ചത് മാഗി ന്യൂഡിൽസാണ്. 'രണ്ട് മിനിറ്റുകൾ കൊണ്ട് തയാർ' എന്ന ടാഗ് ലൈനുമായി വരുന്ന ഈ രുചിക്കൂട്ട് വീട്ടമ്മമാരുടെ പ്രിയങ്കരമായ പ്രഭാത ഭക്ഷണമായ് മാറിക്കഴിഞ്ഞു. കാരണം സമയലാഭവും, അദ്ധ്വാന കുറവും. സ്വിസ് മൾട്ടി നാഷണൽ കമ്പനിയായ നെസ്‌ലെ (Nestle) ആണ് ഇന്ത്യൻ വിപണിയിൽ 1983-ൽ ഈ ഭക്ഷണ സമ്പ്രദായം ആദ്യമായിട്ട് പരിചയപ്പെടുത്തിയത്. അന്ന് സമ്പന്നന്മാരുടെ ഇഷ്ട ഭക്ഷണമായിരുന്ന മാഗി ന്യൂഡിൽസ് പിന്നീട് പാവങ്ങൾക്കും വാങ്ങാവുന്ന തരത്തിൽ വ്യാപിച്ചപ്പോൾ ഇന്ത്യൻ ജനതയുടെ ഭക്ഷണമായി മാറി. മാഗി ഇന്ത്യൻ കമ്പോളം കീഴടക്കുന്നത് ഉദാരവൽകരണം ഇന്ത്യൻ മേഖലയിൽ തുടങ്ങുന്നതിന് മുൻപാണ്. ഇന്ന് ലോകത്തിൽ ന്യൂഡിൽസ് കഴിക്കുന്ന ജനതകളിൽ ഇന്ത്യ നാലാം സ്ഥാനത്താണ് കോർപ്പറേറ്റ് ഭീമന്മാർ തങ്ങളുടെ ഉൽപന്നം ഏറ്റവും സുരക്ഷിതവും, ആരോഗ്യകരവും എല്ലാവിധ പോഷകഗുണങ്ങളുമുള്ളതാണെന്നും എല്ലാവിധ ഗുണമേന്മ പരിശോധനകളും പാസ്സായതാണെന്നും വാദിച്ചാണ് വിപണിയിൽ ഇറക്കുന്നത്. മാഗി ന്യൂഡിൽസിൽ കണ്ടെത്തിയ മാരകമായ പദാർത്ഥങ്ങൾ യഥാർത്ഥത്തിൽ പ്രകാശം വീശുന്നത് ഒളിഞ്ഞും മറഞ്ഞും കിടക്കുന്ന ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ചുള്ള ഞെട്ടിക്കുന്ന യാഥാർത്ഥ്യങ്ങളിലേക്കാണ്. ഒരു കാര്യത്തിൽ നമുക്ക് സന്തോഷിക്കാം ഭക്ഷ്യ സുരക്ഷയെകുറിച്ച് നമുക്ക് കുറച്ചെങ്കിലും ഈ സംഭവത്തോടെ ബോധ്യമാകാൻ കാരണമായിട്ടുണ്ട്.

2003-ൽ കോർപ്പറേറ്റ് മുതലാളികൾക്ക് തിരിച്ചടിയായ ഒരു കേസുണ്ട് ശീതളപാനീയമായ പെപ്സി (Pepsi)യിലും കോക്കിലും (Coke) കണ്ടെ

ത്തിയ കീടനാശിനികൾ. ന്യൂഡൽഹിയിൽ സ്ഥിതി ചെയ്യുന്ന പരിസ്ഥിതി സംഘടനയായ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റ് (CSE) ആണ് ഈ സംഭവം വെളിച്ചത്ത് കൊണ്ടുവന്നത്. അവിടെയുള്ള ഗവേഷകർ പല തരത്തിലുള്ള പരിശോധനകൾ നടത്തി. പരിശോധനയിൽ കണ്ടെത്തിയത് ഉയർന്ന തലത്തിലുള്ള Lindane, DDT, Malathion, Chlorpyrifos എന്നീ മാരകമായ കീടനാശിനികളാണ്. സി.എസ്.ഇ (CSE) കണ്ടെത്തിയ മറ്റ് മാരകമായ രാസപദാർത്ഥങ്ങൾ സസ്യ എണ്ണകളിലും, സൗന്ദര്യ വർദ്ധക വസ്തുക്കളിലും, എനർജി ഡ്രിങ്ക്സിലും ആണ്. പിന്നെ മനുഷ്യൻ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കോൾഡ് സ്റ്റോറേജ് മാംസ ഉൽപ്പന്നങ്ങളിലും അധികമായ അളവിൽ ആന്റി ബയോട്ടിക്സും, കാർസിനോജനസിക, (ക്യാൻസർ പോലെ ഉള്ള രോഗം ഉണ്ടാക്കുന്ന ഹാനികരമായി രാസവസ്തുക്കൾ) കണ്ടുവരുന്നു. ക്ഷീരോൽപ്പന്നങ്ങളിൽ ഇപ്പോൾ വ്യാപകമായി ഡിറ്റർജന്റ് ഉപയോഗിക്കുന്നതായും കണ്ടു വരുന്നു. ഇവ എല്ലാം പോഷകഗുണമുള്ളവയാണ് എന്ന് അവകാശവാദത്തോടെയാണ് വിപണിയിൽ പ്രവേശിക്കുന്നത്. ലാഭത്തിന്റെ കഴുകൻ കണ്ണോടെ വിപണിയിൽ നിറയുന്ന ഇവയെ നിയന്ത്രിക്കാനോ മൂല്യം നിർണ്ണയിക്കാനോ നമ്മുടെ സംവിധാനങ്ങൾക്ക് ആകുന്നില്ല. ഇന്ത്യയിൽ കോർപ്പറേറ്റുകൾക്ക് ഭക്ഷ്യ വ്യവസ്ഥയിൽ ഉത്തരവാദിയാക്കുന്ന നിയമ വ്യവസ്ഥിതി നിലനിൽക്കുന്നുണ്ടോ?.

ഭാരത സർക്കാർ പല തരത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും കമ്പോളത്തിലുള്ള ഓരോ ഭക്ഷണ ഉൽപ്പന്നത്തിനും ഏർപ്പെടുത്തിയിരുന്നു. പക്ഷേ ഭരണക്രമങ്ങളുടെ ആധിക്യവും പിന്നെ നിയമനടത്തിപ്പിൽ വരുമ്പോൾ പരസ്പര വിരുദ്ധങ്ങളായ വ്യവസ്ഥകളും ഭക്ഷ്യ സുരക്ഷ നിരീക്ഷിക്കുന്ന കാര്യത്തിൽ ഈ അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കി മാറ്റി. അതിനാൽ യു.പി.എ (UPA) സർക്കാരിന്റെ നേതൃത്വത്തിൽ 2006-ൽ സമഗ്രമായ ഒരു നിയമ വ്യവസ്ത്ഥിതി കേന്ദ്രത്തിൽ പാസ്സാക്കി. ദ ഫുഡ് സെഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് (FSS) ആക്ട് എന്ന പേരിലാണ് ഈ നിയമം അറിയപ്പെടുന്നത്. FSSAI ഈ നിയമത്തിന്റെ നടത്തിപ്പിന്റെ ചുക്കാൻ പിടിച്ചിരിക്കുന്നത്. ഇന്ത്യയിലെ ഒന്നാമത്തെയും പ്രഥമവുമായ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്ന ഈ സ്ഥാപനം (Food Safety and Standards Authority in India) പ്രവർത്തനനിരതം ആകുന്നത് 2011-ലാണ്. നിയമങ്ങളും ചട്ടങ്ങളും എഴുതി ചേർക്കാൻ തന്നെ കുറേ വർഷങ്ങൾ വേണ്ടി വന്നു. (FSSAI) യുടെ പ്രധാന ചുമതലകൾ ഭക്ഷ്യ ഉൽപ്പനങ്ങൾക്ക് ശാസ്ത്രീയമായ നിലവാരം നിശ്ചയിക്കുക എന്നതായിരുന്നു അത് പോലെ തന്നെ ഒരു കേന്ദ്ര ഏജൻസിയായി നിന്നുകൊണ്ട് സംസ്ഥാനതലങ്ങളിൽ ഈ ഭക്ഷണ ഉൽപ്പനങ്ങളുടെ നിലവാരം നിശ്ചയിക്കുന്ന പ്രക്രിയ്ക്ക് ഏകോപനം നല്കുക എന്നതും, ലോക നിലവാരത്തിലുള്ള ഗവേഷണശാലകൾ സ്ഥാപിക്കുന്ന, ഭക്ഷ്യ ഉൽപ്പനങ്ങൾക്ക് അംഗീകാരം നല്കുക എന്നിവയായിരുന്നു (FSSAI) യുടെ സ്ഥാപന ലക്ഷ്യം.

പക്ഷേ കുറേ വർഷങ്ങൾകൊണ്ട് ഈ ഏജൻസി വളരെ പരിതാപകരമായ നിലയിലാണ് പ്രവർത്തിക്കുന്നത്. ഈ ഏജൻസിയ്ക്ക് പര്യാപ്തമായ ഫണ്ടോ, അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. ഇവ എല്ലാ ഏജൻസിയുടെ പ്രവർത്തനത്തെ ഗൗരവകരമായ രീതിയിൽ ബാധിക്കുന്നുണ്ട്. സർക്കാരിന്റെ ഭാഗത്ത് നിന്ന് വേണ്ടുന്ന പ്രോത്സാഹനം ലഭിക്കാത്തതും, രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങളിലും, പ്രദേശങ്ങളിലും FSSAI നിരീക്ഷണത്തിലുള്ള നിയമപരമായ ഗവേഷണശാലകളുടെ അഭാവവും ഭക്ഷ്യ നിരീക്ഷണത്തിന് തടസ്സമാകുന്നുണ്ട്. FSSAI യ്ക്ക് വെറും നാല് ഗവേഷണശാലകൾ



മാത്രമേ ഉള്ളൂ. നിയമാനുസൃതമാക്കിയ 82 ലാബുകൾ പ്രൈവറ്റ് ഗവേഷണശാലകളാണ്. അവയിൽ ഭക്ഷ്യ പദാർത്ഥങ്ങളുടെ പരിശോധന നടത്തുന്നില്ല. അതിനാൽ ഇപ്പോൾ ഉത്പാദകർ തന്നെയാണ് പരിശോധനകൾ നടത്തി അവ FSSAI യുടെ അനുമതിക്കായി സമർപ്പിക്കുന്നത്. ഇവിടെ FSSAI യുടെ റോൾ കുറയുന്നു. സംവിധാനങ്ങളുടെ അഭാവം മൂലം പലപ്പോഴും FSSAI കോർപ്പറേറ്റുകളുടെ മുൻപിൽ നിലച്ച് പോകുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കാരണത്താൽ ഒരു നിരീക്ഷണ ഏജൻസിക്ക് (Monitoring Agency) പകരം FSSAI ഒരു അനുമതി മാത്രം നല്കുന്നു ഏജൻസിയായി (Approval Agency) അധഃപതിക്കുന്നു. എല്ലാ റീടെയിൽ ഭക്ഷ്യ ഉൽപ്പന്നങ്ങളും കമ്പോളത്തിൽ വില്ക്കപ്പെടുന്നത് FSSAI യുടെ അംഗീകാര മുദ്രയോട് കൂടിയാണ്. ഈ നിയമപരമായ സൂചന ഭക്ഷണ ഉൽപ്പന്നത്തിൽ ചാർത്തുമ്പോൾ ഇതിലൂടെ ലാഭം കൂടുതലും കൊയ്യു

ന്നത് ഭക്ഷണ ഉൽപാദകനാണ് ഉപഭോക്താവല്ല.

സർക്കാർ ഈ നിരീക്ഷണ ഏജൻസികളെ ആവശ്യമായ സാമ്പത്തിക സഹായം നല്കി ശക്തിപ്പെടുത്താത്തതു മൂലം FSS ആക്ട് നടപ്പാക്കാൻ കഴിയാത്തതും സൂചിപ്പിക്കുന്നത് സർക്കാർ ഭക്ഷ്യ സുരക്ഷയ്ക്ക് നല്കുന്ന പ്രാധാന്യക്കുറവിനെയാണ്.

സർക്കാർ മൾട്ടി നാഷണൽ കമ്പനികളുടെ മുൻപിൽ നിഷ്ക്രിയരായി പോകുകയാണ്. ഈ വിധത്തിലുള്ള സമീപനത്തിലൂടെ മാനവവിഭശേഷി ഭാരത സർക്കാരിനെ സംബന്ധിച്ച് വലിയ ഗൗരവകരമായ വിഷയമല്ലാത്ത സ്ഥിതിയ്ക്ക് ഈ പ്രശ്നത്തിന് ഒരു പരിഹാരം അടുത്ത ഇടയ്ക്ക് ഒന്നും ഉണ്ടാകാൻ പോകുന്നില്ല. മനുഷ്യ ജീവനും ആരോഗ്യത്തിനും വെല്ലുവിളി സൃഷ്ടിക്കുന്ന ചില സംരംഭങ്ങളെ പാടേ മാറ്റാൻ നമ്മൾ തയ്യാറല്ല. കോർപ്പറേറ്റുകളെ പ്രീണിപ്പിക്കാൻ ഉള്ള സംവിധാനമായി FSSAI മാറി കഴിഞ്ഞു. FSSAI യെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കാരണം ആയിരക്കണക്കിനുള്ള അപേക്ഷകളാണ് അംഗീകാരത്തിനായി അടിഞ്ഞുകൂടിയിരിക്കുന്നത്. സ്വാതന്ത്ര കമ്പോള നയം (Free Market Policy) നിലനില്ക്കുന്നത് കൊണ്ട് ഉൽപ്പന്നങ്ങൾ കാര്യമായ പരിശോധനയില്ലാതെ തന്നെ അംഗീകരിക്കപ്പെടുന്നതായി കാണപ്പെടുന്നു.



മറ്റൊരു പരിതാപകരമായ അവസ്ഥ എന്നത് തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളെ നിയന്ത്രിക്കാനോ നിരോധിക്കാനോ ഭാരത സർക്കാരിന് ഒരു കാര്യനിർവാഹക സംഘടന ഇല്ല എന്നതാണ്. Advertising Standards Council of India (ASCI) ആണ് ഏക പരസ്യ നിരീക്ഷണ സംഘം. മാഗിയുടെ കാര്യത്തിലും ഒത്തിരി തെറ്റിദ്ധരിപ്പിക്കുന്ന വാചകങ്ങൾ പരസ്യത്തിൽ ഉണ്ടായിരുന്നു. അവ ലക്ഷ്യം വച്ചത് കുട്ടികളെ ഉദ്ദേശിച്ചാണ്. കുട്ടികൾക്ക് വേണ്ടുന്ന പോഷക ഗുണങ്ങൾ ഉള്ളതാണ് മാഗി എന്ന തലവാചകത്തോടെ വരുന്ന ക്ഷണ നേരം കൊണ്ട് ഉണ്ടാക്കാവുന്ന ഈ ന്യൂഡിൽസ് കൃത്രിമമായ രുചിക്കൂട്ടുകളും രുചി വർദ്ധിപ്പിക്കുന്ന വസ്തുക്കളും അടങ്ങിയിരിക്കുന്ന മോണോ സോഡിയം ഗ്ലൂറ്റമേറ്റ് (MSG) മറ്റൊരു പേരിലും അറിയപ്പെടാറുണ്ട്. അതാണ് 'അജിനോമോട്ടോ'. മനുഷ്യന് ശരീരത്തിൽ സ്വീകരിക്കാൻ സാധിക്കുന്നതിലും അധികം ഉപ്പ് ഈ ന്യൂഡിൽസുകളിൽ ഉണ്ട് എന്നതും അപകട സാധ്യത കൂട്ടുന്നു. നെസ്‌ലെ ഇന്ത്യ 445 കോടി രൂപയാണ് പരസ്യത്തിനും, വിപണന പ്രചാരത്തിനും വേണ്ടി മാത്രം 2014 ൽ ചിലവഴിച്ചത്. ഗുണമേന്മ പരിശോധനയ്ക്ക് ചിലവഴിച്ചതോ വെറും 19 കോടി രൂപ മാത്രം.

ഇപ്പോഴത്തെ സർക്കാർ കോർപ്പറേറ്റുകൾക്ക് നല്കുന്ന പ്രോത്സാഹനം കണ്ടിട്ട് ഇവിടെ ഭക്ഷ്യ സുരക്ഷ നടപ്പാക്കാൻ കഴിയുമോ എന്ന് തോന്നുന്നില്ല. കോടതിയിൽ നെസ്‌ലെ ഇന്ത്യാ തന്നെ ചിലപ്പോൾ വിജയിക്കും. നെസ്‌ലെ ഇന്ത്യയുടെ പരസ്യത്തിലുള്ള അവകാശവാദം ഇതാണ് "മോണോ സോഡിയം ഗ്ലൂട്ടാമേറ്റ് ഇതിൽ ചേരുന്നില്ല" എന്ന്. ഭക്ഷ്യഗവേഷകർ കരുതുന്നത് ഇപ്രകാരമുള്ള പരസ്യവാചകം, ഇങ്ങനെയുള്ള അവകാശവാദങ്ങളിൽ പറഞ്ഞു വയ്ക്കുന്നത് ഈ ഭക്ഷണ പദാർത്ഥങ്ങളിൽ മോണോ സോഡിയം ഗ്ലൂട്ടാമേറ്റിന്റെ മറ്റ് വകഭേദങ്ങൾ ഇല്ല എന്ന് ഉറപ്പിച്ച് പറയുന്നുമില്ല എന്നതാണ്.

2003 ലെ പെപ്സി, കോക്ക് കേസുകളിൽ അവരല്ല കീടനാശിനികൾ ഉപയോഗിച്ചത് എന്നും, ഇവിടെയുള്ള വെള്ളം ഉപയോഗിച്ചപ്പോൾ അതിൽ ഉള്ള കീടനാശിനികളാണ് കാണപ്പെട്ടത് എന്നും അവർ വാദിച്ചു, അവിടെയും പ്രശ്നം അവർക്കല്ല നമ്മുടെ നാട്ടിലെ വെള്ളത്തിനാണ്. കേസിലുള്ള പഴുത് കണ്ടുപിടിച്ച് രക്ഷപ്പെടാനുള്ള മാർഗ്ഗം ഈ ഭീമൻ കമ്പനികൾക്ക് നന്നായി അറിയാം. സർക്കാരിന്റെ സഹായം ഉണ്ടെങ്കിൽ പിന്നെ നമ്മുടെ നാട്ടിലെ മനുഷ്യരുടെ ആരോഗ്യം കാർന്നു തിന്നാൻ ആർക്കും വീണ്ടും വിപണി തുറന്ന് കിട്ടും. സിങ്കപ്പൂർ, കാനഡ, ഇംഗ്ലണ്ട്, യു.എസ്, ഓസ്ട്രേലിയ എന്നീ രാജ്യങ്ങൾ ഇറക്കുമതി ചെയ്യുന്നു എന്നതാണ് നെസ്‌ലെ ഇന്ത്യ ഈ ന്യൂഡിൽസ് വ്യവസ്ഥകളും, മാനദണ്ഡവും പാലിക്കുന്നു എന്ന് ബോംബെ ഹൈക്കോടതിയിൽ പ്രധാനമായും ഉപയോഗിച്ച വാദം. പക്ഷേ ഈ വാദഗതികൾ തെറ്റാണ് എന്ന് അടുത്ത സമയത്ത് തന്നെ നടന്ന സംഭവങ്ങൾ തെളിയ്ക്കുന്നു. ഓസ്ട്രേലിയയിലെ ഭക്ഷണ സംബന്ധമായ ഫെഡറൽ ഡിപ്പാർട്ട്മെന്റ് മാഗി ന്യൂഡിൽസിന്റെ ഇറക്കുമതി നിർത്തി വച്ചതും, യു.എസിലെ ഫുഡ് ആൻഡ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷൻ (FDA) സുപ്രധാനമായ പോഷകഗുണമേന്മയെ സംബന്ധിച്ചുള്ള വിവരണം പൊതിയിൽ നല്കാൻ നെസ്‌ലെ പരാജയപ്പെട്ടു എന്ന് ചൂണ്ടി കാണിച്ച് ഇറക്കുമതി നിർത്തി വച്ചു. യു.എസും, ഓസ്ട്രേലിയയും തങ്ങളുടെ പൗരന്മാരുടെ ആരോഗ്യത്തെക്കുറിച്ച് ബോധവാന്മാരാണ്. അതിനാൽ തന്നെ ഭക്ഷ്യസുരക്ഷയ്ക്ക് അവർ സുപ്രധാനമായ സ്ഥാനം നല്കി.

നമ്മുടെ ഭക്ഷണ വസ്തുക്കളിൽ മാത്രമല്ല നമ്മുടെ മനസ്സിലും, സ്നേഹത്തിലും, വിശ്വാസത്തിലും, മനുഷ്യത്വത്തിലും വിഷം കലർന്നിരിക്കുകയാണ്. സ്വന്തം ലാഭത്തിന് വേണ്ടി മനുഷ്യകുലത്തിന് തന്നെ ഭീഷണിയാകുന്ന പ്രവർത്തനങ്ങൾ മനുഷ്യൻ തുടർന്നു കൊണ്ടിരിക്കുന്നു. അവൻ സ്നേഹിക്കുന്നു എന്ന് പറയുകയും പ്രവർത്തിക്കുന്നത് വെറുപ്പ് ജനിപ്പിക്കുന്ന പ്രവർത്തികളും. സ്വാർത്ഥതയുടെ ചെറിയ ലോകത്തിൽ നിന്ന് ഉദാരതയുടെ വിശാലഭൂമിയിലേക്ക് മനുഷ്യൻ വളരേണ്ടിയിരിക്കുന്നു. ലോകത്തിൽ പണത്തെക്കാൾ അധികമായി മറ്റ് പലകാര്യങ്ങൾക്കും സ്ഥാനമുണ്ട് എന്ന് ചിന്തിച്ചു തുടങ്ങാം. ●

# കുലഗുരുവിന്റെ കുശലതയും പടത്തലവന്റെ പാടവവുമുള്ള

## ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തായ്ക്ക് ശതാഭിഷേക ആശംസകൾ

✠ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

സുവർണ്ണനഗരമെന്ന് തൃശൂരും അക്ഷരനഗരിയെന്ന് കോട്ടയവും അറിയപ്പെടുന്നതുപോലെ, കേരളത്തിലെ ക്രൈസ്തവനഗരിയെന്ന് തിരുവല്ലയെപ്പറ്റി പറയുന്നത് അനുചിതമല്ല. ഭാരതത്തിന്റെ അപ്പോസ്തോലനും നമ്മുടെ സഭാപിതാവുമായ ക്രിസ്തുശിഷ്യൻ മാർത്തോമ്മായുടെ പാരമ്പര്യം പേറുന്ന നിരണത്തിന്റെ പ്രാന്തപ്രദേശം സ്വഭാവികമായി അങ്ങനെ തന്നെയായിരിക്കും. എന്നാൽ തിരുവല്ലയെ കേരളത്തിന്റെ ഭൂപടത്തിൽ വ്യത്യസ്തമാക്കുന്നത്, കഴിഞ്ഞ ഒന്നരന്നൂറ്റാണ്ടായി മാർത്തോമ്മ ക്രിസ്ത്യാനികളുടെ–അതേ, ക്രൈസ്തവ നവീകരണത്തിന്റെയും ഉണർവ്വിന്റെയും പതാകപേറുന്ന ഒരു സജീവ സമൂഹത്തിന്റെ – കേന്ദ്രമായി തിരുവല്ല നഗരം മാറി എന്നതാണ്.



മലങ്കര മാർത്തോമ്മ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോക്ടർ ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമേനി ശതാഭിഷിക്തനായി എന്നറിയുമ്പോൾ ഊർജ്ജസ്വലവും കർമ്മനിരതവും ധീരതയുടെ പര്യായവുമായ ഈ നേതൃത്വത്തോടുള്ള ആദരവ് വർദ്ധിക്കുകയാണ്. കേരള ക്രൈസ്തവസഭാ ചരിത്രത്തെ പുനർനിർണ്ണയിക്കുവാനും തിരുത്തിക്കുറിക്കുവാനും നിയോഗം ലഭിച്ച ഒരു തറവാടാണ് മാരാമൺ പാലക്കുന്നത്ത് മഹാകുടുംബം. അന്ത്യോക്യൻ പാരമ്പര്യ പൈതൃകം പേറുന്ന മലങ്കര സുറിയാനി സഭയിൽ, സുറിയാനി തക്സ ഏതദ്ദേശീയ ഭാഷയിലേക്ക്–മലയാളത്തിലേക്ക്– തർജ്ജമ ചെയ്ത് ആദ്യമായി വിശുദ്ധ കുർബ്ബാന അർപ്പിച്ചത് 1812–ൽ ആരംഭിച്ച കോട്ടയം പഴയസെമിനാരി മല്പാനായിരുന്ന പാലക്കുന്നത്ത് അതിവന്ദ്യനായ അബ്രഹാം മല്പാനായിരുന്നു എന്നത് ചരിത്രസത്യമാണ്. അതാകട്ടെ മലങ്കര സഭാ നവീകരണത്തിന്റെ മാഗ്നാകാർട്ടാ ആയി മാറി എന്നതും ചരിത്ര സാക്ഷ്യം.

കുടുംബ പരമ്പരയിൽ പൗരോഹിത്യം സ്വീകരിക്കുന്ന വിശുദ്ധ പാരമ്പര്യം പഴയനിയമകാലം മുതലുള്ളതാണ്. ഈ പാരമ്പര്യം കേരളത്തിലും അപൂർവ്വമായിരുന്നില്ല. എന്നാൽ നമ്മെ ആശ്ചര്യഭരതിരാക്കുന്നത് ഒന്നരന്നൂറ്റാണ്ടിനിടയിൽപിതൃവഴിയിൽ 5–ാം തലമുറയിലെ മെത്രാനും മെത്രാപ്പോലീത്തയുമാകുവാനുള്ള ദിവ്യനിയോഗം കേരള സഭാചരിത്രത്തിൽ അത്യപൂർവ്വം എന്നല്ല, പകരം വയ്ക്കാനില്ലാത്തതു തന്നെയെന്ന് നിസ്സംശയം പറയാം.

ജന്മംകൊണ്ട് എന്നതിനപ്പുറം കർമ്മംകൊണ്ട്, നിയോഗത്തോടൊപ്പം നിശ്ചയദാർഢ്യംകൊണ്ട് ആദർശധീരനും കർമ്മകുശലനുമായ ഭരണാധികാരിയും സഭാസാരഥിയും സമൂഹത്തിന് മാർഗ്ഗദർശിയുമാകാൻ അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമനസ്സിന് കഴിയുന്നു. ഇത് കുടുംബാംഗങ്ങളെ മാത്രമല്ല, സഭാംഗങ്ങളെ മാത്രമല്ല ഏവരെയും സന്തോഷഭരിതരും ആശ്ചര്യപൂരിതരുമാക്കുന്നു.തിരുവല്ല നഗരത്തിൽ കേരളത്തിലെ പ്രയേണ എല്ലാ എപ്പിസ്കോപ്പൽ സഭകളുടെയും മെത്രാന്മാരും മെത്രാസനമന്ദിരങ്ങളുമുണ്ട്. പ്രായം കൊണ്ട് മാത്രമല്ല സർവ്വപ്രകാരേണയും മെത്രാന്മാരിൽ മെത്രാനും, സഭാതലവന്മാരിൽ തലവനുമായി വിരാജിക്കുവാൻ ദൈവനിയോഗം ലഭിച്ചിരിക്കുന്നത് മാർത്തോമ്മ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തായ്ക്കത്രെ. അതൊരു വരവും കൃപയും ഭാഗ്യവുമാണ്.

മലങ്കര മാർത്തോമ്മ സുറിയാനി സഭയുടെ ആരംഭവും വളർച്ചയും എന്നും കനൽ വഴികളിലൂടെയായിരുന്നു. പുത്തൻകൂർ സഭാവിഭാഗത്തിലെ മാർത്തോമ്മ XIII -മനായിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസ്സിയോസ്സ് മെത്രാപ്പോലീത്തയുടെ ഉജ്ജ്വലചരിത്രവും സഭാസാരഥ്യവും പുളകോദ്ഗമകാരിയാണ്. അന്ന് മലങ്കര സഭയിൽ നിലനിന്നിരുന്ന കലുഷിതാവസ്ഥ മാറുന്നതിനും മാറ്റുന്നതിനും വേദവചനം പഠിക്കുകയും ധ്യാനിക്കുകയും, സുവിശേഷം ജീവിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതിൽപ്പരം ഒരു ഔഷധവിധിയില്ലെന്ന ദർശനം പകർന്നത് അദ്ദേഹമാണ്. അത് എത്ര ഉന്നതവും ഉദാത്തവും കാലാതിശായിയുമായിരുന്നു! അദ്ദേഹത്തിന്റെ ചരിത്രം ഉദ്വേഗത്തോടൊപ്പം ആദരപൂർവ്വമായേ വായിക്കുവാൻ കഴിയു. മലങ്കരസഭകൾക്ക് ദിശാബോധവും സുവിശേഷ സ്നേഹവും, സുവിശേഷപ്രസംഗതല്പരതയും നൽകുന്നതിന് നേതൃത്വം നല്കിയ സഭാനേതാക്കന്മാരിൽ പ്രഥമഗണനീയനും പ്രാതഃസ്മരണീയനും മറ്റാരുമായിരിക്കയില്ല.


അടിയന്തിരാവസ്ഥയുടെ 50-ാംമാണ്ട് ഖേദത്തോടെ ഓർക്കപ്പെടുന്ന ഈ വേളയിൽ, അന്നത്തെ മാർത്തോമ്മാസഭയ്ക്ക് ധീരമായ നേതൃത്വം നൽകിയ അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമനസ്സിനെയും ഓർക്കുന്നു. അടിയന്തിരാവസ്ഥ പിൻവലിക്കണമെന്ന് താക്കീതിന്റെ സ്വരത്തിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയോടാവശ്യപ്പെടാൻ കേരളത്തിൽ ധീരത കാട്ടിയ ഒരേ ഒരു സഭാനേതൃത്വം അദ്ദേഹമായിരുന്നു.

മുൻഗാമികളുടെ നന്മകളും പൈതൃകമേന്മകളും ശോഷണം വരാതെയും പ്രസരണനഷ്ടം കൂടാതെയും കാത്തുസൂക്ഷിക്കുവാൻ തിരുമനസ്സിന് കഴിയുമാറാകട്ടെ എന്നാണ് സഹോദര നിർവ്വിശേഷമായ എന്റെ പ്രാർത്ഥന. ധർമ്മപാതയിൽ സഞ്ചരിക്കുകയും സുവിശേഷദീപിക ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന മെത്രാപ്പോലീത്താ തിരുമേനി പുലാത്തിനിന്റെ അധികാരി മാത്രമല്ല, മലങ്കര മാർത്തോമ്മ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മാത്രമല്ല, കേരള ക്രൈസ്തവസഭയുടെ ധാർമ്മിക ശബ്ദവും, ഭാരതത്തിലെ മാർത്തോമ്മാ പൈതൃകമുള്ള സഭകളുടെ മുഴുവൻ ആദർശദീപവും ആണ്. കേരളജനത അങ്ങയുടെ ശബ്ദത്തിനായി നിർണ്ണായക നിമിഷങ്ങളിൽ കാതോർക്കുന്നു. സാംസ്കാരിക കേന്ദ്രവും വിവിധ സഭകളുടെ സംഗമവേദിയുമായ തിരുവല്ലയുടെ പ്രഥമപൗരനും നേതാവും വക്താവുമായ അഭി



വന്ദ്യ മെത്രാപ്പോലീത്ത തിരുമനസ്സ് എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ മുഖ്യധാരയിലും നേതൃനിരയിലും എന്നും അചഞ്ചല നേതൃത്വമായി നിലകൊള്ളുന്നത് പ്രത്യാശ പകരുന്ന അനുഭവമാണ്. കേരള മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നു. കേരള സഭയുടെയും സംസ്ഥാനത്തിന്റെയും സമകാലീന വിഷയങ്ങൾ ഗൗരവപൂർവ്വമായി ഉറ്റുനോക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ക്രൈസ്തവ നേതാക്കന്മാരെ ബോധപൂർവ്വം തെരഞ്ഞുപിടിച്ച് ആരോപണ ശരങ്ങൾ കൊണ്ട് വേട്ടയാടുമ്പോൾ മാരാമൺ കൺവൻഷൻ സമാപന സമ്മേളനത്തിൽ അതിനെതിരെ ശബ്ദമുയർത്തുവാനുള്ള ധീരത, അനായാസ്സം പ്രകടിപ്പിച്ചതോർക്കുന്നു. വർഗ്ഗീയത ഭയന്ന് പരാമർശങ്ങൾ പോലും ധാർമ്മിക നേതാക്കന്മാരും സഭാനേതൃത്വങ്ങളും ബോധപൂർവ്വം ഒഴിവാക്കിയ ഒരു വേളയിൽ ഒറ്റപ്പെടൽ ഭീതികൂടാതെ നേരേചൊവ്വേ വിലയിരുത്തലുകൾ നടത്തുവാനുള്ള ആർജ്ജവം ധാർമ്മികശക്തിയിൽ നിന്ന് പ്രവഹിക്കുന്ന സിംഹ ഗർജ്ജനമായി ഞാൻ കാണുന്നു. ഇസ്ലാമിക സ്റേറ്റ് ക്രൈസ്തവരെ ലക്ഷ്യമിട്ട് നിഷ്ഠൂരം നടപ്പാക്കിവരുന്ന ഭീകരതയ്ക്കെതിരെ കേരളത്തിലെ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ ഉപവാസ പ്രാർത്ഥനയ്ക്കും ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും മധ്യമേഖലയായ തിരുവല്ലയിൽ മുമ്പിൽ നിന്ന് നേതൃത്വം നൽകുന്നത് കാണുവാൻ കഴിഞ്ഞു.

എവിടെ സമാധാനം ഭഞ്ജിക്കപ്പെടുന്നുവോ, എവിടെ ധാർമ്മികത ചാവിട്ടിമെതിക്കപ്പെടുന്നുവോ, എവിടെ മതസാംസ്കാരിക നേതൃത്വം മടിച്ച് നിൽക്കുന്നുവോ അവിടെ ഒരു സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേറ്റ് ഗർജ്ജിക്കുവാൻ മെത്രാപ്പോലീത്ത തിരുമനസ്സ് കാണിക്കുന്ന ആർജ്ജവം സഹപ്രവർത്തകരായ ഞങ്ങൾക്കും ഉത്തേജനവും ഉന്മേഷവും പകരുന്നത് ആദരവോടെ തിരിച്ചറിയുന്നു. വ്യക്തിപരമായി ഒരു സഭാദ്ധ്യക്ഷനെന്ന നിലയിലും അയൽവാസി എന്ന നിലയിലും ഏറെ ആദരവും സൗഹൃദവും ഞാൻ സൂക്ഷിക്കുകയും പങ്കിടുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നു. തിരുമനസ്സിനെ ഗുരുവായും പിതൃസ്ഥാനീയനായും സുഹൃത്തായും സുവിശേഷ സഹചാരിയായും കാണുവാൻ എനിക്കേറെ സന്തോഷമുണ്ട്. ജന്മശതാബ്ദിയോളം ആരോഗ്യപൂർണ്ണമായി ജീവിക്കുവാനും, അന്ത്യശ്വാസം വരെ ഇസ്രായേൽ മക്കളെ നയിച്ച മോശയെപ്പോലെ മാർത്തോമ്മ പൈതൃകംപേറുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് പൊതുവേയും, മാർത്തോമ്മാ സുറിയാനി സഭയ്ക്ക് പ്രത്യേകമായും ധീരനേതൃത്വം നൽകുവാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. സർവ്വശക്തന്റെ തണലിൽ വസിക്കുവാനും ആറ്റുതീരത്തു നടപ്പെട്ട, വർഷം മുഴുവൻ ഫലം നൽകുന്ന ഇല വാടാത്ത വൃക്ഷമായിരിക്കുവാനും അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



# അകലം പാലിക്കുന്നവർ

**തോംസ് പെരിങ്ങര**

മനുഷ്യനും ദൈവവും അകലെയാണ്
എങ്കിലും ആചാരങ്ങളുടെ അടുപ്പം മാത്രം
മതങ്ങളും മനുഷ്യരും തമ്മിലകലെയാണ്
എങ്കിലും ആഘോഷങ്ങളുടെ അടുപ്പം മാത്രം
സ്നേഹങ്ങൾ തമ്മിലകലെയാണ്
എങ്കിലും ഉപകാരം കൊണ്ടുള്ളോരടുപ്പം മാത്രം
കണ്ണുകൾ തമ്മിലകലെയാണ്
എങ്കിലും കാഴ്ചയുടെ മങ്ങിയൊരടുപ്പം മാത്രം
ഹൃദയങ്ങൾ തമ്മിലകലെയാണ്
എങ്കിലും സൗഹൃദങ്ങളുടെ ചെറിയൊരടുപ്പം മാത്രം
മനസ്സുകൾ തമ്മിലകലെയാണ്
എങ്കിലും സന്ദേശങ്ങളുടെ ഒരടുപ്പം മാത്രം
ഇരവും പകലും തമ്മിലകലെയാണ്
എങ്കിലും നിറമുള്ള സന്ധ്യയുടെ ഒരടുപ്പം മാത്രം
മണ്ണും മനുഷ്യനും തമ്മിലകലെയാണ്
എങ്കിലും മൃത്യുവിൻ മേലുള്ളോരടുപ്പം മാത്രം
ഭക്തിയും ഭക്തനും അകലെയാണ്
എങ്കിലും നേർച്ച നേരുന്നോരടുപ്പം മാത്രം
സത്യവും മിഥ്യയും അകലെയാണ്
എങ്കിലും നിയമത്തിലുള്ളോരടുപ്പം മാത്രം
കവിയും കവിതയും തമ്മിലകലെയാണ്
എങ്കിലും ചിന്തയിൽ വിരിയുന്നൊരടുപ്പം മാത്രം
ഞാനും നിങ്ങളും തമ്മിലകലെയാണ്
എങ്കിലും ഏതാനും വരികളുടെ അടുപ്പം മാത്രം.



സഭൈക്യചിന്തകൾ

# വർത്തമാനപ്പുസ്തകത്തിന്റെ വർത്തമാനകാല പ്രസക്തി



ഫാ. ജോർജ് തേക്കേടയിൽ

**ആമുഖം**

വിശ്വാസസാക്ഷി – വിശുദ്ധപദ പ്രഖ്യാപനത്തിന് എല്ലാവിധത്തിലും യോഗ്യതയുണ്ടെങ്കിലും അതിന് ഒരിക്കലും പരിഗണിക്കപ്പെടാത്ത രണ്ടു വ്യക്തിത്വങ്ങളായ കരിയാറ്റിൽ യൗസേപ്പ് മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കൽ തോമാ ഗവർണ്ണദോരുടെയും വീരസാഹസിക യാത്രാ വിവരണമാണ് 'വർത്തമാനപ്പുസ്തകം'. എട്ടുവർഷത്തെ പോർച്ചുഗൽ റോമായാത്രാവിവരണത്തോടൊപ്പം ഒരു ആത്മകഥാകഥനം കൂടിയാണീ ഗ്രന്ഥം. മലങ്കര മാർത്തോമ്മാ നസ്രാണി സഭയിലെ പഴയകൂർ വിഭാഗത്തിൽപ്പെട്ട രണ്ടുപേരുംകൂടി മലങ്കരയിലെ സഭയുടെ ഐക്യത്തിനും വ്യക്തിത്വസംരക്ഷണത്തിനും വേണ്ടി നടത്തിയ പോരാട്ടങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. ഭാരതീയ ഭാഷകളിലെ ആദ്യത്തെ യാത്രാ വിവരണഗ്രന്ഥമായ വർത്തമാനപ്പുസ്തകം ഭാരതീയ ഭാഷകളിലെല്ലാംതന്നെ പണ്ടേ ഭാഷാന്തരം ചെയ്യേണ്ടതായിരുന്നു. കേരള ക്രൈസ്തവ സമൂഹം നിർബന്ധമായും വായിക്കേണ്ട ഒരു പുസ്തക

മാണെന്നതിൽ സംശയമില്ല. ഒരു സഭാസ്നേഹിയുടെ തീക്ഷ്ണതയും ചരിത്രകാരന്റെ അന്വേഷണബുദ്ധിയും സാഹിത്യകാരന്റെ ധിഷണയും വീരസാഹസികന്റെ ധൈര്യവും തന്ത്രജ്ഞന്റെ കൂർമ്മബുദ്ധിയും ഒക്കെ ഈ കൃതിയിലുണ്ട്. ഏല്പിക്കപ്പെട്ട കാര്യം നേടുന്നതിനുവേണ്ടി ഏതു തരത്തിലുള്ള പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് മുന്നേറുന്ന രണ്ട് സഭാസ്നേഹികളാണ് ഈ യാത്രാവിവരണ ഗ്രന്ഥത്തിലൂടെ ലോകത്തിന് കാണാനാവുന്നത്. ഉദ്ദേശിച്ച കാര്യം നേടി മലങ്കരയിൽ തിരിച്ചെത്തുവാൻ ഇരുവരിലൊരാൾക്ക് സാധിച്ചില്ലല്ലോ എന്ന ദുഃഖം, ഭാരതസഭാചരിത്രത്തിൽ ഒരു കരിനിഴലായി കിടക്കുന്നു. കരിയാറ്റിൽ മെത്രാപ്പോലീത്ത മലങ്കരയിൽ വന്നിരുന്നെങ്കിൽ ഭാരത സഭാചരിത്രം മറ്റൊരു രൂപത്തിലാകുമായിരുന്നു.

### 1. വർത്തമാനപ്പുസ്തകത്തിന്റെ സഭാത്മക വീക്ഷണം

മലങ്കരയിലെ സഭയ്ക്ക് (മലബാറിലെ സഭയെന്നോ കേരളത്തിലെ സഭയെന്നോ മാർത്തോമ്മാ നസ്രാണി സഭയെന്നോ വിളിച്ചാൽ ഒരേ അർത്ഥം തന്നെ) പത്രോസിന്റെ പിൻഗാമിയായ റോമിന്റെ മെത്രാനോടുള്ള കൂട്ടായ്മയോടൊപ്പം മറ്റ് അപ്പസ്തോലിക സഭകളോടും കൂട്ടായ്മയുണ്ടായിരുന്നു എന്നതാണ് സത്യം. കാരണം കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയ്ക്ക് ഏതെങ്കിലുമൊരു ദേശീയ സഭയായി മാത്രം കഴിഞ്ഞുകൂടാൻ സാദ്ധ്യമല്ലല്ലോ. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളോ വാർത്താവിനിമയ സംവിധാനങ്ങളോ ഇല്ലാതിരുന്ന ഭൂതകാലം നാം മറക്കരുത്.

വി. ഗ്രന്ഥവും സഭാപാരമ്പര്യവും കൂട്ടുപിടിച്ചുള്ള ഒരു സഭാത്മക ശാസ്ത്രംതന്നെ വർത്തമാനപ്പുസ്തകത്തിൽ കാണാനാവും. മാർത്തോമ്മാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകമുള്ള ഭാരതസഭയ്ക്ക് പത്രോശ്ലീഹായുടെ പിൻഗാമിയായ റോമിന്റെ മെത്രാനോടുള്ള കൂട്ടായ്മയിൽ മാത്രമെ അതിന്റെ പൂർണ്ണതയുണ്ടാകൂ എന്ന ബോദ്ധ്യമുണ്ടായിരുന്നതിനാലാണ്. നിർഭാഗ്യവശാൽ 1653 –ലെ കൂനൻകുരിശു സത്യത്തെ തുടർന്ന് സത്യസഭ കൂട്ടായ്മയിൽനിന്ന് ഭിന്നിച്ചുമാറിയ പുത്തൻകൂർ വിഭാഗത്തെ വീണ്ടും ഐക്യത്തിന്റെ പാതയിലേക്ക് കൊണ്ടുവരണമെന്ന ചിന്തയോടെയാണ് ഇരുവരും റോമിലേക്ക് പോകുന്നത്. "കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുവാനുള്ള മാർത്തോമ്മാ മെത്രാന്റെ തീവ്രാഭിലാഷം കണ്ടപ്പോൾ കരിയാറ്റി മല്പാൻ അദ്ദേഹത്തോടു പറഞ്ഞു: "തമ്പുരാന്റെ ശുദ്ധമാനപള്ളിയിൽ കൂടുന്നതിന് അങ്ങേയ്ക്ക് പൂർണ്ണമനസ്സുണ്ടെങ്കിൽ... അങ്ങയെ പ്രതി എന്റെ ആയുസ്സ് തമ്പുരാന് ബലിയർപ്പിക്കുന്നതിനും റോമാ വരെ ഒരിക്കൽക്കൂടി പോയി കാര്യം സാധിച്ചുവരുന്നതിനും വേണ്ടി എന്റെ കഴിവിന്റെ അങ്ങേയറ്റം വരെ പ്രയത്നിക്കുവാൻ താൻ ഒരുക്കമാണെന്നും കരിയാറ്റി മല്പാൻ മാർത്തോമ്മാ മെത്രാന് ഉറപ്പുകൊടുത്തു. (വർത്തമാനപ്പുസ്തകം, ഭാഷാന്തരം 2014, പേജ് 52).

വർത്തമാനപ്പുസ്തകം - സീറോ മലബാർ സഭയുടെ മാത്രം ദൈവശാസ്ത്രപുസ്തകമോ സഭാത്മക ശാസ്ത്രാപുസ്തകമോ ചരിത്രപുസ്തകമോ മാത്രമാക്കി ചുരുക്കരുത്. ഈ പുസ്തകം മലങ്കര മാർത്തോമ്മാ നസ്രാണി സമൂഹത്തിന്റെ മുഴുവൻ വഴികാട്ടിയാകേണ്ട പുസ്തകമാണ്. മാർത്തോമ്മാ നസ്രാണി സമൂഹത്തെ ഏതെങ്കിലുമൊരു സമുദായമോ സഭയോ ആക്കി ചുരുക്കുന്ന പ്രവണത സഭൈക്യരംഗത്തും തടസ്സങ്ങളുണ്ടാക്കും. വിവിധ ചേരികളിലോ വിവിധ ധ്രുവങ്ങളിലോ വിശ്വാസങ്ങളിലോ ആണെങ്കിലും മലങ്കര മാർത്തോമ്മാ നസ്രാണി സമൂഹം ഒന്നാണെന്ന ചിന്തയാണ് പൊതുവെയുണ്ടാകേണ്ടത്. ഈ അവബോധമുണ്ടായിരുന്നതിനാലാണ് കരിയാറ്റിൽ മല്പാനും പാറേമാക്കൽ കത്തനാരും ഐക്യത്തിനായി പരിശ്രമിച്ചത്. പരസ്പരം അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ ഒരമ്മപെറ്റ സഹോദരങ്ങൾ ഇടയ്ക്ക് മാറി താമസിക്കാറില്ലേ? മലങ്കര മാർത്തോമ്മാ നസ്രാണി സഭയിലെ വിവിധ സഭകളും ഇപ്പോൾ ഈയൊരു അവസ്ഥയിലാണെന്നു കരുതിയാൽ മതിയാകും.

### 2. ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള ജീവന്മരണ പോരാട്ടം

ഇന്നത്തെ യാത്രാസൗകര്യമനുസരിച്ച് കേരളത്തിൽ നിന്ന് യാത്രതിരിച്ച് പോർച്ചുഗൽ വഴി റോമിലെത്തുവാനും, തിരികെ അതേവഴി തന്നെ കേരളത്തിലെത്തുവാനും എത്ര സമയം വേണ്ടിവരുമെന്ന് കൃത്യമായി പറയാനാവും. കരിയാറ്റിൽ മല്പാനും പാറേമാക്കൽ തൊമ്മൻ കത്തനാരും മലങ്കരയിൽ നിന്ന് പോർച്ചുഗൽ വഴി റോമിലെത്തി ലക്ഷ്യംവച്ച കാര്യങ്ങൾ നേടിയെടുത്ത് ഭാരതനാട്ടിൽ തിരികെയെത്താൻ എട്ടുവർഷത്തിലധികം എടുത്തു. യാത്രയി


## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469 – 2603968, 9446270259, 9895556074**

**തീയതി: ഓഗസ്റ്റ് 4, 5, 6 – 18, 19, 20**
**സെപ്റ്റംബർ 15, 16, 17**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

ലുണ്ടായിരുന്ന ക്ലേശങ്ങൾ വർത്തമാനപുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കുന്നതുകൊണ്ട് അതിലേക്കൊന്നും കടക്കുന്നില്ല. പുത്തൻകൂർ സമുദായ തലവനായ മാർത്തോമ്മാ മെത്രാന്റെ സഭൈക്യവും പഴയകൂർ സമുദായത്തിന് ഒരു മെത്രാനും (പോർച്ചുഗീസ് മെത്രാനെ വേണമെന്നാണ് ആദ്യം അപേക്ഷിച്ചത്. പിന്നീട് സ്വന്തം സമുദായത്തിൽനിന്നും മെത്രാൻ വേണമെന്ന ആവശ്യമുന്നയിച്ചു. ഒരു വികാരിജനറാളും (ആർച്ചുഡീക്കന് തുല്യമായ പദവി) വേണമെന്നതായിരുന്നു പ്രധാന ആവശ്യങ്ങൾ. മലങ്കരയോഗം ഇക്കാര്യങ്ങളാണ് ഇരുവരെയും ഏല്പിച്ചു വിട്ടത്. തങ്ങളുടെ സഭയോടുള്ള അടങ്ങാത്ത സ്നേഹവും തീക്ഷ്ണതയും മൂലം ഇരുവരും എത്രമാത്രം ക്ലേശങ്ങളും അപമാനങ്ങളും സഹിച്ചുവെന്ന് വർത്തമാനപ്പുസ്തകം വായിക്കുന്ന വർക്ക് മനസ്സിലാകും. ഇതുപോലെയുള്ള ക്ലേശങ്ങൾ പുതിയ തലമുറയ്ക്ക് സ്വപ്നം കാണുവാൻ പോലും സാധിക്കില്ല.

### 3. പ്രതിസന്ധിയിലും പതറാത്ത ദൈവാശ്രയബോധം

ദീർഘമായ കാൽനടയാത്രയെ തുടർന്ന് (നാലരമാസക്കാലം) 1778-ാം ആണ്ട് നവംബർ 14-ന് കരിയാറ്റിൽ മല്പാനും പാറേമാക്കൽ തൊമ്മൻ കത്തനാരും രണ്ട് വൈദിക വിദ്യാർത്ഥികളും മദ്രാസ് ചിന്നപട്ടണത്തുനിന്ന് കപ്പൽ മാർഗ്ഗം യാത്ര തിരിച്ചു. കരിയാറ്റിൽ മല്പാന് മരണഭയം പോലും ഉണ്ടാകത്തക്കവിധം ശരീരമാസകലം വ്രണങ്ങളും നീരും ഉണ്ടായി. "മനുഷ്യർക്കു അസാദ്ധ്യമായത് ദൈവത്തിന് സാദ്ധ്യമാണ്" (ലൂക്കാ 18:27) എന്ന ദൈവവചനത്തിൽ മുറുകെ പിടിച്ചുകൊണ്ട് പ്രാർത്ഥനയിലും ജാഗരണത്തിലും ശരണം വച്ചുകൊണ്ട് എല്ലാം ദൈവത്തിന് സമർപ്പിച്ചു. രോഗം ഭേദമായി. ഇങ്ങനെ അനേക അവസരങ്ങളിൽ അസുഖമായും, വസൂരിയായും കടൽ ക്ഷോഭവും കൊടുങ്കാറ്റുമായും

**കരിയാറ്റിൽ യൗസേപ്പ് മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കൽ തോമാ ഗവർണ്ണദോരുടെയും വീര സാഹസിക യാത്രാവിവരണമാണ് 'വർത്തമാനപ്പുസ്തകം'. എട്ടു വർഷത്തെ പോർച്ചുഗൽ റോമായാത്രാവിവരണത്തോടൊപ്പം ഒരു ആത്മകഥാകഥനം കൂടിയാണീ ഗ്രന്ഥം. മലങ്കര മാർത്തോമ്മാ നസ്രാണി സഭയിലെ പഴയകൂർ വിഭാഗത്തിൽപ്പെട്ട രണ്ടുപേരുംകൂടി മലങ്കരയിലെ സഭയുടെ ഐക്യത്തിനും വ്യക്തിത്വസംരക്ഷണത്തിനും വേണ്ടി നടത്തിയ പോരാട്ടങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.**




സഭ വ്യാപാരി പോർ ച്ചുഗലിലും റോമിലും മറ്റും വിവിധ വ്യക്തികളിലൂടെയും ഒത്തിരിയേറെ വേദനകളും പ്രതിസന്ധികളും ഇരുവരും തരണം ചെയ്യുകയുണ്ടായി. അപമാനത്തിന്റെയും സഹനത്തിന്റെയും അവസരങ്ങളിൽ അടിയുറച്ച ദൈവവിശ്വാസവും ദൈവശരണവും പ്രാർത്ഥനകളുമായിരുന്നു ഇരുവർക്കും വഴികാട്ടിയായത്. പരി. ദൈവമാതാവിനോടും മാർത്തോമ്മാ ശ്ലീഹായോടും വിശുദ്ധന്മാരോടുമുള്ള മാദ്ധ്യസ്ഥവും പ്രാർത്ഥനയും അവർക്ക് കൈമുതലായുണ്ടായിരുന്നു. പ്രതിസന്ധിയുടെ ഘട്ടങ്ങളിലൊക്കെ ആരിലൂടെയെങ്കിലുമൊക്കെ ദൈവം പ്രവർത്തിക്കുന്നതായി ഇരുവർക്കും ബോദ്ധ്യമുണ്ടായിരുന്നു. ജീവിതവഴിയിൽ തളർന്നുപോകാമായിരുന്ന അവസരങ്ങളിലൊക്കെ ദൈവവചനത്തെ ഇരുവരും മുറുകെ പിടിച്ചിരുന്നു. ബൈബിളിലെ വിവിധ സംഭവങ്ങളും വ്യക്തികളും വചനങ്ങളും വർത്തമാനപ്പുസ്തകത്തിൽ പലയിടത്തും തങ്ങളുടെ ജീവിതവഴികളുമായി ബന്ധപ്പെട്ട് വിശദീകരിക്കപ്പെടുന്നുണ്ട്.

### 4. അനീതിക്കെതിരെയുള്ള ശക്തമായ ശബ്ദം

വിദേശമിഷനറിമാർ മലങ്കരയിലെ സഭയോടു ചെയ്ത അനീതികൾക്കും അക്രമങ്ങൾക്കുമെതിരായ ധാർമ്മികരോഷം ശക്തമായ ഭാഷയിൽ വർത്തമാനപ്പുസ്തകത്തിൽ പ്രകടമാകുന്നുണ്ട്. പൗലിസ്ത്യരുടെ (ഈശോസഭക്കാർ) അവഹേളനത്താൽ 1653-ൽ കൂനൻ കുരിശുസത്യത്തെ തുടർന്ന് അപമാനഭാരം സഹിക്കാതെ സഭാകൂട്ടായ്മയിൽ നിന്നും അകന്നുപോയ പുത്തൻകൂർ സമുദായത്തിന്റെ കാര്യം സൂചിപ്പിക്കുന്നുണ്ട്. അതിനുകാരണം റോമാ മാർപ്പാപ്പയോടുള്ള വെറുപ്പല്ല, വിദേശ മിഷനറിമാരോടുള്ള എതിർപ്പായിരുന്നു എന്ന കാര്യവും സ്പഷ്ടമാക്കുന്നുണ്ട്.


ഈശോസഭക്കാരെ തുടർന്ന് പഴയകൂർ സമുദായം കർമ്മലീത്താ മിഷനറിമാരുടെ അവഹേളനത്തിനും പീഡനങ്ങൾക്കുമിരയായി. ചില സംഭവങ്ങൾ വർത്തമാനപ്പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. 72-ാം പാദത്തിൽ യൗസേപ്പ് സൊല്ലിദോരെ എന്ന മെത്രാനും മിഷനറിമാരും മലങ്കരയിലെ സഭയെക്കുറിച്ച് മാർപ്പാപ്പയ്ക്കയച്ച ചില പരാതികൾക്ക് ശക്തമായ ഭാഷയിലാണ് ഗ്രന്ഥകാരൻ മറുപടി നൽകുന്നത്. ഇവിടെയും ബൈബിളിലെ ചില സംഭവങ്ങളെയും വ്യക്തികളെയും കൂട്ടുപിടിക്കുന്നുണ്ട്. “ഒന്നുകിൽ പഠിച്ചിരിക്കണം, അല്ലെങ്കിൽ കുടിച്ചിരിക്കണമെന്ന്” മലയാളത്തിലൊരു ചൊല്ലുണ്ട്. നീ ഈ റിപ്പോർ ട്ട് എഴുതി അയച്ചത് പഠിച്ചിട്ടല്ല, കുടിച്ചിട്ടാണെന്നാണ് എനിക്കു തോന്നുന്നത്.... ഈ അടുത്തകാലത്ത് ഇടപ്പള്ളിക്കാരൻ ചാക്കോ കത്തനാരെ കാര്യത്തിന്റെ സത്യാവസ്ഥ അന്വേഷിച്ചറിയാതെയും മരണസമയത്ത് കുമ്പസാരവും കുർബാനയും യാചിച്ചിട്ട് അതുപോലും നൽകാതെയും മുറിയിൽ പൂട്ടിയിട്ടു കൊന്നശേഷം പട്ടിയെപ്പോലെ ഒരു പായിൽ പൊതിഞ്ഞുകെട്ടി, ഒരു കുളത്തിന്റെ കരയിൽ അർദ്ധരാത്രിയിൽ കുഴിച്ചിട്ടതും, നാലു പള്ളിക്കാർ കേട്ടു വിധിക്കുന്നതിനു മുൻപ് ശിക്ഷയൊന്നും നടത്തുകയില്ലെന്ന് നിങ്ങൾതന്നെ 1773-ാം ആണ്ട് അങ്കമാലി യോഗം മുൻപാകെ എഴുതി ഒപ്പിട്ടു തന്നിട്ട്, നമ്മുടെ ജനങ്ങളുടെ കഴിവില്ലായ്മയും പിടിപ്പില്ലായ്മയും കൊണ്ട് നിങ്ങൾ എഴുതി തന്നതൊന്നും കൂട്ടാക്കാതെ പനച്ചിക്കൽ വർഗീസ് കത്തനാരെ മലയാറ്റൂർ പള്ളിയിൽ പുതുഞായറാഴ്ച തിരുനാളിന് ജനക്കൂട്ടത്തിന് നടുവിൽ നിന്നും കുറ്റം വെളിപ്പെടുത്താതെ പിടിച്ചുകെട്ടി കഴുത്തിൽ തുടലുമിട്ട് വലിച്ചുകൊണ്ടുപോയി വടുകരെക്കൊണ്ട് തല്ലിച്ചതപ്പിച്ചതും ഞങ്ങളുടെ പള്ളികളിലെ പെരുന്നാളാഘോഷത്തിന് വന്നിട്ട് അവിടെയുള്ള നേർച്ചപ്പണം മുഴുവൻ വാരിക്കെട്ടിക്കൊണ്ടുപോയിട്ട് നിങ്ങളുടെ ഇഷ്ടം പോലെ ധൂർത്തടിക്കുന്നതുമെല്ലാം നിങ്ങൾ ദൈവത്തെ പ്രതി ചെയ്യുന്നതാണ്. (വർത്തമാനപ്പുസ്തകം പേജ് 371-372). അടിച്ചമർത്തപ്പെട്ട ഒരു ജനത്തിന്റെ മുഴുവൻ വികാര വിചാരങ്ങളും ധാർമ്മിക രോഷവും വർത്തമാനപ്പുസ്തകത്തിൽ പ്രകടമാകുന്നുണ്ട്.

ഇൻഡ്യക്കാരനെ ഭരിക്കാൻ ഇൻഡ്യക്കാരൻ മതിയെന്ന് ഇൻഡ്യൻ സ്വാതന്ത്ര്യസമരനേതാക്കൾ പറയുന്നതിനും അനേക ദശാബ്ദങ്ങൾക്കു മുൻപെ തന്നെ വർത്തമാനപ്പുസ്തകത്തിലൂടെ പറഞ്ഞുവയ്ക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്.

## 5. വർത്തമാനപ്പുസ്തകത്തിന്റെ വർത്തമാനകാല പ്രസക്തി

വർത്തമാനപ്പുസ്തകം കഴിഞ്ഞ കാലത്തെഴുതിയ വെറുമൊരു യാത്രാവിവരണ ഗ്രന്ഥം മാത്രമല്ല ക്രൈസ്തവ സമൂഹത്തിന്റെ ഒരു കാലഘട്ടത്തിലെ വികാര വിചാരങ്ങളും ഹൃദയത്തുടിപ്പുകളും അടിച്ചമർത്തലിന്റെയും സ്വാതന്ത്ര്യമില്ലായ്മയുടെയും സ്വത്വപ്രതിസന്ധിയുടെയും ഐക്യദാഹത്തിന്റെയുമൊക്കെ സാക്ഷ്യങ്ങൾ കൂടിയാണ്. മലങ്കരയിലെ സഭ കൂനൻ കുരിശു സത്യത്തെത്തുടർന്ന് രണ്ടായി പിളർന്നതിനു ശേഷം ഒന്നാകണമെന്ന അടങ്ങാത്ത ദാഹവുമായിട്ടാണ് മലങ്കരയിലെ പുത്തൻകൂർ - പഴയകൂർ വിഭാഗങ്ങൾ നിലകൊണ്ടത്. ഒന്നാം മാർത്തോമ്മായും നാലാം മാർത്തോമ്മായും അഞ്ചാം മാർത്തോമ്മായും ആറാം മാർത്തോമ്മായും (മാർ ദിവന്നാസ്യോസ് ഒന്നാമൻ) ദിവന്നാസ്യോസ് അഞ്ചാമനും ഒക്കെ സഭൈക്യത്തിനുവേണ്ടി ദാഹിച്ചവരാണ്. ആറാം മാർത്തോമ്മായുടെ സഭൈക്യ അപേക്ഷയുമായിട്ടാണ് കരിയാറ്റിലും പാറേമാക്കലും ലിസ്ബണിലും റോമിലുമൊക്കെ പോയതും അനുവാദം വാങ്ങി തിരികെ വന്നതും.


പക്ഷെ കരിയാറ്റിലിന് മെത്രാപ്പോലീത്താ സ്ഥാനം ലഭിച്ച് തിരികെ മലങ്കരയിൽ കാലുകുത്താനായില്ല. ഗോവായിലേക്കാണ് അദ്ദേഹത്തെ കൊണ്ടുപോയത്. അവിടെ അദ്ദേഹം സംശയകരമായ സാഹചര്യത്തിൽ മരണമടയുകയും തന്റെ സ്വപ്നങ്ങളും പദ്ധതികളും നടക്കാതെ പോകുകയും ചെയ്തു.



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**നീതു ജോൺ, കൊച്ചറ**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജ്യോതി ജസ്റ്റിൻ, മുണ്ടിയാക്കൽ**

കരിയാറ്റിൽ മെത്രാപ്പോലീത്ത മലങ്കരയിലെത്തിയിരുന്നെങ്കിൽ മാർത്തോമ്മോ നസ്രാണി സമൂഹം ഇന്ന് അനൈക്യത്തിന്റെ പടുകുഴിയിലമരുകയില്ലായിരുന്നു. പഴയകൂർ സമുദായത്തിലുള്ള സീറോ മലബാർ സഭയും അസീറിയൻ സഭയും (സൂറായി), പുത്തൻകൂർ സമുദായത്തിലുള്ള മലങ്കര ഓർത്തഡോക്സ് സഭയും (മെത്രാൻ കക്ഷി), മലങ്കര യാക്കോബായ സഭയും (ബാവാ കക്ഷി), മലങ്കര മാർത്തോമ്മാ സഭയും (നവീകരണ കക്ഷി), മലങ്കര കത്തോലിക്കാ സഭയും, തൊഴിയൂർ സ്വതന്ത്രസുറിയാനി സഭയും, ഇവാഞ്ചലിക്കൽ സഭയും കൂടാതെ സി.എസ്.ഐ. സഭയിലെ ബഹുഭൂരിപക്ഷം വരുന്ന സുറിയാനി ക്രിസ്ത്യാനികളും എല്ലാം മലങ്കര മാർത്തോമ്മാ നസ്രാണി സഭയുടെ ഭാഗമാണ്.

ഈ സഭകളൊക്കെ ഒരു പൊതു മേലദ്ധ്യക്ഷന്റെ കീഴിൽ ഒന്നാകണമെന്നതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ വലിയ ആവശ്യം. അതിനായിട്ടുള്ള ശ്രമങ്ങളാണ് ഇനിയും നടക്കേണ്ടത്. മാർത്തോമ്മാ ശ്ലീഹായുടെ അപ്പസ്തോലിക പൈതൃകമുള്ള ഒരു പൊതു മേലദ്ധ്യക്ഷൻ (പാത്രിയാർക്കീസ്) പത്രോസിന്റെ പിൻഗാമിയോട് ഐക്യത്തിലായിരുന്നുകൊണ്ട് മലങ്കരയിലെ സഭ സഭൈക്യരംഗത്ത് ഒരു പുതിയ വഴികാട്ടിയായി മാറണം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അമ്പതാം വാർഷികം അചരിക്കുന്ന അവസരത്തിലെങ്കിലും സഭൈക്യതത്വങ്ങൾ പ്രയോഗത്തിലാക്കാൻ ശ്രമിച്ചില്ലെങ്കിൽ ഇനിയൊരു അമ്പതു വർഷം കഴിഞ്ഞാലും 'സഭൈക്യ വഞ്ചി തിരുനക്കര തന്നെ'യായിരിക്കും. പ്രാദേശികമായ തലങ്ങളിൽ സഭകൾ തമ്മിലുള്ള സംവാദത്തിന് എല്ലാ സഭകളും താല്പര്യമെടുക്കണം. ഇപ്പോൾ നടക്കുന്ന സഭൈക്യ സംരംഭങ്ങളൊക്കെ വെള്ളത്തിലെ കുമിളകൾപോലെ അല്പായുസ്സാകാൻ കാരണം സഭൈക്യത്തെ യേശുക്രിസ്തു കണ്ടതുപോലെ ഗൗരവമായി കാണാത്തതുകൊണ്ടാണ്. സഭൈക്യം സാദ്ധ്യമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ കടന്നുവരവ് കേരളസഭയിൽ ഉണ്ടാകണം.


## സമാപനം

'ജീവിതം സഭയോടൊത്ത്' എന്ന ശൈലി അന്വർത്ഥമാക്കിയ രണ്ട് മഹാവ്യക്തിത്വങ്ങളായിരുന്നു കരിയാറ്റിൽ മെത്രാപ്പോലീത്തായും പാറേമാക്കൽ ഗോവർണ്ണദോരും. സഭയുടെ ഐക്യം, സ്വത്വ സംരക്ഷണം, വളർച്ച, ഇൻഡ്യൻ ദേശീയത, സഭയുടെ സ്വാതന്ത്ര്യം തുടങ്ങിയ കാര്യങ്ങളൊക്കെ വർത്തമാനപ്പുസ്തകം പ്രകടമാക്കുന്നുണ്ട്. പറയാനുള്ള കാര്യം നിർഭയം തുറന്നുപറയുന്നതോടൊപ്പം, ആരോടും അകാരണമായി വഴക്കടിക്കാനും പിണങ്ങാനും ഇരുവരും തയ്യാറാകുന്നുമില്ല. യേശുക്രിസ്തുവിന്റെ കുരിശിലെ സ്നേഹവും ക്ഷമയും ഇരുവരും പ്രകടമാക്കുന്നുമുണ്ട്. ആരോടും കലഹിക്കാതെ തന്നെ സഭയിൽ ഐക്യവും സഹവർത്തിത്വവും സഹകരണ മനോഭാവവും നടപ്പിലാക്കാമെന്ന് ഇരുവരും തെളിയിച്ചു. □

### അവാർഡ് ലഭിച്ചു



**കേരള കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് 2014 – 2015 വർഷത്തെ ഗുരുപൂജ അവാർഡ് ഫാ. ഡോ. ആനിയിൽ തരകന് ലഭിച്ചു.**




**ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**തോമസ്, അയിരൂർ**



**ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**തോമസ്, അയിരൂർ**



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയ്നർ

# ആരായിരിക്കണം നിന്റെ സുഹൃത്ത്



പുതിയ കലാലയ ജീവിതത്തിന് തുടക്കം കുറിക്കുന്ന തിരക്കിലാണ് പല വിദ്യാർത്ഥികളും. കടിഞ്ഞാൺ ഇല്ലാത്ത ലോകത്തെ കോളേജ് കുമാരന്മാരായും കോളേജ് കുമാരിമാരായും ആകാശം മുട്ടെ സ്വപ്നലോകം തേടിയുള്ള യാത്ര. പുതിയ കോളേജ് വിദ്യാഭ്യാസത്തിലേയ്ക്ക് കടക്കുന്നവരുടെ മനസ്സ് ഇതിനുവേണ്ടി വെമ്പൽ കൊള്ളുകയാണ്. ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ടേണിംഗ് പോയന്റാണ് ഈ കാലഘട്ടം. സ്കൂൾ തലത്തിൽ പഠനത്തിനും സ്വഭാവ മഹിമയ്ക്കുമെല്ലാം മുൻപന്തിയിൽ നിന്ന പലരും ഈ കാലഘട്ടത്തിൽ ചില്ലുകൊട്ടാരം പോലെ തകർന്ന് തരിപ്പണമാകുന്നത് നിത്യക്കാഴ്ചയാണ്. അദ്ധ്യാപകരുടെയോ മാതാപിതാക്കളുടെയോ നിയന്ത്രണങ്ങൾക്ക് വിധേയപ്പെടാതെ ചരടില്ലാത്ത ഒരു പട്ടമായി മാറാനാണവർക്കാഗ്രഹം. ഈ പ്രായത്തിൽ നിയന്ത്രണമാകുന്ന ചരടിന്റെ പ്രസക്തി ഇവർക്ക് മനസ്സിലാവുകയില്ല. എവിടെയെങ്കിലും പോയി മൂക്കുകുത്തി തകർന്നുവീഴുമ്പോഴാണ് ഇവർക്ക് ബോധോദയമുണ്ടാകുന്നത്. ആ ചരട് എന്നെ നിയന്ത്രിക്കാനുണ്ടായിരുന്നെങ്കിൽ ഈ ഗതികേട് വരില്ലായിരുന്നുവെന്ന് തോന്നും. പക്ഷേ സമയം അപ്പോഴേയ്ക്കും അതിക്രമിച്ചിരിക്കും. ആർക്കും രക്ഷപെടുത്താൻ പറ്റാത്ത പടുകുഴിയിലേയ്ക്ക് ഇവർ പതിച്ചിരിക്കും. സ്വന്തം കഴിവുകളും കഴിവില്ലായ്മകളും മനസ്സിലാക്കാതെ എനിക്ക് അവനാകണം, അവളാകണം എന്ന ചിന്തയാണ് ഇവരെ നയിക്കുന്നത്. നിനക്ക് മറ്റൊരാളാകാൻ സാധിക്കുകയില്ല എന്ന സത്യം ആദ്യമേ ബോദ്ധ്യപ്പെടുക. നിന്റെ ശക്തിദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് അത് നിനക്കെങ്ങനെ അനുകൂലമാക്കി മാറ്റിയെടുക്കാം എന്നാവണം ചിന്ത.

എല്ലാവരുടെയും പ്രതീക്ഷകളായിരുന്ന പല വിദ്യാർത്ഥികളും കോളേജ് ജീവിതത്തിൽ തകർന്നടിയുന്നതിനുള്ള കാരണം അന്വേഷിച്ചാൽ നമുക്ക് കാണാൻ പറ്റുന്നത് ഒന്നുമാത്രമാണ്. ഇവരുടെ കൂട്ടുകെട്ട്. നല്ല സുഹൃത്ത് ബന്ധം ഏതൊരു വ്യക്തിക്കും അനിവാര്യം തന്നെ തന്റെ സന്തോഷവും ദുഃഖങ്ങളും പങ്കുവയ്ക്കുവാൻ ഏവർക്കും ഒരു നല്ല സുഹൃത്ത് അനിവാര്യമാണ്. അതില്ലാതെ എല്ലാം മനസ്സിലൊതുക്കിവച്ച് വീർപ്പുമുട്ടുന്ന ഒരുകൂട്ടം ആൾക്കാരുണ്ട് “Keeping Under the Carpet” എല്ലാം കാർപ്പെറ്റിനുള്ളിൽ ഒളിച്ചുവയ്ക്കുന്നവർ. ഇവർക്ക് Sycko Somastic Disiese ഉണ്ടാകാനുള്ള സാദ്ധ്യത ഏറെയാണ്. ഒരു സുഹൃത്തിനെ തെരഞ്ഞെടുക്കുമ്പോൾ അവൻ അല്ലെങ്കിൽ അവൾ ആരാണെന്ന് പലവട്ടം അന്വേഷിക്കണം. തെറ്റായ ഒരുസുഹൃത്ത് ബന്ധത്തിലാണ് നിങ്ങൾ കൂടിയിരിക്കുന്നതെങ്കിൽ ആ വ്യക്തിയിലുള്ള എല്ലാ ദുശ്ശീലങ്ങളും ഒരു ക്യാൻസർ പോലെ നിങ്ങളിലേയ്ക്ക് പടർന്നുകയറും. മദ്യപാനം, പുകവലി മുതലായ ദുശ്ശീലങ്ങളുള്ള ഒരു വ്യക്തിയുമായി ഈ കാര്യത്തിന് മനസ്സിൽ പോലും സ്ഥാനം കൊടുക്കാത്തയൊരാൾ കൂട്ടുകൂടുകയാണെങ്കിൽ അതു തന്നെ സംഭവിക്കും.

മനോഹരമായ കാലഘട്ടമാണ് വിദ്യാഭ്യാസ കാലഘട്ടം. 20-25 വയസ്സിനുള്ളിൽ ഈ കാലഘട്ടം അവസാനിക്കും. പിന്നെ നിങ്ങളെങ്ങോട്ടാണ് പോകുന്നതെന്നറിയാമോ? ഒരു യുദ്ധഭൂമിയിലേയ്ക്ക്. ജീവിതമാകുന്ന യുദ്ധക്കളത്തിലേയ്ക്ക്. അവിടെ വിജയിക്കണമെന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്. പക്ഷേ ഒരു ചെറിയ ശതമാനത്തിന് മാത്രമേ ഈ യുദ്ധത്തിൽ ജയിക്കാൻ പറ്റൂ. ജീവിതത്തിലെ ഏറ്റവും മനോഹര കാലഘട്ടമായ വിദ്യാഭ്യാസ കാലത്ത് ജീവിതമാകുന്ന യുദ്ധഭൂമിയിൽ വിജയിക്കുവാൻ വേണ്ട ആയുധങ്ങൾ നിങ്ങളുടെ ആവനാഴിയിൽ ശേഖരിച്ചിട്ടില്ലായെങ്കിൽ നിങ്ങളുടെ ജീവിതവും പരാജയമായി മാറും.

# ഇടയശബ്ദം
## (5 – ാം പേജ് തുടർച്ച)

ജീവനെ നിലനിർത്താൻ ആധുനിക വൈദ്യശാസ്ത്രം തുറന്നിട്ട ജാലകങ്ങളാണ് കോശമാറ്റവും അവയവമാറ്റവും (Tissue and Organ Donation). ലോകത്തെ ജയിച്ച യേശു രോഗത്തെ മറികടക്കുവാൻ തുറന്നു തരുന്ന ജാലകങ്ങൾ! നഷ്ടമായത് തിരിച്ചുകിട്ടുമ്പോഴുള്ള സന്തോഷം അവാച്യമത്രേ. ആവശ്യമായതിന്റെ ഇരട്ടി നൽകി സൃഷ്ടാവ് മനുഷ്യനെ അനുഗ്രഹിച്ചത് അനുപേക്ഷണീയമെങ്കിലും അധികമുള്ളവ സ്വമേധയാ പങ്കുവെച്ച് തന്റെ സന്തോഷം പൂർണ്ണമാക്കുവാൻ തന്നെയാണ്. കാഴ്ച വീണ്ടുകിട്ടണമെന്ന് കരഞ്ഞപേക്ഷിച്ചവന് (മർക്കോ.10:51) കാഴ്ച നൽകിയ സൗഖ്യദായകൻ ആവശ്യക്കാരുടെ അത്താണിയാകുവാൻ നമ്മെ നിർബന്ധിക്കുന്നു. അവൻ ഇന്നും പറയുന്നത്, "നിങ്ങൾ അവർക്ക് ഭക്ഷണം നൽകുവിൻ"എന്നത്രേ(ലൂക്കോ 9:13).

അവയവ സ്വീകർത്താക്കൾ ഏറെ, ദാതാക്കൾ വിരളവും. കാരണം മതിയായ ബോധവല്ക്കരണം ഈ തലത്തിൽ നൽകപ്പെട്ടിട്ടില്ല എന്നതും അനാവശ്യമായ ഭയാശങ്കകളും, അധാർമ്മികമാകുമോ എന്ന അങ്കലാപ്പും നിലനിൽക്കുന്നു എന്നതുമാണ്. അംഗഹീനനായി സ്വർഗ്ഗത്തിൽ പോകുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കുവാൻ തന്നെയാണ് യേശു പഠിപ്പിച്ചത് (മത്തായി 18:8-9). ഈ ദുഃസ്ഥിതി മാറുകതന്നെ വേണം. നാം ശ്രദ്ധിക്കുന്നതോടൊപ്പം പൊതുസമൂഹത്തിന്റെ സഹകരണവും ബോധവല്ക്കരണവും നാം ഏറ്റെടുക്കണം. 85-ാം പുനരൈക്യ വാർഷിക വേളയിൽ ഈ ദിശയിലുള്ള നീക്കത്തിന് നാന്ദി കുറിക്കുവാൻ നാം തയ്യാറെടുക്കുകയാണ്. ഹൃദയ - ഹൃദയമാറ്റ ശസ്ത്രക്രിയകൾ, ഡയാലിസിസ്സ്, അവയവദാന സമ്മതപത്ര സ്വീകരണം തുടങ്ങിയവയ്ക്ക് പ്രേരണയും പ്രോത്സാഹനവും കൈത്താങ്ങും നൽകുവാൻ പരമാവധി പരിശ്രമം നടത്തുവാൻ നമുക്കൊന്നായി ശ്രമിക്കാം.

സ്വന്ത ശരീരവും ശരീരാവയവങ്ങളും കച്ചവടച്ചരക്കാക്കുന്ന അധാർമ്മിക ലോകത്തിലാണ് നാം ജീവിക്കുന്നത്. അവയവ മാഫിയകൾ കഴുകൻ കണ്ണുകളോടെ ചുറ്റിത്തിരിയുന്നു; കച്ചവടമാണവരുടെ ലക്ഷ്യം. കള്ളക്കടത്തിനും മയക്കുമരുന്നു കടത്തിനും ഒപ്പം അവയവക്കടത്തിനുവേണ്ടി നിസ്സഹായരെയും നിരക്ഷരരെയും കുട്ടികളെയും തട്ടിയെടുക്കുകയും ബലിയാടുകളാക്കുകയും ചെയ്യുന്നത് ആധുനിക കാലത്തെ ഭീകരതയുടെ ബീഭത്സ മുഖമത്രേ. തിന്മ ആധിപത്യം പുലർത്തുന്ന ഇരുണ്ട ഇടങ്ങളിലും നന്മയുടെ നിറവെളിച്ചം പകരുവാൻ ലോകത്തിൽ നന്മ പുലരണം എന്നാഗ്രഹിക്കുന്ന ഏവർക്കും കഴിയും. ആ യജ്ഞത്തിൽ നമുക്ക് അണിചേരാം. അതിനുള്ള വിനീതാഹ്വാനമായി ഇതിനെ കാണണം.

1994-ലെ മനുഷ്യാവയവ പറിച്ചുനടൽ നിയമം (Transplantation of Human Organs - 1994) വഴി നമ്മുടെ രാജ്യം അവയവദാനത്തിന് നിയമപരമായ അംഗീകാരം നൽകിയിട്ടുള്ളതാണ്. വൃക്ക, കരൾ, കണ്ണ്, ശ്വാസകോശം, അഗ്ന്യാശയം (പാൻക്രിയാസ്), ഹൃദയം എന്നിവയാണ് പറിച്ചുനടാവുന്ന മനുഷ്യാവയവങ്ങൾ. വൃക്കകളിൽ ഒന്നും പാൻക്രിയാസിന്റെയും കരളിന്റെയും ഒരു നിശ്ചിതഭാഗവുമാണ് ദാനം ചെയ്യാൻ കഴിയുക. ദാതാക്കളിൽ അവ അല്പ കാലത്തിനകം സ്വാഭാവികമായി പൂർവ്വസ്ഥിതിയിലെത്തുകയും ചെയ്യും. ത്വക് (ചർമ്മം), അസ്ഥി, തരുണാസ്ഥി (cartrilages), ധമനി (arteries), രക്തവാഹിനിക്കുഴൽ (veins), ഹൃദയവാൽവുകൾ, മജ്ജ (marrow) മുതലായവയാണ് അവയവദാനത്തിന് സജ്ജമായ മറ്റ് അവയവഭാഗങ്ങൾ.




സാമൂഹിക വിലക്കുകൾ, മാനസിക ഭയം, ചുറ്റുമുള്ളവരുടെ വിലക്കുകൾ, സന്ദേഹങ്ങൾ, അബദ്ധധാരണകൾ, സാമ്പത്തിക ഭാരം, ബോധവല്ക്കരണത്തിന്റെ അപര്യാപ്തത തുടങ്ങിയവ ദൂരീകൃതമായാൽ മാത്രമേ അവയവദാനത്തിന് സ്വമേധയാ സമ്മതം നൽകുവാൻ പര്യാപ്തമായ അന്തരീക്ഷം സമൂഹത്തിൽ സംജാതമാകൂ. സന്നദ്ധസംഘടനകളും സാക്ഷരതാമിഷനുകളും ഭരണസംവിധാനങ്ങളും പൗരബോധമുള്ളവരുടെ സാമൂഹിക കൂട്ടായ്മകളും ഇക്കാര്യത്തിൽ സ്വമേധയാ മുമ്പോട്ടു വരേണ്ടതുണ്ട്. ലോകത്തിന് നന്മയായിട്ടുള്ളതൊന്നും സഭയ്ക്ക് അന്യമല്ല. അത് സഭയുടെയും താല്പര്യ

വിഷയമാകണം.

അവയവദാനം രണ്ടു വിധത്തിലാണ് നടക്കുക – ജീവിച്ചിരിക്കുമ്പോൾ നടത്തുന്ന അവയവദാനവും മരണാനന്തരമുള്ള കൈമാറ്റവും. ''അവയവദാനത്തിനുള്ള മനസ്സ് മാനവരാശിയോടുള്ള ഒരു വ്യക്തിയുടെ അഗാധമായ സ്നേഹവും മഹനീയ മാതൃകയുമാണ്. ജീവിച്ചിരിക്കെ സമ്മതദാനപത്രത്തിൽ ഒപ്പിടുന്നത് ദാതാവിന്റെ ബോധപൂർവ്വമുള്ള ദാനവും സമർപ്പണവുമാണ്. അത് ബലാത്ക്കാരപരമോ ഭീഷണിക്ക് വഴിപ്പെട്ടോ ആകരുത്. മരണശേഷം അവയവദാനത്തിന് സമ്മതം നൽകി എന്ന കാരണത്താൽ ജീവിച്ചിരിക്കെ ഏതെങ്കിലും കാരണവശാൽ അവരെ അതിന് വിധേയരാക്കുന്നത് അധാർമ്മികമായിരിക്കും; നേരിയ സംശയത്തിനുകൂടി ഇടനൽകാൻ പാടില്ല. കൃത്യതയില്ലാത്ത ഘട്ടങ്ങളിൽ കരുതലിന്റെ തത്വം (The principles of caution) നിരങ്കുശം പാലിക്കപ്പെടണം" പരിശുദ്ധ ഫ്രാൻസിസ് പാപ്പ അർത്ഥശങ്കയ്ക്കിടയില്ലാതെ പഠിപ്പിക്കുന്നു. മാത്രമല്ല അവയവത്തിന്റെ ഉദാരമായ സ്വീകരണം സ്വീകർത്താവിന് എല്ലാക്കാര്യത്തിലും സമൂഹത്തോട് ഔദാര്യമനസ്കനാകുവാൻ വഴിതുറക്കണം. ദാനത്തിന്റെ മഹിമ ഗ്രഹിക്കുന്നവനു മാത്രമേ ഔദാര്യം പുലർത്താനാകൂ. കൃതജ്ഞതയുടെയും സാമൂഹ്യപ്രതിബദ്ധതയുടെയും ദാനത്തിന്റെയും സംസ്കൃതി രൂപപ്പെടുവാൻ ഇത് മനുഷ്യവംശത്തെ പ്രാപ്തമാക്കുമെന്നുകൂടി പാപ്പ പഠിപ്പിക്കുന്നു.


മനുഷ്യജീവനെപ്പറ്റിയുള്ള പുതിയ അവബോധം വളർന്നുവരുവാൻ അവയദാന മഹായജ്ഞം ഒരു സംസ്കൃതിയായി വളർത്തി എടുക്കേണ്ടതുണ്ട്; തെറ്റിദ്ധാരണ ദൂരീകൃതമാകണം; മുൻവിധികൾ നീങ്ങണം; സന്ദേഹങ്ങളും ഭയാശങ്കകളും ശരിയായ അവബോധത്തിന് വഴിമാറ്റപ്പെടുക തന്നെ വേണം. പഠനങ്ങളും ചർച്ചകളും ദൃഢീകരണവും എന്നത്തെക്കാൾ വ്യാപകമാക്കേണ്ടിയിരിക്കുന്നു. നാം ജീവിക്കുന്ന കാലഘട്ടത്തിലെ അനുപേക്ഷണീയമായ ആവശ്യമായി ഇത് മാറിക്കഴിഞ്ഞു. മടിച്ചുനിൽക്കുക അസാദ്ധ്യമായിരിക്കുന്നു.

സാധാരണ മരണശേഷമുള്ള അവയവദാനത്തിൽ നേത്രദാനം മാത്രമാണ് നടക്കുക. ഓർക്കുക: നേത്രപടലം (cornea) മാത്രമാണ് ശസ്ത്രക്രിയവഴി സ്വീകർത്താവിന് നൽകുക. ഏറെപ്പേർ തെറ്റിദ്ധരിക്കുംപോലെ നേത്രത്തിന്റെ സമ്പൂർണ്ണനിർമ്മാർജ്ജനമല്ല. മസ്തിഷ്കമരണശേഷമുള്ള അവയവദാനപത്രത്തിൽ സമ്മതം നൽകിയാൽ തന്നെ, നേരവകാശിയുടെ സമ്മതത്തോടുകൂടി മാത്രേ അത് സ്വീകരിക്കുകയുള്ളൂ. ഒരുവന്റെ ഇപ്രകാരമുള്ള ആഗ്രഹം സാധ്യമാക്കുവാൻ ബന്ധുമിത്രാദികൾക്ക് ഉത്തരവാദിത്വമുണ്ട്. മരണ ശേഷം ചിതലിനും പുഴുവിനും കൂടുകളായി ഭവിക്കുന്ന അവയവങ്ങൾ സ്വസഹോദരനു നല്കുന്നതിൽ എന്തിന് അമാന്തിക്കണം. വേദനയില്ലാതെ, ഛേദമില്ലാതെ ഇങ്ങനെ ഒരു സത്കർമ്മത്തിൽ നമുക്ക് പങ്കാളികളാകാൻ പറ്റില്ലേ ?

കേരളത്തിൽ അവയവദാന പദ്ധതി സഭയായി ആദ്യമായി ഏറ്റെടുക്കുന്നത് മലങ്കരകത്തോലിക്കാ സഭയത്രേ. 85–ാമത് പുനരൈക്യ വാർഷിക സമാപന സമ്മേളന വേദിയിൽ കേരള മുഖ്യമന്ത്രി ആദരണീയനായ ശ്രീ. ഉമ്മൻചാണ്ടിയുടെ കൈയ്യിൽ ഒരു ലക്ഷം പേരുടെ സമ്മതിദാന പത്രം രേഖാമൂലം ഏല്പിക്കുവാൻ ഉള്ള ക്രമീകരണത്തിൽ താല്പര്യപൂർവ്വം നമുക്ക് അണിചേരാം. ഇതരമതസ്ഥരായ നമ്മുടെ സഹോദരങ്ങളെക്കൂടി ഈ മഹാദാനയജ്ഞത്തിൽ – ഈ ആർദ്രസ്നേഹ പദ്ധതിയിൽ – പങ്കെടുപ്പിക്കുവാൻ പ്രതിജ്ഞാബദ്ധരാകാം.

നമ്മുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും കുടുംബങ്ങളിലും പൊതുസമൂഹത്തിലും ശരിയായ ദിശയിലുള്ള ബോധവല്ക്കരണം നൽകുവാൻ നമുക്ക് ഒരു മനസ്സോടെ ശ്രമിക്കാം. നമുക്ക് അനുകമ്പയുള്ളവരാകാം. അവയവ ദാനപത്രത്തിൽ ഒപ്പിടുവാൻ മനസ്സ് കാട്ടാം. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്'' (മത്താ. 25:40). സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കാം (മത്താ. 6:20). അന്ധകാരത്തെ ദൂരീകരിക്കാം; സ്വാർത്ഥതയെ ആട്ടിയകറ്റാം. സ്നേഹത്തിന്റെ നെയ്ത്തിരി കത്തിക്കാം. ലോകത്തിന് ദിശാബോധം നൽകാം.


# Matrimonial



ഷിജു പി ജോസ് (28) S/O പി. എസ് ജോസ് & ബീനാ ജോസ് പുതുപ്പറമ്പിൽ കൊച്ചിൻ ചേരിയിൽ, ജോസ് വില്ല, കാവുംഭാഗം, പി.ഒ തിരുവല്ല. പിൻ. 689 102. ഒമാനിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലി. MBA, കത്തീഡ്രൽ ഇടവക. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

മലങ്കര കത്തോലിക്ക യുവതി, തിരുവല്ല അതിരൂപത അമയന്നൂർ ഇടവക, ഏകമകൾ, വയസ് 34/165. നാട്ടിൽ സ്ഥിരം ജോലിയുള്ളവരും ഡിഗ്രി ഉള്ളവരുമായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 8281651335



# നിഷ്പാദുക കർമ്മലീത്താസഭ
## (Order of the Discalced Carmelites) (O.C.D)

സന്യാസവർഷം 2015

## I. കർമ്മലസഭയുടെ ചരിത്രവും സിദ്ധിയും

### i. ആരംഭം

തിരുസഭയിലെ അതിപുരാതനസഭകളിൽ ഒന്നാണ് കർമ്മലീത്താ സഭ. ചരിത്രരേഖകൾ അനുസരിച്ച് പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്. ഇതിന്റെ ആവിർഭാവം. പലസ്തീനായിലെ കർമ്മല മലയിൽ കുറെ താപസികൾ എലിയാസിന്റെ ഉറവിടത്തിന് സമീപം പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു കപ്പേളക്കു ചുറ്റും താമസിച്ചിരുന്നു. വി. ഏലിയാസിനെ അവരുടെ ആദർശ പുരുഷനായി അവർ സ്വീകരിച്ചു. കന്യകാമറിയത്തിന്റെ കപ്പേളയുടെ ചുറ്റും വസിച്ചിരുന്നതുകൊണ്ട് അവരെ ജനങ്ങൾ 'കന്യകാമറിയത്തിന്റെ' സഹോദരർ എന്നു വിളിച്ചിരുന്നു. കർമ്മല മലയിൽ ആരംഭിച്ചതുകൊണ്ട് "കർമ്മലിത്തർ" എന്ന പേരും അവർക്കു ലഭിച്ചു.

മുഹമ്മദീയർ പലസ്തീനാ പിടിച്ചെടുത്തതുകൊണ്ട് അവർക്ക് യൂറോപ്യൻ രാജ്യങ്ങളിലേക്കു നീങ്ങേണ്ടിവന്നു. അവിടെ ബാഹ്യസമ്മർദ്ദത്തിന് വിധേയരായി അപ്പസ്തോലിക പ്രവർത്തനവും അവർക്ക് സ്വീകരിക്കേണ്ടി വന്നു. ഇത് ഒരു പ്രതിസന്ധി സഭയിൽ സൃഷ്ടിച്ചു. തദവസരത്തിൽ, സഭയുടെ ജനറൽ സുപ്പീരിയറായിരുന്ന വി. സൈമൺ സ്റ്റോക്ക് സഭയുടെ സംരക്ഷകയായ പ. കന്യകാമറിയത്തോടു പ്രാർത്ഥിച്ചെന്നും, അവളുടെ സംരക്ഷണത്തിന്റെ അടയാളമായി ഉത്തരീയം അവൾ അദ്ദേഹത്തിന് കൊടുത്തുവെന്നുമാണ് പാരമ്പര്യം.

പുരുഷന്മാർക്കായി ആരംഭിച്ച ഈ സഭ. 1453-ൽ സ്ത്രീകൾക്കായി തുറക്കപ്പെട്ടു. പക്ഷേ അവരുടെ ജീവിത രീതിയും. കാരിസവും ധ്യാനി

റവ. ഫാ. പാട്രിക് ഒ.സി.ഡി.

ക്കുക മാത്രമായിരുന്നു. പുരുഷന്മാരുടെ വിഭാഗത്തെ 'ഒന്നാം സഭയെന്നും! സ്ത്രീകൾക്കായുള്ളതിനെ രണ്ടാം സഭയെന്നും വിളിക്കുന്നു.

**ii. നവീകൃത കർമ്മലിത്താ സഭ (OCD)**

പതിനാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടം തിരുസഭക്ക് ആകമാനം ആധ്യാത്മിക തളർച്ചയുടെ കാലമായിരുന്നു. ഇതിന്റെ അവസാനം പ്രോട്ടസ്റ്റൻസ് വിപ്ലവവും പാശ്ചാത്യസഭയുടെ പിളർച്ചയും ആയിരുന്നു. നവീകരണത്തിനുള്ള പല സംരംഭങ്ങൾ തിരുസഭയിലും വിവിധ സന്യാസസഭകളിലും നടന്നു. നവീകരിക്കപ്പെട്ട സന്യാസ വിഭാഗങ്ങൾക്ക് സാധാരണയായി "നിഷ്പാദുകർ" എന്ന പേരും നല്കപ്പെട്ടു.

കർമ്മല സഭയെ സംബന്ധിച്ചിടത്തോളം സ്ഥായിയായ ഒന്ന് ആവിലായിലെ വി. ത്രേസ്യ ആരംഭിച്ച നവീകൃത സഭയായിരുന്നു. ഇത് ആരംഭിക്കുക ആവിലായിലെ വി. യൗസേപ്പിന്റെ മഠത്തിലായിരുന്നു. 1562 -ലാണ് അതു സ്ഥാപിതമായത്. 1568 കുരിശിന്റെ വിശുദ്ധ യോഹന്നാൻ ക്രൂസിന്റെ സഹായത്തോട് പുരുഷവിഭാഗത്തിലേക്കു അതു വ്യാപിച്ചു. കർമ്മല സഭയുടെ ആദിമ ചൈതന്യത്തെ പരിപോഷിപ്പിച്ച് പുഷ്ടിപ്പെടുത്താനാണ് ഇരു വിശുദ്ധരും പരിശ്രമിച്ചത്. മുറിവേറ്റ് വിഭജിക്കപ്പെട്ട തിരുസഭയെ പുനരുദ്ധരിക്കാനായിരുന്നു വി. ത്രേസ്യായുടെ ശ്രമം. അവൾക്ക് അവളുടേതായ ഒരു സമരതന്ത്രം ഉണ്ടായിരുന്നു. തിരുസഭയെ സമുദ്ധരിക്കുന്നതിന് വിശുദ്ധരായ നേതാക്കന്മാർ ഉണ്ടാകണം. അതിനായി അവളുടെ മക്കളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ധ്യാനാത്മകമായ അവരുടെ ജീവിതംകൊണ്ട് യേശുവിന്റെ ഉത്തമ സുഹൃത്തുക്കളാകുന്ന അവരുടെ പ്രാർത്ഥനാശക്തികൊണ്ട് സഭയെ ഉദ്ധരിക്കണം. അവളുടെ പുത്രന്മാർ ഇപ്രകാരമുള്ള ജീവിതത്തിന് പുത്രിമാരെ സഹായിക്കുകയും ആധ്യാത്മികതലത്തിലുള്ള അവരുടെ ബാഹ്യപ്രവർത്തനങ്ങളാലും തിരുസഭയിൽ ആധ്യാത്മിക നിലവാരം ഉയർത്തുകയും വേണം. കർമ്മല സഭയുടെ മരിയാത്മകവും ധ്യാനാത്മകവുമായ സിദ്ധിയെ ഒരു പുതിയ സിദ്ധിയാൽ അവർ പൂർത്തിയാക്കി. പിൽക്കാലത്ത് വി. കൊച്ചുത്രേസ്യാ അവളുടേതായ ശൈലിയിൽ ഇതിനെ ഇങ്ങനെ വിവരിച്ചു: മാതാവായ തിരുസഭയുടെ ഹൃദയത്തിൽ സ്നേഹമായിരിക്കും.

ഇന്ന് എല്ലാ ഭൂഖണ്ഡങ്ങളിലുമായി ഏതാണ്ട് പതിനായിരം സന്യാസിനികൾ 780 മഠങ്ങളിലായി തങ്ങളുടെ സേവനം തിരുസഭക്ക് നല്കുന്നു. പ്രത്യേകിച്ച് മിഷ്യൻ രാജ്യങ്ങളിലും രൂപതകളിലും.അവളുടെ പുത്രിന്മാർ ധ്യാനാത്മകമായ പ്രവർത്തനങ്ങളാലും തിരുസഭക്കുവേണ്ടി പരിശ്രമിക്കുന്നു. ലോകം മുഴുവൻ 45 പ്രവിശ്യകളിലായി 4000 സന്യാസികൾ വിവിധ പ്രേഷിത ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. സ്ഥലത്തെയും തിരുസഭയുടെ ആവശ്യമനുസരിച്ച് ഒരോ പ്രേഷിതത്വത്തിന്റെ വിവിധ രംഗങ്ങളിൽ, ഇടവകസേവനം സാമൂഹിക പ്രവർത്തനം, സുവിശേഷ വൽക്കരണം എന്നീ മേഖലകളിൽ അവർ സേവനം ചെയ്യുന്നു.

**iii. ഭാരതീയ കർമ്മലിത്തർ, മലബാർ പ്രവിശ്യ**

ഭാരതത്തിലെ ആദ്യത്തെ ഭവനവും നവസന്യാസ ഗൃഹവും 1620 ൽ ഗോവായിൽ സ്ഥാപിതമായ ആശ്രമമായിരുന്നു. പക്ഷേ അത് യൂറോപ്യൻ യുവാക്കൾക്ക് വേണ്ടിയുള്ളതായിരിന്നു. തദ്ദേശീയർക്കായുള്ളത് ആരംഭിക്കാൻ പല പരിശ്രമങ്ങളും നടന്നെങ്കിലും വിജയം പ്രാപിച്ചത് തിരുവനന്തപുരത്ത് കാർമൽഗിരി ആശ്രമത്തിൽ 1927-ൽ തുറന്ന നവ സന്യാസ ഭവനത്തോടു കൂടിയായിരുന്നു. വിവിധ റീത്തിലും ദേശങ്ങളിലും നിന്നുള്ള യുവാക്കൾ അവിടെ പ്രവേശിച്ചു. ബൽജിയത്തിലെ ഫ്ളാൻഡേർഡ് പ്രോവിൻസ് ആരംഭിക്കുകയും മറ്റുള്ള യൂറോപ്യൻ പ്രോവിൻസുകൾ സഹകരിക്കുകയും ചെയ്ത ആ സംരംഭം 1937 ൽ ഒരു വൈസ് പ്രൊവിൻസായി സ്ഥാപിക്കപ്പെട്ടു. 1947 തദ്ദേശയരിൽ ഭരണഭാരം നിക്ഷിപ്തമായി. 1967 -ൽ അത് ഒരു പ്രൊവിൻസായി ഉയർത്തപ്പെട്ടു. 1 1997 -ൽ അത് സീറോ മലബാർ സഭയുടെ കീഴിൽ കർമ്മലീത്താ സഭയുടെ പ്രഥമ പൗരസ്ത്യ പ്രവിശ്യയായിത്തീർന്നു. 2014-ലെ സ്ഥിതിവിവര കണക്കനുസരിച്ച് 400 അംഗങ്ങളും 27 ഭവനങ്ങളുമുണ്ട്. അവരുടെ പ്രവർത്തനം കേരളത്തിൽ ഒതുങ്ങുന്നില്ല: കർണാടക, പഞ്ചാബ്, ബീഹാർ, ജാർഘണ്ട് എന്നിവിടങ്ങളിൽ അവർക്ക് ഭവനങ്ങളുണ്ട്.

## II. പുനരൈക്യ പ്രസ്ഥാനവും കർമ്മലീത്തരും

**i. പതിനേഴും പതിനെട്ടു നൂറ്റാണ്ടുകളിൽ**

1653 ജനുവരി 3-ാം തീയതി മട്ടാഞ്ചേരിൽ നടന്ന കൂനൻകുരിശു സത്യത്തോടെ അന്നുവരെ ഒന്നായിരുന്ന മാർത്തോമാ ക്രിസ്ത്യാനികൾ രണ്ടായി വിഭജിക്കപ്പെട്ടു. ആർച്ച് ഡീക്കൻ പറമ്പിൽ തോമാ കത്തനാരുടെ അസാധുവായ മെത്രാൻ പട്ട സ്വീകരണത്തോടെ സംഗതികൾ വഷളായി. വിവരം റോമായിൽ അറിയുക താമസിച്ചായിരുന്നു. വിഭജനത്തിനു മുമ്പു തോമാ ആർച്ച് ഡീക്കൻ ഒരപേക്ഷ സിംഹാസത്തിനയച്ചിരുന്നു: ഈശോ സഭകൾക്കു പകരം മറ്റേതെങ്കിലും സന്യാസസഭക്കാരെ അയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആർച്ച് ഡീക്കൻ 1642-ൽ ഉണ്ടായിരുന്ന മുൻ പരിചയം വച്ചുകൊണ്ട് കർമ്മലീത്തരെ കിട്ടുന്നതിൽ സന്തോഷം പ്രകടിപ്പിച്ചിരുന്നു. ഇത് ആസ്പദമാക്കി ആയിരിക്കണം കർമ്മലീത്താ കമ്മീസർമാരെ വിവരങ്ങൾ സൂക്ഷ്മമായി അന്വേഷിച്ചിക്കുന്നതിനായി മലബാറിലേക്കയച്ചത്. ഫാ. ജോസഫിന്റെ പരിശ്രമഫലം പൂർണ്ണമായി വിജയിച്ചില്ലെങ്കിലും, വളരെ പള്ളികളെ ആർച്ചുഡീക്കന്റെ അധികാരത്തിൽ നിന്നും നീക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞു. റിപ്പോർട്ട് കൊടുക്കാൻ റോമിലേക്കു പോയ അദ്ദേഹം തിരിച്ചു വരുക മെത്രാനായാണ്. (മോൺസിത്തോർ സെബസ്തിയാനി). ഒരു തദ്ദേശീയമെത്രാനെ വാഴിക്കുന്നതിനുള്ള അധികാരവും. പ. സിംഹാസനം അദ്ദേഹത്തിന് നല്കിയിരുന്നു. തന്റെ ദൗത്യം വിജയത്തിന്റെ പാതയിലേക്ക് നീങ്ങിയെങ്കിലും പ്രൊട്ടൊസ്റ്റന്റ് കാരായ ഡച്ചു

കാർ കൊച്ചി കീഴടക്കിയോടെ വിദേശിയായ അദ്ദേഹം മലബാറിനോട് വിട പറയേണ്ടി വന്നു. പോകുന്നതിനു മുമ്പ് കുറവിലങ്ങാട് സ്വദേശിയും പറമ്പിൽ കുടുംബാംഗമായിരുന്ന ചാണ്ടി കത്തനാരെ മെത്രാനായി വാഴിച്ച് തന്റെ അധികാരമെല്ലാം നല്കി. അദ്ദേഹമാണ് മാർത്തോമാ ക്രിസ്ത്യാനികളിൽ നിന്നുള്ള ആദ്യ മെത്രാൻ.

സെബസ്ത്യാനി മെത്രാൻ ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം പല കാരണങ്ങളാൽ വേണ്ടത്രഫലം പുറപ്പെടുവിച്ചില്ല. അദ്ദേഹത്തെ പിൻതുടർന്ന കർമ്മലീത്താ മിഷനറിമാർ, അജപാലനം അക്രൈസ്തവരുടെ മാനസാന്തരം തുടങ്ങിയവയിൽ കൂടുതൽ ശ്രദ്ധ കാണിച്ചതുകൊണ്ടും മറ്റ് കാരണങ്ങളാലും പുനരൈക്യ പ്രസ്ഥാനത്തിന് മാന്ദ്യം സംഭവിച്ചു.

### ii. പുനരൈക്യപ്രസ്ഥാനവും കർമ്മലീത്തരും ഇരുപതാം നൂറ്റാണ്ടിൽ

ഇരുപതാം നൂറ്റാണ്ടിൽ ദൈവദാസനും ഭാഗ്യസ്മരണാർഹനുമായ മാർ ഈവാനിയോസ് പിതാവാണ് പുനരൈക്യ പ്രസ്ഥാനത്തിന് ഒരു നവീന രൂപം നല്കിയത്. ഈ അവസരത്തിൽ അന്ന് കൊല്ലം മെത്രാനും കർമ്മലീത്താക്കാരനുമായ മോൺസിഞ്ഞോൻ അലോഷ്യസ് മരിയ ബെൻസിഗർ നല്കിയ സേവനം അവിസ്മരണീയമാണ്. അതു സംബന്ധിച്ച് റോമുമായി നടത്തിയ കത്തിടപാടുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. മലങ്കര സഭയിൽ നിന്നുള്ള രണ്ടു പിതാക്കന്മാരെയും കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കാൻ ബെൻസിഗർ പിതാവിനെയാണ് പ. സിംഹാസനം നിയോഗിച്ചത്. 1930 സെപ്റ്റംബർ 20-ാം തീയതി നടന്ന ആ ചരിത്രസംഭവംകത്തോലിക്കാസഭയിൽ ഒരു പുതിയ റീത്തിന് ഉത്ഭവം കുറിക്കുകയായിരുന്നു. 1932 ൽ മലങ്കര ഹൈരാർക്കി സ്ഥാപിതമായപ്പോൾ അതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തുന്നതിനു അന്നു കാർമ്മഗിരി ആശ്രമത്തിൽ വിശ്രമിച്ചുകൊണ്ടിരുന്ന ബെൻസിഗർ പിതാവിനെയാണു പ. സിംഹാസനം നിയോഗിച്ചത്.

തിരുവനന്തപുരത്തെ കർമ്മലീത്താ ആശ്രമമായ പാങ്ങോട് പള്ളിയുമായി മാർ ഈവാനിയോസ് പിതാവിന്റെ പിൻഗാമികൾ കാത്തുവച്ച സൗഹൃദബന്ധം അവിസ്മരണീയമാണ്. തിരുവല്ല ബിഷപ്പായിരുന്ന മാർ സേവേറിയോസ് വി. കൊച്ചുത്രേസ്യായുടെ ഒരു വലിയ ഭക്തനായിരുന്നു. തിരുവല്ല കത്തീഡ്രലിന്റെ സഹമദ്ധ്യസ്ഥയായി വി. കൊച്ചുത്രേസ്യ അവരോധിക്കപ്പെട്ടു. വിവിധ ദേവാലയങ്ങളും സ്ഥാപനങ്ങളും അവളുടെ നാമധേയത്തിലായി. പുനരൈക്യ പ്രസ്ഥാന വിജയത്തിന് അവളുടെ മാദ്ധ്യസ്ഥം എത്രമാത്രമെന്ന് അവസാന ദിവസമേ നാം അറിയുകയുള്ളൂ. തിരുവല്ലയിൽ ഉള്ള ഒരു കർമ്മലീത്ത മഠസ്ഥാപനവും സേവേറിയോസ് പിതാവിന്റെ താത്പര്യപ്രകാരം നടന്നതാണ്.

### iii. മലങ്കരസഭയിൽ ഒരു കർമ്മലീത്താ ദയറാ

മലങ്കര സഭാംഗങ്ങൾ കർമ്മലീത്തരാകുമ്പോൾ മാത്രമേ 17-ാം നൂറ്റാണ്ടിൽ കർമ്മലീത്ത മിഷനറിമാർ ആരംഭിച്ച പുനരൈക്യസേവനം പൂർത്തിയാകുകയുള്ളൂ. 1927 -ലാണ് തദ്ദേശീയ കർമ്മലീത്താക്കാർക്കായി ഒരു നവസന്യാസ ഗൃഹം ആരംഭിച്ചതെന്ന് നാം കണ്ടു. അവിടെ റീത്ത് വ്യത്യാസം കൂടാതെ അർത്ഥികളെ സ്വീകരിച്ചിരുന്നു. 1932-ൽ പുത്തൻപീടിക സ്വദേശിയായ മാമ്മൂട്ടിൽ എം.സി. വർഗീസായിരുന്നു പ്രഥമ സന്യാസാർത്ഥി. അദ്ദേഹം വി. ലോറൻസിന്റെ ഫിദേലിസ് എന്ന പേരോടെ 1934 -ൽ പ്രഥമ വ്രതവാഗ്ദാനവും 1937 ആഘോഷ വ്രതവാഗ്ദാനവും നടത്തി. എന്നിട്ടും ചിലർ മലങ്കരസഭയിൽനിന്നും ചേർന്നെങ്കിലും ആഘോഷവ്രതവാഗ്ദാനം വരെ അവർ എത്തിയില്ല.

സ്ഥായിയായ ഒരു സേവനത്തിന് ഒരു കർമ്മലീത്താ ഗ്രാമം തന്നെ മലങ്കരസഭയിൽ സ്ഥാപിച്ചെങ്കിലെ സാദ്ധ്യമാകുകയുള്ളൂ എന്ന ധാരണയിൽ മലബാർ പ്രവിശ്യാ അതിന്റെ 2002-ലെ പൊതുസമ്മേളനത്തിൽ ദൈവവിളി പ്രോത്സാഹനത്തിനായി സീറോ മലങ്കര റീത്തിൽ ഒരു പുതിയ ആശ്രമം ഉണ്ടാക്കണമെന്ന് താത്പര്യപ്പെട്ടു. അന്ന് തിരുവല്ല മെത്രാപ്പോലീത്ത ഐസക് മാർ ക്ലീമിസ് രൂപതാ കൗൺസിലിന്റെ അഭിപ്രായം ആരാഞ്ഞു. ശേഷം അതിനുള്ള അനുവാദം നൽകി. അത് രൂപതയ്ക്കു മുഴുവനും പ്രത്യേകിച്ച് വൈദികർക്കും സന്യാസിനികൾക്കും ഉപകാരപ്രദമായിരിക്കും എന്നഭിപ്രായപ്പെട്ടു. ഒരു ആദ്ധ്യാത്മിക പഠനകേന്ദ്രവും അദ്ദേഹം ആരംഭിച്ചു. അന്ന് വികാർ ജനറലായിരുന്ന മോൺസിഞ്ഞോർ സ്റ്റീഫൻ തോട്ടത്തിലിന്റെ സഹായത്തോടെ റാന്നിയിൽ വരവൂർ എന്ന സ്ഥലത്ത് രണ്ടേക്കർ സ്ഥലവും വീടും 2004 നവംബർ 23-ാം തീയതി മലബാർ പ്രോവിൻസ് വാങ്ങി കെട്ടിടം ഒരു ദയറാ ആയി 2007 ജൂലൈ മൂന്നാം തീയതി തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ആശീർവദിച്ചു. മലങ്കര സഭയിലെ ആദ്യ ഭവനം ജൂൺ 30-ാം തീയതി നൈയാമികമായി സ്ഥാപിക്കപ്പെട്ടു.

ഒരു പ്രധാന ലക്ഷ്യങ്ങളാണ് ഈ പുതിയ സംരംഭത്തിനുണ്ടായിരുന്നത്. ദീർഘകാലമായി മലങ്കരസഭയുമായി ബന്ധപ്പെട്ടിരുന്ന കർമ്മലീത്തർക്ക് അവരുടെ പ്രത്യേകസിദ്ധിയായ ആദ്ധ്യാത്മിക തലത്തിലുള്ള ശുശ്രൂഷ ഈ സഭയ്ക്ക് നൽകുക. ഈ ശുശ്രൂഷ ഭാവിയിൽ മലങ്കര സഭാമക്കൾ തന്നെ നടത്തുന്നതിന് കർമ്മലീത്താ സഭയുടെ ഒരു മലങ്കര യൂണിറ്റിന് രൂപം കൊടുക്കുക. ഈ ലക്ഷ്യപ്രാപ്തി ഇന്നും സുവിശേഷത്തിലെ വിത്തുപോലെ ഒരുക്കപ്പെട്ടിട്ടേ ഉള്ളൂ. അവ മുളച്ച് വളർച്ച പ്രാപിക്കേണ്ടിയിരിക്കുന്നു.

ഇപ്പോൾ ഈ ദയറായിൽ അഞ്ചംഗങ്ങൾ മാത്രമേ ഉള്ളൂ. ഫാദർ ആന്റണി കുന്നത്തുപറമ്പിൽ-സുപ്പീരിയർ, ഫാദർ പാട്രിക് -അതിരൂപതയിലെ ആദ്ധ്യാത്മഗുരു, ഫാദർ മാത്യു -പുഷ്പഗിരി ഹോസ്പിറ്റലിലെ ചാപ്ലിൻ, ഫാദർ ജോസഫ്- മാരാമൺ, പുല്ലാട് എന്നീ ഇടവകയിലെ വികാരി. പല മഠങ്ങളിലും കുമ്പസാരക്കാരായും ആദ്ധ്യാത്മിക ഗൈഡുകളായും അവർ സേവനം ചെയ്യുന്നു.

●




**ഫാ. ബെന്നോ പുതിയാപറമ്പിൽ**
പാവനാത്മാ കോളജ്, മുരിക്കാശേരി

# പ്രേമത്തെ വിലയിരുത്തുമ്പോൾ

കഴിഞ്ഞ ദിവസം രണ്ടാം വർഷ ഡിഗ്രി ജേർണലിസം ക്ലാസിൽ ചെന്നപ്പോൾ കുട്ടികൾ ഒരേസ്വരത്തിൽ ചോദിച്ചു, “അച്ചാ പ്രേമം കാണിക്കാൻ കൊണ്ടുപോകാമോ?'' ഞാൻ ചോദിച്ചു എന്താണ് അതിന്റെ പ്രത്യേകത. ഉടൻ തന്നെ 54 പേരും ഒരേ സ്വരത്തിൽ പറഞ്ഞു; “നല്ല പടമാ, അടിപൊളി പടമാ അച്ചാ.'' ഞാൻ തീയേറ്ററിലെത്തി. രണ്ടാം വാരമായിട്ടും നിറയെ യുവജനങ്ങൾ. ഹൗസ് ഫുള്ളായ തീയേറ്ററിന്റെ മൂലയിലിരുന്നപ്പോൾ പ്രേമം ആസ്വദിക്കുന്ന ഇന്നത്തെ യുവതലമുറയുടെ കാഴ്ചപ്പാടുകളിലെ മാറ്റങ്ങൾ, ആസ്വാദനതലത്തിന്റെ വൈവിദ്ധ്യം, സനാതന സങ്കല്പങ്ങൾ തകിടം മറിയുന്നതിന്റെ സന്തോഷം ആർപ്പുവിളിയിലൂടെ പ്രകടിപ്പിക്കുന്ന കാഴ്ച നിർന്നിമേഷനായി ഞാൻ നോക്കിക്കണ്ടു.



**‘മാതൃദേവോ ഭവ, പിതൃദേവോ ഭവ, ആചാര്യദേവോ ഭവ, അതിഥി ദേവോഭവ’**

പ്രേമം എല്ലാ മനുഷ്യരിലും ഉൾച്ചേർന്നിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. മനുഷ്യവംശത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെ ഈ പ്രേമസങ്കല്പമാണ്. എന്നാൽ അതിശ്രേഷ്ഠമായ ഈ ഭാവത്തെ അവതരിപ്പിച്ചപ്പോൾ ഉണ്ടായ ചില വികലതകൾ ഇവിടെ സൂചിപ്പിക്കട്ടെ. ഒന്നാമതായി ഈ ചിത്രത്തിന്റെ ആരംഭം മുതൽ അവസാനം വരെ സിഗരറ്റ് വലി ആരോഗ്യത്തിന് ഹാനികരം എന്നും, മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്നും എഴുതിക്കാണിച്ചിട്ട് ആദ്യന്തം ജീവിതം കുടിച്ചും പുകച്ചും ആസ്വദിക്കുന്ന യുവതലമുറയുടെ പ്രതീകങ്ങൾക്ക് എഴുതിക്കാണിക്കുന്ന വാക്കുകൾ പോത്തിന്റെ ചെവിയിലോതുന്ന വേദവാക്യങ്ങൾക്ക് തുല്യമല്ലേ? ഇന്നത്തെ തലമുറയുടെ സ്വപ്നങ്ങൾ തല്ലിത്തകർക്കാൻ, ജീവിതവീക്ഷണം മാറ്റിമറിക്കാൻ, ജീവിതം അടിപൊളിയാക്കാൻ, ഈ സിനിമയുടെ സ്വാധീനം ഭയാനകമാണ് എന്ന യാഥാർത്ഥ്യം ഇനിയെങ്കിലും തിരിച്ചറിഞ്ഞെങ്കിൽ നന്നായിരുന്നു. പരമ്പരാഗത ജീവിത സങ്കല്പങ്ങൾ ചീട്ടുകൊട്ടാരം പോലെ

തകർന്നടിയുന്ന ദയനീയ കാഴ്ച കണ്ടില്ലെന്നു നടിക്കാൻ നമുക്ക് കഴിയുമോ?

രണ്ടാമതായി, ഈ ചിത്രം അവതരിപ്പിക്കുന്ന അദ്ധ്യാപക സങ്കല്പം വികലവും അപൂർണ്ണവുമാണ്. ചോരയും നീരുമുള്ള ഏതു പെണ്ണും ഒരു പുരുഷന്റെ ആകർഷണ വിഷയമാണ് എന്നത് യാഥാർത്ഥ്യം തന്നെ. അദ്ധ്യാപകന്റെ അദ്ധ്യാപനരീതിയെപ്പറ്റി, ചിന്താരീതികളെപ്പറ്റി ഇത്ര വികലമായി അവതരിപ്പിക്കുവാൻ ധൈര്യം കാണിച്ച സംവിധായകൻ ഏതെങ്കിലും അദ്ധ്യാപകന്റെ കീഴിൽ ശിക്ഷണം ലഭിച്ചവനാണോ എന്ന് സംശയിക്കുന്നു. "ആചാര്യ ദേവോ ഭവ" എന്ന പരിപാവന സങ്കല്പം ഇവിടെ തകർന്നടിഞ്ഞിരിക്കുന്നു. കല ആസ്വാദനത്തിനുവേണ്ടിയുള്ളതാണെന്ന സത്യം അംഗീകരിക്കുന്നതോടൊപ്പംതന്നെ അത് സാമൂഹിക ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനതയെപ്പറ്റി എന്തുകൊണ്ടാണ് പിന്നണിയിൽ പ്രവർത്തിച്ചവർ ഓർക്കാതെ പോയത്. കഴിഞ്ഞ 21 വർഷമായി അദ്ധ്യാപക ജോലി ചെയ്യുന്ന എന്നെപ്പോലെ ഒരാൾക്ക് ഇപ്രകാരം വികലമായി ഞങ്ങളെ ചിത്രീകരിച്ചതിലുള്ള ശക്തമായ പ്രതിഷേധം അറിയിക്കുകയും ചെയ്യുന്നു. പരിപാവനമായ ആർഷഭാരത സംസ്കാരങ്ങളെ ചപ്പും ചണ്ടിയുമായി കരുതാതിരിക്കുകയാണെങ്കിൽ അത് നാളത്തെ തലമുറയുടെ അസ്ഥിവാരം ഉറപ്പിക്കുന്ന ആണിക്കല്ലുകളാണെന്ന ബോദ്ധ്യം വിസ്മരിക്കാതിരിക്കാം.



മൂന്നാമതായി, മാതാപിതാക്കളുടെ മക്കളെപ്പറ്റിയുള്ള കാഴ്ചപ്പാട് വികലം തന്നെ. പ്രിൻസിപ്പലിന്റെ മുറിയിലിരുന്ന് ജോർജ് എന്ന കഥാപാത്രത്തിന്റെ പിതാവ് പ്രകടിപ്പിക്കുന്ന വികാരം കൈയ്യടിയോടെ സ്വീകരിക്കുന്ന ആധുനിക തലമുറ ആചാര്യസങ്കല്പം തകർത്ത് എറിയുന്നതിന് എന്ത് ഉത്തരം നൽകാൻ ഈ സംവിധായകന് കഴിയുന്നുണ്ട്. എന്റെ അടുത്തിരുന്ന കോളജ് വിദ്യാർത്ഥിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു. "ഇതുപോലെ ഒരപ്പൻ എനിക്കുണ്ടായിരുന്നെങ്കിൽ ഞാനയാളുടെ കാലിൽ കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കുമായിരുന്നു" എന്ന്. പ്രിൻസിപ്പലിന്റെ മുറിയിലിരുന്ന് അദ്ദേഹത്തെ ഭീഷണിപ്പെടുത്തി, മദ്യപാനത്തെ ന്യായീകരിച്ച്, ഏതു കൊള്ളരുതായ്മയ്ക്കും കൂട്ടുനിൽക്കാൻ പ്രേരണകൊടുക്കുന്ന ഒരു പിതാവിന്റെ അവതരണം വീണ്ടും നമ്മുടെ സനാതനധർമ്മങ്ങളോടും മൂല്യങ്ങളോടുമുള്ള കൊഞ്ഞനം കുത്തൽ തന്നെയല്ലേ? ഭീഷണി മുഴക്കി എന്തോ നേടിയെടുത്തു എന്ന ഭാവത്തോടെ പ്രിൻസിപ്പലിന്റെ മുറിയിൽനിന്നും പുറത്തേക്ക് ഇറങ്ങിവരുന്ന ഈ കഥാപാത്രത്തെ കൈയ്യടിയോടെ സ്വീകരിക്കുന്ന യുവതലമുറയെ സംബന്ധിച്ചിടത്തോളം പടം അടിപൊളിയായി മാറുന്നു. കാരണം ആർക്കും ആരെയും ഇന്ന് തിരുത്തുന്നത് ഇഷ്ടമല്ലാതായി മാറിയിരിക്കുന്നല്ലോ.

നാലാമതായി, ഈ ചിത്രം അവതരിപ്പിക്കുന്ന സുഹൃദ്സങ്കല്പവും അപൂർണ്ണമാണ്. നല്ല സുഹൃത്തുക്കൾ എപ്പോഴും ഒരുവന്റെ നന്മ കാംക്ഷിക്കുന്നവരാണ്. എന്നാൽ പ്രേമത്തിലെ സുഹൃത്തുക്കൾ നായകനോടൊപ്പം അവന്റെ തകർച്ചകളിൽ, പരാജയങ്ങളിൽ, മദ്യത്തിൽ അഭയം തേടാൻ പ്രേരിപ്പിക്കുന്ന കാഴ്ചയും ഭീതിയോടെ നോക്കിക്കാണാനാണ് എനിക്ക് തോന്നിയത്. ഒരുവന്റെ വേദനയിൽ അവനെ ആശ്വസിപ്പിച്ച് പരാജയത്തിൽനിന്ന് വിജയത്തിലേക്ക്, തകർച്ചയിൽനിന്ന് ഉയർച്ചയിലേക്ക് കൊണ്ടുവരാൻ സുഹൃത്തുക്കൾക്ക് കഴിയുന്നില്ല എങ്കിൽ സുഹൃദ്ബന്ധത്തിന്റെ അർത്ഥം തന്നെ വികലമാക്കപ്പെടുന്നില്ലേ എന്ന് സംശയിക്കുന്നു.

സംവിധായകന് ഇവിടെ ഏറെ ന്യായീകരണങ്ങൾ ഉണ്ടായിരിക്കാം. ഇത് വെറും ഒരു ചിത്രം മാത്രമാണ്, യാഥാർത്ഥ്യമല്ല എന്നൊക്കെ. എങ്കിലും ഇന്നത്തെ തലമുറയെ ഇത്രമാത്രം വികലമായി ചിന്തിക്കാനും ജീവിതകാഴ്ചപ്പാടുകൾ തകിടം മറിക്കാനും സനാതന മൂല്യങ്ങളെ പുച്ഛിച്ചു തള്ളാനും ഈ ചിത്രം കാരണമായതിന്റെ ഉത്തരം സമൂഹത്തിന് നൽകാൻ ചിത്രത്തിന് പിന്നിൽ പ്രവർത്തിച്ചവർക്കും ഈ ചിത്രത്തിന് പ്രദർശനാനുമതി നൽകിയവർക്കും കടമയുണ്ട്. ഭാരതത്തിന്റെ അടിത്തറ തന്നെ 'മാതൃദേവോ ഭവ, പിതൃദേവോ ഭവ, ആചാര്യദേവോ ഭവ, അതിഥിദേവോഭവ' എന്നതാണെന്ന് മറക്കാതിരിക്കാം. ആസ്വാദനത്തിനുവേണ്ടി എന്തും കാണിക്കാം എന്ന ചിന്ത ഇവിടെ തിരുത്തപ്പെടേണ്ടിയിരിക്കുന്നു.

കുടുംബവേദി



ഫാ. ജോൺ പടിപ്പുരയ്ക്കൽ

# സത്യം നിങ്ങളെ സ്വതന്ത്രരാക്കും

സപ്തവർണ്ണങ്ങളാൽ അലംകൃതമായ ആകാശവിതാനത്തിനു താഴെ ഹരിതവർണ്ണങ്ങളും മണലാരണ്യങ്ങളും പർവ്വതനിരകളും സമുദ്രങ്ങളും ഇടകലർന്ന ഭൂമി ദേവിയുടെ ഒരു ഭാഗമായ ഭാരതമൊന്നാകെ ത്രിവർണ്ണപതാക മന്ദമാരുതനാൽ പാറിപ്പറന്നുകൊണ്ട് വീണ്ടുമൊരു ഓഗസ്റ്റ് 15 കൂടി. വാഹനങ്ങളിലും ഓഫീസ് മുറികളിലും ക്ലാസ് മുറികളിലുമെല്ലാം പതാകയുടെ ചെറുപതിപ്പുകൾ. ത്രിവർണ്ണ വസ്ത്രങ്ങൾ ധരിച്ച് ഒരു പറ്റം ചെറുപ്പക്കാർ നിരത്തിലൂടെ; എല്ലാം സ്വാതന്ത്ര്യത്തിന്റെ ആഘോഷഭാഗമായി. 1947 ഓഗസ്റ്റ് 15 ന് ലഭിച്ച സ്വാതന്ത്ര്യത്തിന്റെ ഓർമ്മയാണോ നാമിന്ന് ആഘോഷിക്കുക.അതോ 47 മുതൽ അനുനിമിഷം ഞാനനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഉത്സവമോ? എനിക്കീവീട്ടിൽ ഒരു സ്വാതന്ത്ര്യവുമില്ലേ? എന്ന രണ്ടാം ക്ലാസ്സുകാരന്റെ അലറിവിളിയുടെ അകമ്പടിയോടുകൂടിയ ചോദ്യവും, മക്കളെപ്പേടിച്ച് മുറിയുടെ മൂലയിൽ മൗനം ഭജിച്ച് പ്രതിമയെപ്പോലെ നിൽക്കുന്ന എഴുപതുകാരനും, സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അവകാശമില്ലാതിരുന്ന കാലഘട്ടത്തിൽ ചോരയും നീരും വില നൽകി മാറുമറയ്ക്കാൻ നേടിയെടുത്ത അവകാശത്തെ പുച്ഛിച്ചുകൊണ്ട്, ഞാൻ മാറുമറച്ചില്ലെങ്കിൽ നിങ്ങൾക്കെന്തെന്ന് ചോദിക്കുന്ന ഒരുപറ്റം സോദരിമാരുടെ അജ്ഞതയും. അരുതെന്ന് തീരുമാനിച്ചുറച്ച തിന്മയിലേക്ക് പലപ്പോഴും വഴുതിവീണുപോകുന്ന തിരിഞ്ഞുപോകുന്ന ഞാനെന്ന വ്യക്തിയും സ്വാതന്ത്ര്യത്തിന്റെ പിന്നാമ്പുറങ്ങളിലൂടെ യാത്രചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

ജീവിതസാഫല്യം മുഴുവൻ നൽകി കരസ്ഥമാക്കുവാൻ കഴിയുന്നതോ, ദാനമായി ലഭിക്കുന്നതോ അല്ല സ്വാതന്ത്ര്യം. ഒരുവൻ അവന്റെ ഉള്ളിന്റെ ഉള്ളിൽ കണ്ടെ



ത്തുന്ന അവസ്ഥയുടെ പേരാണത്. മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കു കൊടുക്കുന്നത് ഉചിതമല്ല തുടങ്ങിയ കഠിനമായ വാക്കുകളിലൂടെ യേശു കാനാൻകാരി സ്ത്രീയെ സമീപിക്കുമ്പോൾ യജമാനന്മാരുടെ മേശയിൽനിന്ന് താഴെവീഴുന്നത് ഭക്ഷിക്കുവാൻ നായ്ക്കൾക്ക് സ്വാതന്ത്ര്യം ഉണ്ടെന്ന് അവൾ മറുപടി നൽകുന്നു. ഒത്തിരി സ്വാതന്ത്ര്യത്തോടെ അനുദിനം യേശുവുമായി ഹൃദയസംഭാഷണം നടത്തുവാൻ സാധിച്ച ഒരു വിജാതീയ സ്ത്രീയെ നാമിവിടെ കണ്ടുമുട്ടുന്നു. മറുവശത്ത് എനിക്കുള്ളതെല്ലാം നിന്റേതാണെന്ന ഉറപ്പ് അപ്പൻ നൽകുമ്പോഴും തനിക്ക് സ്വന്തമായുള്ളത് അനുഭവിക്കാനും ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം ഉള്ളിന്റെയുള്ളിൽ കണ്ടെത്തുവാൻ സാധിക്കാതെ, പിതാവിന്റെ സന്നിധിയിൽ സ്വയം ദാസ്യവേല ചെയ്യുന്ന മകനെ (മൂ

ത്തമകൻ) ധൂർത്ത പുത്രന്റെ ഉപമയിലും നാം കണ്ടുമുട്ടുന്നു. “ഞാൻ ആരാണെന്ന് തിരിച്ചറിയുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം” (Invisible man) എന്നെഴുതിയ റൂൾഫ് എല്ലിസന്റെ ചിന്തയെ ഇതിനോട് ചേർത്ത് വായിക്കട്ടെ; താൻ കാനാൻകാരിയാണെങ്കിലും സകലമനുഷ്യരുടെയും രക്ഷയ്ക്കായി ഭൂവിലവതരിച്ച സൗഖ്യദായകന്റെ സൗഖ്യസ്പർശത്തിന് തന്റെ മകളും അർഹയാണെന്നും, കാനാൻകാരും ദൈവത്തിന്റെ മക്കളാണെന്നുമുള്ള തിരിച്ചറിവിലേക്ക് അവൾ വളർന്നതും ഉള്ളിന്റെ ഉള്ളിൽ കണ്ടെത്തുവാൻ സാധിച്ച സ്വാതന്ത്ര്യത്തിന്റെ ഇരച്ചുകയറ്റം നിമിത്തം തന്നെ. വിജാതീയ സ്വജാതീയ അതിർവരമ്പുകൾക്കപ്പുറം ഉള്ളിന്റെ ഉള്ളിൽ ആർത്തിരമ്പി വന്ന സ്വാതന്ത്ര്യത്തിന്റെ വേലിയേറ്റമാവാം മറ്റുള്ളവരേക്കാൾ അധികമായി ‘അവനെ’ സ്നേഹിക്കാൻ അവളെ പ്രേരിപ്പിച്ചത്. അപ്പന്റെ നെഞ്ചിലെ ചൂടേറ്റ് അന്തിയുറങ്ങിയിട്ടും അപ്പനുള്ളതെല്ലാം തനിക്കുള്ളതാണെന്ന ‘ബോധോദയം’ പോലുമുണ്ടാകാതെ സ്വഭവനത്തിലെ കാര്യങ്ങൾ വേലക്കാരിൽനിന്നും വഴിപോക്കരിൽനിന്നും ചോദിച്ചറിയുന്ന മൂത്തമകന് അപ്പന്റെ സന്നിധിയിൽ മക്കൾക്കുള്ള സ്വാതന്ത്ര്യമെന്താണെന്നുപോലും തിരിച്ചറിയാൻ സാധിക്കുന്നില്ല. ആരും നൽകേണ്ടതല്ല, സ്വയം കണ്ടെത്തേണ്ടതും അനുഭവിച്ചറിയേണ്ടതുമാണ് സ്വാതന്ത്ര്യമെന്ന തിരിച്ചറിവിലേക്ക് വിജാതീയ സ്ത്രീയേപ്പോലെ നമ്മൾ എന്നാണോ വളർന്നു വരിക.!

യഥാർത്ഥ സ്വാതന്ത്ര്യാനുഭവത്തിന് ഒരു രണ്ടാം ജന്മമാവശ്യമാണ്; ആത്മാവിലുള്ള ജനനം. ഈ ഉൾക്കാഴ്ചയോടുകൂടിയാകാം വി. പൗലോസ് ശ്ലീഹാ പറയുക, “കർത്താവ് ആത്മാവാണ്, കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യവുമുണ്ട്'' (2കോരി 3:17). അപ്പന്റെ ദൃഷ്ടിപഥത്തിനുള്ളിൽ വസിക്കുന്നതും ആ ശബ്ദം കേൾക്കുന്നതും പാരതന്ത്ര്യമായിക്കരുതി വീടിന്റെ പടിയിറങ്ങിയ ധൂർത്തപുത്രന്റെ ഉപമയിലെ ഇളയമകന്റെയും എല്ലാവരുടെയും വസ്തുവകകൾ പിടിച്ചുപറിച്ച് തന്റെ സമ്പാദ്യപ്പെട്ടിയുടെ വിസ്താരം വർദ്ധിപ്പിക്കുവാൻ ശ്രമിച്ച സക്കേവൂസിന്റെയും ശാരീരികാഭിലാഷത്തിനുവേണ്ടി കിടക്കകൾ പലതു പങ്കിട്ട സമരിയാക്കാരിയുടെയുമൊക്കെ തിരിച്ചുവരവിന് സഹായകമായത് ''ആത്മാവിലുള്ള ജനനവും'' ഉള്ളിന്റെയുള്ളിൽ പുത്രനെന്ന നിലയിലും പുത്രിയെന്ന നിലയിലും അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെ ആഘോഷവുമാണ്. അതുകൊണ്ടാണ് സ്വത്തിൽ ‘എന്റെ’ ഓഹരി എനിക്കു തരിക എന്ന് അപ്പന്റെ മുഖത്തു നോക്കി കാർക്കശ്യത്തോടെ കയർത്തുസംസാരിക്കുന്ന മകൻ, പുത്രനെന്നു വിളിക്കപ്പെടുവാനുള്ള യോഗ്യതപോലുമെനിക്കില്ല. നിന്റെ മുൻപിൽ ഒരു നല്ല ദാസനായി മാറുവാൻ സാധിച്ചാൽ അത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമാണെന്ന് കുമ്പസാരം നടത്തുന്ന ധൂർത്തപുത്രനും, എല്ലാവരുടെയും വസ്തുവകകൾ തന്റെ കരവലയത്തിനുള്ളിലാക്കുവാൻ ശ്രമിച്ച് മനുഷ്യബന്ധങ്ങളിൽ കുള്ളനായിത്തീരുകയും ദൈവവുമായുള്ള ബന്ധത്തിനു നടുവിൽ ഒരു സിക്കമൂർ മരത്തിന്റെ അകലം കാത്തുസൂക്ഷിക്കുകയും ചെയ്തവൻ. അന്യായമായി നേടിയതിന്റെ നാലിരട്ടി അതിനർഹതപ്പെട്ടവർക്കും ന്യായമായി സമ്പാദിച്ചതിന്റെ പകുതി ദരിദ്രരുമായി പങ്കുവയ്ക്കുവാൻ തീരുമാനിച്ചതും, ശാരീരിക സുഖത്തിന് ബന്ധങ്ങളെക്കാളും സ്വജീവനേക്കാളും മൂല്യം നൽകി നാലു ചുവരുകൾക്കുള്ളിലൊതുങ്ങിയവൾ. മനുഷ്യബന്ധങ്ങളുടെ വിഹായസിലേക്ക് പറന്നടുത്തതും രണ്ടാം ജന്മത്തിന്റെ അനന്തരഫലമായി ത്തന്നെ.

ഇന്നൊരുവന് സ്വാതന്ത്ര്യത്തിനുവേണ്ടി ഏറ്റവുമധികം പടപൊരുതേണ്ടിവരിക അവനോടു തന്നെയാണ്. ശരീരവും ചിന്തയും ഇച്ഛയുമൊക്കെ അവനെ കൂച്ചുവിലങ്ങുകളാൽ ബന്ധിച്ചിരിക്കുന്നു. “സ്വാതന്ത്ര്യം അടിമത്തമാണെന്ന്” പ്രഘോഷിച്ച ആംഗ്ലേയ എഴുത്തുകാരൻ ജോർജ് ഓർവലിന്റെ ചിന്തയ്ക്കു മുമ്പിൽ നമസ്കരിക്കുവാൻ തോന്നുന്നു. “ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുക” (റോമ 7,9) എന്ന് പരിതപിച്ച പൗലോസ് അപ്പസ്തോലനും, ഒരുവൻ തനിക്കുതന്നെ അടിമപ്പെട്ടിരിക്കുന്ന അവസ്ഥയെ തുറന്നുകാണിക്കുന്നു. നാല്പത് ദിനരാത്രങ്ങളുടെ ഉപവാസാന്ത്യത്തിൽ, മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുക (ലൂക്ക 4:4) എന്നരുൾചെയ്ത മനുഷ്യപുത്രൻ ശരീരാഭിലാഷ വിമോചനം എങ്ങനെയെന്ന് പഠിപ്പിക്കുന്നു. കുരിശിൽ കിടന്നുകൊണ്ട് “പിതാവെ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും നീക്കിക്കളയേണമേ'' എന്ന അപേക്ഷയോട് ചേർത്ത് “എങ്കിലും എന്റെ ഹിതമല്ല നിന്റെ ഹിതം തന്നെ നിറവേറട്ടെ” എന്ന മനോഹരമായ പ്രാർത്ഥനയിലൂടെ സമ്പൂർണ്ണ സമർപ്പണത്തിന്റെ പുതിയ മുഖം കാണിച്ചുതരുന്ന ‘ദിവ്യ ഗുരു’ ഇച്ഛയുടെ മേലുള്ള വിജയം എങ്ങനെ നേടിയെടുക്കാമെന്ന് സ്വജീവിതത്തിലൂടെ പഠിപ്പിച്ചു.

ഇന്ദ്രപ്രസ്ഥ വീഥികളിൽ സ്വാതന്ത്ര്യദിനാഘോഷം പൊടിപൊടിക്കുവാനുള്ള ഒരുക്കങ്ങൾ തകൃതിയായി നടക്കുമ്പോൾ “സബർമതി അകലെയാണ് നവഖലിയോ നമുക്ക് ചാരെ” എന്ന് നിറമിഴികളോടെ ഉരിയാടിയ രാഷ്ട്രപിതാവിന്റെ കാൽപ്പാദം തൊട്ടുവന്ദിക്കാം. ഓരോ വർഷവും സ്വാതന്ത്ര്യദിനത്തിന്റെ ‘ഓർമ്മ’ ആഘോഷിക്കുമ്പോൾ മഹാത്മയുടെ മിഴികൾ ഈറനണിയുന്നുണ്ടാകാം. “വായിലേക്ക് പ്രവേശിക്കുന്നതല്ല, വായിൽനിന്ന് വരുന്നതാണ് ഒരുവനെ അശുദ്ധനാക്കുന്നത്'' (മത്തായി 15:11) എന്ന മത്തായി ശ്ലീഹായുടെ വചനത്തെ മുറുകെപ്പിടിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ബാപ്പുജിയെപ്പോലെ യഥാർത്ഥ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ഒരു മനസ്സും അത് എന്റെ ജീവിതത്തിൽ ആഘോഷിക്കുവാൻ തക്ക ഒരു ഹൃദയവും എനിക്ക് തരേണമേയെന്ന്.





# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

## പെന്തിക്കോസ്തിക്കുശേഷം പത്താം ഞായർ

**മത്തായി 19:13-15**

'ശിശുക്കൾ എന്റെ അടുത്ത് വ(ള)രുവാൻ അനുവദിക്കുവിൻ, അവരെ തടയേണ്ട" യേശുതമ്പുരാന്റെ വാക്കുകളുടെ അർത്ഥധ്വനി വളരെ വിശാലമാണ്. അയലത്തെ കുട്ടിയെ കണ്ടോ, അപ്പുറത്തെ മനുവിന് നൂറിൽ നൂറാ മാർക്ക്, ഗോപിയുടെ മകൻ സുന്ദറിന് സ്കോളർഷിപ്പ് കിട്ടി. ഇവിടെ ഒരുത്തനുണ്ടല്ലോ, മണ്ടൻ അവരെ നോക്കി പഠിച്ചാലെന്താ? വീടിന്റെ അകത്തളങ്ങളിൽനിന്നും മുഴങ്ങുന്ന വാക്കുകൾ കേരളീയ സമൂഹത്തിന് പരിചിതങ്ങളാണ്. എൻട്രൻസ് കോച്ചിംഗുകളും ട്യൂഷൻ കോഴ്സുകളും നിരന്തരമായ പരിശീലന പരിപാടികളും കുരുന്നുമനസ്സുകളെ ഭൗതികതയുടെ വിലങ്ങണിയിക്കുന്ന ഈ കാലഘട്ടത്തിൽ സൺഡേ സ്കൂൾദിനമായ ഇന്ന് നൽകപ്പെട്ട ദൈവവചനത്തിന്റെ അർത്ഥം ധ്യാനിക്കുന്നത് ഉചിതമാണ്.

പ്രേമാനന്ദ് എന്ന ഭാരതീയ ക്രിസ്ത്യാനിയുടെ ജീവിതത്തിലെ ഒരനുഭവം ഇത്തരുണത്തിൽ എല്ലാ മാതാപിതാക്കൾക്കും അധികാരികൾക്കും മാതൃകയാകും. പ്രേമാനന്ദ് ഒരു ക്രിസ്ത്യാനി ആയപ്പോൾ കുലവും ഗോത്രവും കുടുംബക്കാരും ബന്ധുമിത്രാദികളും അദ്ദേഹത്തെ വെറുത്തുപേക്ഷിച്ചു. സ്നേഹമയിയായ ആ അമ്മ പറഞ്ഞു, "പ്രേമാനന്ദ് അവരുടെ ഉദരത്തിലായിരുന്ന അവസരത്തിൽ ഒരു മിഷനറി നൽകിയ സുവിശേഷത്തിന്റെ പുസ്തകം വായിക്കുവാനിടയായി. ഇപ്പോഴും അവൾ ആദരവോടെ സൂക്ഷിക്കുന്ന സുവിശേഷം വായിച്ചുകഴിഞ്ഞപ്പോൾ ഒരു ക്രിസ്ത്യാനിയാകണം എന്ന ആഗ്രഹമൊന്നും ഉണ്ടായില്ല. എങ്കിലും തന്റെ മകൻ യേശുവിനെപ്പോലെ ആയിരുന്നെങ്കിൽ എന്ന്.

യേശുവിന്റെ വ്യക്തിപ്രഭാവത്തിന്റെയും ദൈവിക പ്രസരണത്തിന്റെയും നിറവിൽ അവിടുത്തെ അനുഗ്രഹം തങ്ങളുടെ കുട്ടികൾക്കുണ്ടാകണം എന്നാഗ്രഹിക്കുന്ന അമ്മമാർ ഇന്നത്തെ തലമുറയ്ക്ക് മാർഗദീപമാകണം. മായികമായ ഈ ലോകത്തിന്റെ വശീകരണത്തെ അതിജീവിച്ച് അനുഗ്രഹത്തിന്റെ വക്താക്കളായി കുട്ടികൾ വളരണമെങ്കിൽ അവർക്ക് യേശുവിനെപ്പോലെയാകാൻ സാധിക്കണം. വേദപാഠപുസ്തകത്തിന്റെ പതിനൊന്നാം ക്ലാസിലെ പാഠം ആരംഭിക്കുന്നത് ക്രിസ്തുസാദൃശ്യത്തിലേക്ക് എന്ന ആഹ്വാനവുമായിട്ടാണ്.

കുട്ടികളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുക (എഫേ 6:7) എന്ന് വി. പൗലോസ് ശ്ലീഹാ മാതാപിതാക്കന്മാരെ പഠിപ്പിക്കുന്നു. കുട്ടികളെ ശിക്ഷിക്കേണ്ടത് അപ്പനമ്മമാരുടെ ദേഷ്യം തീർക്കാൻ വേണ്ടിയാകരുത്. കുട്ടികളെ അവരുടെ തെറ്റുകൾ ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്. ബഞ്ചമിൻ മെസ്റ്റ് എന്ന ചിത്രകാരൻ താൻ എങ്ങനെയാണ് പ്രസിദ്ധനായ ഒരു കലാകാരൻ ആയതെന്ന് പറയുന്നു. ബാല്യത്തിലൊരിക്കൽ അദ്ദേഹം അമ്മയുടെ ഉടുപ്പിൽ കരികൊണ്ട് ചിത്രം വരച്ചപ്പോൾ വഴക്കുപറഞ്ഞു ശകാരിക്കുന്നതിന് പകരം തിരുത്തുകയും പിറ്റേ ദിവസം തന്നെ കടലാസും പേനയും വാങ്ങിക്കൊടുത്ത് പ്രോത്സാഹിപ്പിച്ചതുമാണ് കാരണം.

പ്രോത്സാഹിപ്പിക്കുന്നതും തലോടുന്നതും ഒക്കെ മക്കളെ ശരിയായ രീതിയിൽ വളർത്തുന്നതിനായിരിക്കണം. പഴയ നിയമത്തിൽ സാമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ഏലി എന്ന പുരോഹിത പ്രമുഖനുണ്ടായ അപചയകാരണം ഇപ്രകാരം വ്യക്തമാക്കുന്നു. "മക്കൾ ദൈവദൂഷണം പറയുന്ന കാര്യം അറിഞ്ഞിട്ടും അവരെ തടയാത്തതുമൂലം കുടുംബത്തിന്മേൽ എന്നേക്കുമായി ശിക്ഷാവിധി നടത്തുവാൻ പോവുകയാണ് (1 സാമു 3:13). പരിശുദ്ധ കന്യകമറിയവും യൗസേഫ് പിതാവും യേശുവിനെ ബാലനായിരുന്നപ്പോൾ തിരുനാളിനു കൊണ്ടുപോയിരുന്നു. 12 വയസ്സുള്ളപ്പോൾതന്നെ യേശുവിന് ദേവാലയ പണ്ഡിതന്മാരോട് സംസാരിക്കുവാൻ സാധിച്ചിരുന്നു.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട കുഞ്ഞുങ്ങളെ യേശുവിന്റെ അടുത്തേക്ക് വളരുന്നതിന് അനുവദിക്കുന്നതിനു പകരം ഈ കാലഘട്ടത്തിൽ മാതാപിതാക്കളും അധികാരസ്ഥാനത്തുള്ളവരും അവരെ തടയുന്ന ശിഷ്യന്മാരുടെ വേഷം അണിയുകയാണ്. ഭൗതിക ഭദ്രതയും ജോലിസ്ഥിരതയും സ്ഥാനമാനങ്ങളും ഒക്കെ ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ ഉള്ളിൽ നിറച്ച് അവരുടെ നിഷ്കളങ്കതയെ തച്ചുതകർക്കുകയാണ്. പുഞ്ചിരിക്കാൻ സാധിക്കാത്ത ഗൗരവപ്രകൃതരായ ബാലികാബാലന്മാർ ഈ പിരിമുറുക്കത്തിൽ ഞെളിപിരി കൊള്ളുന്നു.

കുഞ്ഞുങ്ങളുടെ കാര്യത്തിൽ മാത്രമല്ല, ഋജുമാനസരുടെ ദൈവിക വഴിയിൽ തടസമാകുന്ന ഏതൊരു വ്യക്തിയും ദൈവസന്നിധിയിൽ കണക്കുകൊടുക്കേണ്ടി വരും. ശിശുഹൃദയർക്കാണ് സ്വർഗ്ഗരാജ്യം എന്നും ശിശുക്കളാണ് ദൈവരാജ്യത്തിന്റെ അവകാശികളെന്നും യേശു പ്രഖ്യാപിക്കുമ്പോൾ അത് പ്രായപരിധിയിൽ വരുന്ന ശൈശവാവസ്ഥ

മാത്രമല്ലല്ലോ ഉദ്ദേശിക്കുന്നത്. മറിച്ച് ആത്മാവിൽ ദരിദ്രരായ നിഷ്കളങ്ക ഹൃദയരെയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ശിശു ഒരു പ്രതീകമാവുകയാണ്. ശിശുമാനസം ദൈവരാജ്യവളർച്ചയുടെ ഉത്തുംഗതയും പുറംതോടിന്റെ കടുപ്പമെല്ലാം ഉരിഞ്ഞുകളഞ്ഞ് നിഷ്കളങ്കതയും നിർമ്മലതയും നേടിയെടുക്കുക എന്നത് ഒരു വളർച്ചാ ഘട്ടമാണ്. യഥാർത്ഥത്തിൽ ഒരു ക്രൈസ്തവൻ ആർജിക്കേണ്ട നൈർമ്മല്യമാണ് ശിശുവെന്ന പ്രതീകം വഴിയായി യേശു പഠിപ്പിക്കുന്നത്. ആ നിർമ്മലത നേടിയെടുക്കുവാൻ ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്ന യേശുവിനെ മാതൃകയാക്കാം. യേശുവിലേക്ക് വളരാം. യേശുവായി വളരാം. ദൈവരാജ്യം സ്വന്തമാക്കാം.

**ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്**

## ആഗസ്റ്റ് 9 ഞായർ

**മത്തായി 21:28–32**

നമ്മുടെ കർത്താവിന്റെ തേജസ്കരണത്തിനു ശേഷം വരുന്ന ആദ്യത്തെ ഞായറാഴ്ചയാണ് ഇത്. തേജസ്കരണ വേളയിൽ തന്റെ മഹത്വം വെളിപ്പെടുത്തി ശിഷ്യന്മാരെ തന്നിലേക്ക് ഉറപ്പിച്ചു നിർത്തുന്ന കർത്താവ് ഇന്ന് വി. മത്തായി ശ്ലീഹായുടെ സുവിശേഷം 21-ാം അദ്ധ്യാം 21 അദ്ധ്യായം 28 മുതലുള്ള വാക്യങ്ങളിലൂടെ രണ്ടു തരത്തിലുള്ള വിശ്വാസ ജീവിതത്തെ നമ്മുടെ വിചിന്തിനത്തിനായി എടുത്തു കാണിക്കുന്നു.

വി. മത്തായി ശ്ലീഹായുടെ സുവിശേഷം 19-ാം അദ്ധ്യായം മുതൽ 22-ാം അദ്ധ്യായം വരെ സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും കർത്താവ് തന്റെ ജറുസലേമിലേക്കുള്ള അവസാനത്തെ യാത്രയിലാണ്. തന്റെ അധികാരത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനോടൊപ്പം തന്നിലേക്ക് കടന്നുവരുവാൻ അവൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. സ്വർഗ്ഗരാജ്യം ഒരു പ്രദാന പ്രതിപാദ്യ വിഷമാണിവിടെ. നിത്യജീവന്റെ ആഹ്വാനം ഓരോ വരികളിലും ധ്യാനാത്മകമായി ലയിച്ചുകിടക്കുന്നു. ഇപ്രകാരം ജറുസലേമിലേക്ക് രാജകീയ പ്രവേശനം നടത്തി തന്റെ അധികാരം വെളിപ്പെടുത്തി മുന്നോട്ട് കടന്നുവരുമ്പോഴാണ് യേശു ഇന്നത്തെ പരി. സുവിശേഷഭാഗമായ രണ്ടു പുത്രന്മാരുടെ ഉപമ പഠിപ്പിക്കുന്നത്. യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഫെരിസേയരെ മറുചോദ്യം കൊണ്ട് കുഴയ്ക്കുന്ന തമ്പുരാൻ ഫെരിസേയരുടെ കാപട്യം തുറന്നു കാണിക്കുവാൻ ഒരു ഉപമ നമ്മെ പഠിപ്പിക്കുന്നു. അതാണ് രണ്ടു പുത്രന്മാരുടെ ഉപമ.

ഈ ഉപമയിലൂടെ കർത്താവ് നമ്മുടെ മുൻപിൽ വെളിപ്പെടുത്തുന്നത് ഒരു വലിയ സത്യമാണ്. ഡ്യൂപ്ലിസിറ്റിയുടെ ഒരു ലോകത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. ഒന്നു പറയുകയും മറ്റൊന്ന് ചെയ്യുകയും ചെയ്യുന്നത് ഇന്നത്തെ ലോകത്തിന്റെ ഒരു പ്രത്യേകതയാണ്. വാക്കും പ്രവർത്തിയും കൂട്ടിമുട്ടാതെ നിൽക്കുന്നത് ഇന്നത്തെ ലോകത്തിന്റെ മാത്രമല്ല, യേശുവിന്റെ കാലത്തെയും പ്രത്യേകതയാണ് യേശു അവതരിപ്പിക്കുന്നത്. രണ്ട് തരത്തിലുള്ള മനുഷ്യസ്വഭാവങ്ങളെ കർത്താവ് നമ്മുടെ മുൻപാകെ എടുത്തു കാണിക്കുന്നുണ്ട്.

1) വിശ്വാസികളുടെ കൂട്ടത്തിലെ അവിശ്വാസികൾ

2) അവിശ്വാസികളുടെ കൂട്ടത്തിലെ വിശ്വാസികളും.

വിശ്വാസികളുടെ കൂട്ടത്തിലെ അവിശ്വാസികൾ മറ്റൊരു തരത്തിൽ പറഞ്ഞാൽ "believing without belief" ഏറ്റവും അപകടകരമായ ഒരു സ്വഭാവ പ്രത്യേകതയാണ് ഇത്. വാക്കുകൊണ്ട് എല്ലാം സമ്മതിക്കുകയും എന്നാൽ പ്രവർത്തിയിലേക്ക് കടന്നുവരാതിരിക്കുകയും ചെയ്യുന്ന പ്രത്യേകത. യേശു കരുണയാണെന്നു പ്രസംഗിക്കുകയും ജീവിതത്തിൽ ഒരിറ്റു വെള്ളത്തിനുപോലും കരുണ കാണിക്കാതിരിക്കുകയും ചെയ്യുക. അർത്ഥമില്ലാത്ത, തീരുമാനമില്ലാത്ത പ്രവർത്തകരാണിവർ. "നിങ്ങൾ തണുപ്പോ ചൂടോ ഇല്ലാത്തവരായിരുന്നാൽ നിങ്ങളെ ഞാൻ തുപ്പിക്കളയും" എന്നുള്ള ദൈവവചനം നമുക്ക് ഓർക്കാം. പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ് എന്ന് യാക്കോബ് ശ്ലീഹാ 2/17-ൽ നമ്മെ പഠിപ്പിക്കുന്നത് നമുക്ക് ഓർക്കാം. എന്റെയീ ലോകത്തിലെ സുഗമമായ ജീവിതത്തിന് ഒരു മതം വേണം. അല്ലെങ്കിൽ ആപ്ലിക്കേഷനുകളിലെ കോളം പൂരിപ്പിക്കാൻ ഒരു മതം വേണം. അതിനുപരി ഒരു വിശ്വാസജീവിതത്തിന് തയ്യാറാകാത്ത മനുഷ്യർ ഇപ്രകാരമുള്ളവരെ കർത്താവിനെ നിഷിദ്ധമായി വിമർശിക്കുന്നു. ഇപ്രകാരമുള്ളവരുടെ വിശ്വാസം പൊള്ളയാണെന്ന് കർത്താവ് പഠിപ്പിക്കുന്നു. ഒരു സ്വപ്നലോകത്തിൽ ജീവിക്കുന്ന അവർക്ക് യഥാർത്ഥ വിശ്വാസം മനസ്സിലാക്കാൻപോലും സാധിക്കുന്നില്ല.

ഇനി രണ്ടാമത്തെ കൂട്ടർ. അവർ അവരെക്കൊണ്ട് വിശ്വാസം ഏറ്റുപറയുന്നവരല്ല. എന്നാൽ അവരുടെ പ്രവർത്തിയിൽ വിശ്വാസം നിഴലിച്ചു നിൽക്കുന്നത് വിശ്വസിക്കുകയും, വിശ്വസിക്കുന്നത് പ്രവർത്തിയിൽ വരുത്തുകയും ചെയ്യുന്നത് നമുക്ക് കാണാം. വിശ്വാസത്തെയും മതത്തെയും ഒക്കെ എതിർത്ത് സംസാരിച്ചാലും മാനുഷികമൂല്യങ്ങൾ അവർ ജീവിതത്തിൽ സ്വീകരിക്കുന്നത് നമുക്ക് കാണാം. ഇത് ധന്യമായ ഒരു ജീവിത അവസ്ഥയായിട്ട് യേശു അവതരിപ്പിക്കുന്നില്ല. പ്രത്യുത യേശു പറയുന്നത്, അവരുടെ ജീവിതം അവരുടെ ഏറ്റുപറച്ചിലിനെ ദൈവസന്നിധിയിൽ മറികടക്കും എന്നാണ്. അനുതാപം അവരെ ദൈവസന്നിധിയിൽ നിലനിർത്തും എന്നാണ്. അറിയേണ്ടവർ അറിയേണ്ടത് അറിയാതിരിക്കുകയും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് തെറ്റാണെന്ന് യേശു വളരെ വ്യക്തമായും ദൃഢമായും നമ്മെ പഠിപ്പിക്കുന്നു. നീതിപൂർവ്വകമായ ജീവിതത്തെ എന്നും യേശു വിലമതിക്കുന്നത് നമുക്ക് കാണാം.

പ്രിയമുള്ളവരെ, ഇപ്രകാരം രണ്ടു തരത്തിലുള്ള വിശ്വാസജീവിതത്തെ നമ്മുടെ മുൻപിൽ നിർത്തി

ഒരു വിചിന്തനം ആവശ്യപ്പെടുകയാണ് ക്രിസ്തു ഇന്ന്. കർത്താവിന്റെ ബലിപീഠത്തിൽനിന്നും പ്രാപിച്ച അനുഗ്രഹങ്ങളുമായി നിങ്ങൾ തിരികെ പോകുവിൻ എന്ന ആശംസ സ്വീകരിച്ച് ദേവാലയത്തിന്റെ ചുവരുകൾക്ക് വെളിയിൽ ഇറങ്ങുമ്പോൾ സഹായത്തിനായി മുൻപിൽ നിൽക്കുന്നവനെ മറികടന്ന് പോകുമ്പോൾ നാമും അവിശ്വാസികളുടെ കൂട്ടത്തിൽ അകപ്പെടുന്നു എന്ന് നമുക്ക് ഓർക്കാം. തന്റെ ജീവനെത്തന്നെ നൽകി നമ്മെ സ്നേഹിച്ചവനെ സ്വീകരിച്ചു പുറത്തേക്കിറങ്ങുമ്പോൾ നമ്മുടെ ചിന്തയിൽ വിദ്വേഷവും മുഖത്ത് പുച്ഛവും ഹൃദയത്തിൽ അഹങ്കാരവും പ്രവർത്തിയിൽ തിന്മയും നിറയുന്നുവെങ്കിൽ നാം ചിന്തിക്കണം, നമ്മെക്കാൾ മുൻപേ വിശ്വാസം ഏറ്റു പറയാത്ത, എന്നാൽ അപരന് ചാരാൻ ഒരു തണൽമരമായി നിൽക്കുന്ന വ്യക്തി നമുക്കു മുൻപേ സ്വർഗ്ഗത്തിൽ പോകുമെന്ന്. കർത്താവേ, കർത്താവേ എന്ന് എന്നെ വിളിച്ച് അപേക്ഷിക്കുന്നവനല്ല, പ്രത്യുത എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് എനിക്ക് പ്രിയപ്പെട്ടവൻ. എന്താണ് പിതാവിന്റെ ഇഷ്ടം? പുത്രൻ പ്രവർത്തിച്ചതെല്ലാം.

നമ്മുടെ ജീവിതങ്ങളെ വിചിന്തനം ചെയ്യാം. നാം ഏതു തരത്തിൽ പെടുന്നു എന്ന് ഏറ്റവും യോഗ്യം. മൂന്നാമത്തെ തലമാണ്.

**ഫാ. ഓസ്റ്റിൻ തെക്കേതിൽ**

## തേജസ്കരണത്തിനുശേഷം 2 – ാം ഞായർ

### ആഗസ്റ്റ് 16 വി. മർക്കോ. (12:28–34)

വി. മത്തായി എഴുതിയ സുവിശേഷം 5–ാം അദ്ധ്യായം 17–ാം വാക്യത്തിൽ യേശു തന്റെ ഗിരിപ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു. "നിയമത്തെയോ പ്രവാചകന്മാരാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ വിചാരിക്കരുത്. അസാദ്ധ്യമാക്കാനാല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നത്." ഒരു യഥാർത്ഥ യഹൂദൻ ആയി ജീവിച്ചുകൊണ്ട് യേശു നിയമത്തിന്റെ അക്ഷരാർത്ഥത്തിലുള്ള അനുസരണത്തിൽനിന്ന് മനുഷ്യവർഗത്തെ സ്വതന്ത്രമാക്കിക്കൊണ്ട് മനുഷ്യത്വത്തിനു അവിടുന്നു പ്രാധാന്യം നൽകി.

ഇസ്രായേലിന്റെ ധാർമ്മിക നിയമസംഹിതയായ ദൈവകല്പനകളെക്കുറിച്ചുള്ള യേശുവിന്റെ നിലപാട് മനസ്സിലാക്കുവാനാണ് നിയമജ്ഞൻ ഇപ്രകാരം ഒരു ചോദ്യം യേശുവിനോട് ചോദിക്കുന്നത്. നിയമജ്ഞർ പഴയനിയമ പണ്ഡിതരാണ്. യഹൂദർക്കിടയിലെ ദൈവശാസ്ത്രജ്ഞരാണവർ. പ്രധാനവും അപ്രധാനവുമെന്ന് നിയമത്തെ അവർ വിഭജിച്ചിരുന്നു. നിയമങ്ങളുടെ പ്രാധാന്യമോ യേശു എപ്രകാരമാണ് നൽകിയിരിക്കുന്നത് എന്ന് മനസ്സിലാക്കി അതൊരു വിവാദ വിഷയമാക്കി മാറ്റുക എന്നതായിരുന്നു നിയമജ്ഞന്റെ ഉദ്ദേശം.

ഇസ്രായേൽ സമൂഹം ദിവസം രണ്ടുനേരം ചൊല്ലുന്ന 'ഷേമപ്രാർത്ഥന'യുടെ ആദ്യവാക്യം ഉദ്ധരിച്ചുകൊണ്ടാണ് നിയമജ്ഞന് യേശു മറുപടി നൽകുന്നത്. "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവിനോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം (നിയമ 6:5). 'നിന്റെ ദൈവമായ കർത്താവ്' ഇസ്രായേലിന്റെ ഏക ദൈവമാണ്. സെമിറ്റിക് പാരമ്പര്യത്തിൽ ഹൃദയം മനുഷ്യന്റെ അസ്തിത്വത്തിന്റെയും വ്യക്തിത്വത്തിന്റെയും കേന്ദ്രമാണ്. അവിടെയാണ് ആത്മാവ് അഥവാ ജീവൻ നില നിൽക്കുന്നതും മനസ്സ് പ്രവർത്തിക്കുന്നതും. ഹൃദയവും ആത്മാവും മനസ്സും ചേരുമ്പോൾ ശക്തി ഉദ്ഭൂതമാകുന്നു. ഇവ ഒന്നിച്ചു ചേരുമ്പോൾ പൂർണ്ണമനുഷ്യവ്യക്തിയാകുന്നു. ദൈവത്തെ സ്നേഹിക്കുന്നതിൽ മനുഷ്യവ്യക്തിത്വത്തിന്റെ സകലതലങ്ങളും ഉൾപ്പെടണമെന്ന് നിയമാവർത്തനം 6:5 -ൽ കല്പിക്കുന്നു. നമ്മുടെ ചിന്തകളിലും തീരുമാനങ്ങളിലും ആഗ്രഹങ്ങളിലും പ്രവർത്തനങ്ങളിലും ദൈവസ്നേഹം നിറഞ്ഞുനിൽക്കണമെന്ന് യേശുവിന്റെ 1–ാം കല്പന നമ്മെ ഓർമ്മിപ്പിക്കുകയാണ്.

നിയമജ്ഞൻ പരമപ്രധാനമായ ഒരു കല്പനയാണ് ആവശ്യപ്പെടുന്നതെങ്കിലും യേശു രണ്ട് കല്പനകളാണ് നൽകുന്നത്. ലേവ്യ 19:18 ആധാരമാക്കിയുള്ള 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം' എന്നതാണ് രണ്ടാം കല്പന. രണ്ടാമത്തെ കല്പന പാലിക്കാതെ ഒന്നാമത്തെ കല്പന പാലിക്കാൻ സാദ്ധ്യമല്ല. ഒന്നാമത്തെ കല്പന പാലിക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ അടയാളമാണ് രണ്ടാമത്തെ കല്പനയുടെ പാലനം. ദൈവസ്നേഹവും സഹോദരസ്നേഹവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ അവിഭാജ്യമാണ് എന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുകയാണ്.

ഒരു യഹൂദൻ മറ്റൊരു യഹൂദനെ മാത്രമേ അയൽക്കാരനായി കണക്കാക്കിയിരുന്നുള്ളൂ. എല്ലാ മനുഷ്യരെയും അയൽക്കാരായി കാണണമെന്ന വിശാലമായ കാഴ്ചപ്പാട് ആണ് യേശു നൽകുന്നത്. സൃഷ്ടാവിനെ സ്നേഹിക്കുവാൻ സാധിക്കുന്നവന് അവിടുത്തെ സൃഷ്ടികളെ സ്നേഹിക്കാതിരിക്കാൻ സാധ്യമല്ല. ഓരോരുത്തർക്കും അവരവരോട് സ്നേഹമുണ്ട്. ഈ സ്നേഹമാണ് നാം മറ്റുള്ളവരോട് പുലർത്തേണ്ടത് എന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും മഹനീയ മാതൃക യേശു തന്നെയാണ്. അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച പിതാവിന്റെ ഹിതത്തിനു വഴങ്ങിയ പുത്രൻ, ദൈവസ്നേഹത്തിനും പരസ്നേഹത്തിനും ഏറ്റവും സജീവമായ മാതൃകതന്നെയാണ്. സ്നേഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നു പഠിപ്പിച്ചവൻ കഴിഞ്ഞുപോയതും ഇന്നുള്ളതും വരാനിരിക്കുന്നതുമായ സകല തലമുറകൾക്കുംവേണ്ടി സ്വന്തം ജീവൻ ബലിയായി സമർപ്പിച്ചതും മനുഷ്യവർഗത്തോടുള്ള അദമ്യമായ സ്നേഹ

ത്തിന്റെ മാതൃകയാണ്.

ദൈവത്തെ സ്നേഹിക്കുകയും അവനിൽ വിശ്വസിക്കുന്നു എന്നു ഏറ്റുപറയുകയും, ചെയ്യുന്നുവെങ്കിലും താനും തനിക്കു പ്രിയങ്കരമായതിനെയും ഒഴിച്ച് മറ്റാരെയും സ്നേഹിക്കുവാൻ കഴിയാത്ത വ്യക്തികളായി നാം ചിലപ്പോൾ ജീവിക്കാറുണ്ട്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുവാൻ കഴിയാത്ത ഒരുവന് ഒരിക്കലും കാണപ്പെടാത്തെ ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല എന്ന് യേശു വചനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

ദൈവം നമുക്ക് നൽകിയിരിക്കുന്ന സകല കഴിവുകളും ഉപയോഗിച്ച് ദൈവത്തെ സ്നേഹിച്ചുകൊണ്ട് അവിടുന്ന് സ്നേഹിക്കുവാനായി നമുക്ക് നൽകിയിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ സ്നേഹിച്ചുകൊണ്ട് ഈ ലോകജീവിതത്തിലെ ഓട്ടം നമുക്ക് ഓടിത്തീർക്കാം. അതാണല്ലോ ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നത്. ദൈവം നമുക്ക് ദാനമായി തരുന്ന ജീവന്റെ കിരീടം നമുക്ക് സ്വന്തമാക്കാം.

**ഫാ. ജോസഫ് കരിപ്പായിൽ**

## ആഗസ്റ്റ് 23

**വി. ലൂക്കോ 18:9-14**

തേജസ്കരണ തിരുനാളിനുശേഷമുള്ള മൂന്നാമത്തെ ഞായറാഴ്ചയായ ഇന്ന് സഭാമാതാവ് നമ്മുടെ വിചിന്തനത്തിനായി തന്നിരിക്കുന്ന സുവിശേഷഭാഗം വി. ലൂക്കോസ് എഴുതിയ സുവിശേഷം 18-ാം അദ്ധ്യാം 9 മുതൽ 14 വരെയുള്ള വാക്യങ്ങളാണ്. സമൂഹത്തിൽ ഉന്നതസ്ഥാനത്തു നിൽക്കുന്ന ഫരിസേയരുടെയും എല്ലാവരാലും അവഗണിക്കപ്പെട്ടു കിടക്കുന്ന ചുങ്കക്കാരന്റെ ജീവിതമനോഭാവങ്ങളിലൂടെ കണ്ണോടിച്ച് നമ്മുടെ ജീവിതത്തെ ഒന്നു വിശകലനം ചെയ്യുവാനും ഒരാത്മപരിശോധന നടത്തുവാനും നമ്മെ ക്ഷണിക്കുന്നു.

ഇവിടെ ലൂക്കാസുവിശേഷകൻ അവതരിപ്പിക്കുന്ന ഫരിസേയന്റെ വാക്കുകളെ പുച്ഛിച്ചു തള്ളുവാൻ കഴിയില്ല. കാരണം ദൈവസന്നിധിയിൽ നിന്നുകൊണ്ട് സത്യം മാത്രമാണവൻ പറയുക.

1. അക്രമം ചെയ്യുന്നില്ല, അനീതി പ്രവർത്തിക്കുന്നില്ല, വ്യഭിചരിക്കുന്നില്ല.

2. നിയമപ്രകാരം ദശാംശം കൊടുക്കുന്നു.

മാത്രവുമല്ല ഫരിസേയൻ ആദ്യം തന്നെ ദൈവത്തിനു നന്ദിയർപ്പിക്കുവാനും ശ്രദ്ധിക്കുന്നു. പിന്നെയെന്തുകൊണ്ടാണ് ദൈവസന്നിധിയിൽ പാപിയായ ചുങ്കക്കാരൻ കൂടുതൽ നീതികരിക്കപ്പെട്ടവനായി തീർന്നത്?

ഒന്നാമതായി അവൻ തന്റെ ഉള്ളിൽ രൂപപ്പെടുത്തിയെടുക്കേണ്ട എളിമ എന്ന പുണ്യം ഫരിസേയൻ മറന്നുകളയുന്നു. രണ്ടാമതായി, ഫരിസേയൻ ദൈവത്തിന് നന്ദിയർപ്പിക്കുന്നുണ്ടെങ്കിലും അത് തന്റെ മഹിമ പറയുവാനുള്ള അവസരമായിട്ടാണ് അവൻ കണ്ടത്. മൂന്നാമതായി അവൻ അവന്റെ ഉള്ളിന്റെ ഉള്ളിലേക്ക് നോക്കുന്നതിനു പകരം അടുത്തു നിൽക്കുന്നവന്റെ കുറവുകളിലേക്കാണ് ശ്രദ്ധ പതിപ്പിച്ചത്. നാലാമതായി അവൻ തന്റെ കഴിവിൽ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛത്തോടും അവജ്ഞയോടുകൂടി കാണുകയും ചെയ്യുന്നു.

ഫരിസേയന്റെ കാഴ്ചപ്പാടിൽ അവന് ഒരു കുറവും ഇല്ല. അവൻ എല്ലാം തികഞ്ഞവനാണ്. ഈ മനോഭാവം ഉള്ളവരെ സഹായിക്കുവാൻ ദൈവത്തിനുപോലും സാധിക്കുകയില്ല. അവൻ ദൈവാലയത്തിലേക്ക് വന്നത് ദൈവകരുണ യാചിക്കുവാനായിരുന്നില്ല. മറിച്ച് തന്റെ മഹിമ മറ്റുള്ളവരെ കാണിക്കുവാനായിരുന്നു. അതുകൊണ്ടു തന്നെ അവൻ നീതീകരിക്കപ്പെട്ടവനായി ദേവാലയത്തിലേക്ക് വന്നു. നീതീകരിക്കപ്പെട്ടവനായി മടങ്ങുകയും ചെയ്തു. മറുവശത്ത് ചുങ്കക്കാരൻ അവനിലേക്ക് തന്നെ ഒരു തിരിഞ്ഞുനോട്ടം നടത്തിയപ്പോൾ നീതീകരിക്കപ്പെടുവാൻ തക്ക ഒരു പ്രവർത്തിയും അവനിൽ കാണുവാൻ അവന് കഴിയുന്നില്ല. മാത്രവുമല്ല അവൻ നിയമങ്ങൾ ലംഘിച്ചിട്ടുണ്ടെന്ന് അവനുതന്നെ ബോദ്ധ്യപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് ദൈവാലയത്തിന്റെ പിൻപിൽ നിന്നുകൊണ്ട് ദൈവകരുണയ്ക്കുമുമ്പിൽ അവൻ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നത്. ചുങ്കക്കാരനെ സംബന്ധിച്ചിടത്തോളം ദൈവാലയമെന്നു പറയുക അവൻ ആരാണെന്നു കണ്ടെത്തുവാനുള്ള സ്ഥലമായിരുന്നു. അവൻ പാപിയാണെന്ന തിരിച്ചറിവിലേക്ക് അവൻ കടന്നുവരികയും അത് ദൈവസന്നിധിയിൽ ഏറ്റ് പറയുകയും ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടനായി ഭവനത്തിലേക്ക് മടങ്ങുകയും ചെയ്തു.

ഫരിസേയന്റെയും ചുങ്കക്കാരന്റെയും ജീവിതത്തിലൂടെ രണ്ട് വ്യത്യസ്ത വ്യക്തികളെ നമ്മുടെ മുൻപിൽ അവതരിപ്പിക്കുകയല്ല ലൂക്കാ സുവിശേഷകന്റെ ഉദ്ദേശ്യം. മറിച്ച് നമ്മുടെ ഉള്ളിന്റെയുള്ളിലുള്ള രണ്ട് വ്യത്യസ്ത സാദ്ധ്യതകളെ തുറന്നുകാണിക്കുകയാണിവിടെ. ഈ സുവിശേഷഭാഗത്തിലൂടെ ലൂക്കാ സുവിശേഷകൻ നമ്മോടു പറയുന്ന പ്രധാന കാര്യങ്ങൾ.

1. ജീവിതത്തിൽ എളിമപ്പെടുവാൻ പഠിക്കുക.

2. മനുഷ്യന്റെ മനോഗതങ്ങളെ നോക്കിയാണ് ദൈവം വിധി നടത്തുക; മനുഷ്യന്റെ കുറവുകളുടെ എണ്ണത്തിലേക്കോ വലിപ്പത്തിലേക്കോ അല്ല അവിടുന്നു നോക്കുക. മറിച്ച് അനുതപിക്കുന്ന ഹൃദയത്തിലേക്ക് മാത്രമാണ്.

3. സഹോദരന്റെ കുറവുകൾ എണ്ണിത്തിട്ടപ്പെടുത്തുവാൻ പരിശ്രമിക്കാതെ അവനിലെ നന്മ തിരിച്ചറിയുവാൻ പരിശ്രമിക്കുക. അതിൽ സന്തോഷിക്കുക.

4. ദേവാലയമെന്നത് ഒരുവൻ അവനെതന്നെ തിരിച്ചറിയേണ്ട സ്ഥലമാണ്.

5. പ്രാർത്ഥനയുടെ ഭാവമെന്നു പറയുക അനുതാപമാണ്.

**ഫാ. ജോൺ പടിപ്പുരക്കൽ**

## ആഗസ്റ്റ് 30

**മർക്കോസ് 10:35–45**

സെബദി പുത്രന്മാരുടെ ആഗ്രഹം വ്യക്തമാണ്. ഞങ്ങൾ നിന്നോടാവശ്യപ്പെടുന്നതെന്തും ഞങ്ങൾക്ക് സാധിച്ചു തരണം. ഇത്രയും നാൾ അങ്ങ് പറഞ്ഞ തെല്ലാം കേട്ട് ഞങ്ങൾ കൂടെ നടന്നതാണ്. നിന ക്കുവേണ്ടി ഞങ്ങൾ പട്ടിണി കിടന്നു, അധികാര വർഗ്ഗത്തിന്റെ ശകാരങ്ങളേറ്റു. നിന്ദനങ്ങളും പീഡ കളും സഹിച്ചു. എന്തിന് ഞങ്ങളുടെ കുലത്തൊ ഴിലും കുടുംബവും പോലും ഉപേക്ഷിച്ചു. ഇനി ഞങ്ങ ളുടെ പ്രതിഫലം എന്താണ്? ആരു കേട്ടാലും ന്യായ മായ ആവശ്യങ്ങൾ.

ജീവിതത്തിൽ നമ്മുടെ ഒപ്പം നടന്നവരും, നമ്മെ സഹായിക്കുന്നവരും സ്നേഹിക്കുന്നവരും നമുക്ക് നന്മ ചെയ്യുന്നവരും ചില നിമിഷങ്ങളിൽ ചോദിക്കുന്ന ചോദ്യമിതാണ്. ഞങ്ങൾക്കെന്താണ് പ്രതിഫലം? ഇത്രയും നാൾ കുടുംബത്തിനായി ജീവിച്ചു, സഭ യ്ക്കായി ജീവിച്ചു, ഈ പള്ളിക്കായി എന്റെ രാത്രി കളെ പകലാക്കി. സഭയോടൊപ്പം നിന്നു, ചിന്തിച്ചു. സഭയ്ക്കുവേണ്ടി സംസാരിച്ചു. ഇതുകൊണ്ടൊക്കെ എനിക്കെന്താണ് നേട്ടം. ജീവിതത്തിന്റെ ചില ഘട്ട ങ്ങളിൽ പ്രതിഫലം ആഗ്രഹിക്കുകയും ചിലപ്പോൾ പരസ്യമായി തന്നെ ചോദിക്കുകയും ചെയ്യുന്ന നമ്മുടെ ഓരോരുത്തരുടെയും പ്രതിനിധികളുമാണ് യാക്കോബും യോഹന്നാനും.

ഈശോയുടെ ചോദ്യം അന്നും ഇന്നും എന്നും പ്രസക്തമാണ്. ഞാൻ നിങ്ങൾക്കുവേണ്ടി എന്തു ചെയ്തു തരണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? സെബദി പുത്രന്മാരുടെ ആഗ്രഹമിതാണ്. അങ്ങ യുടെ മഹത്വത്തിൽ പ്രഥമസ്ഥാനം ഞങ്ങൾക്കുവേ ണം. യേശുവിന്റെ ചോദ്യം ഇന്നും നമ്മോടൊ ക്കെയും ആവർത്തിക്കപ്പെടുന്നു. എന്താണ് നമ്മൾ ആഗ്രഹിക്കുന്നത്. അധികാരത്തിന്റെയും സുഖലോ ലുപതയുടെയും സ്വാർത്ഥതയുടെയും സിംഹാസന ങ്ങളാണോ അതോ അവിടുത്തെ കുരിശിൻചുവട്ടിലെ സ്ഥാനമാണോ? എത്രനാൾ അധികാരം നമുക്ക് ശാന്തതയും സന്തോഷവും തരും? എത്ര നാൾ സമ്പത്ത് നമുക്ക് ആശ്വാസം പകരും? എന്നാൽ ഒരി ക്കലും നമ്മളിൽനിന്ന് എടുക്കപ്പെടാത്ത ഒന്ന് നമുക്ക് ദൈവം തന്നിട്ടുണ്ട്; ദൈവപുത്രസ്ഥാനം. അത് നമ്മിൽനിന്ന് മാറ്റപ്പെടുകയില്ല. മറിയം തെരഞ്ഞെ ടുത്ത നല്ല ഭാഗം എന്നു പറയുക ക്രിസ്തുവിനോട് ചേർന്നിരിക്കുക എന്നതാണ്. അതുപോലെ ജീവി തവും പ്രവർത്തനങ്ങളും വഴി ക്രിസ്തുവിനോട് ചേർന്നിരിക്കുന്നവരാകാൻ നമുക്ക് പരിശ്രമിക്കാം.


നമുക്ക് സ്വന്തമെന്നു കരുതുന്നതൊക്കെ നമുക്ക് നഷ്ടപ്പെടാൻ ഒരുനിമിഷം മതിയെന്നോർക്കുക. "ജീവിതത്തിന്റെ നൊമ്പരങ്ങളുടെ സമയത്ത് അധി കം പേർ കൂടെയുണ്ടാവില്ല. എന്നാൽ അദൃശ്യമായ ഒരു ശക്തി, ദൈവം കൂടെയുണ്ടാവും, ഒരിക്കലും കൈവിടാതെ. ആരു മറന്നാലും മറക്കാത്തവൻ ദൈവം മാത്രമാണ്. ആരും വേണ്ടായെന്നു കരുതു മ്പോഴും എന്നെ വിലമതിക്കുന്നവൻ ദൈവം മാത്ര മാണ്. അതുകൊണ്ട് ദൈവത്തെ സ്വന്തമാക്കുക. ജീവിതത്തിൽ സമ്പത്തിന്റെയും അധികാരത്തി ന്റെയും സുഖങ്ങളുടെയും പുറകെ പോകുമ്പോൾ നാം ബോധപൂർവ്വം മറക്കുന്ന ഒരു സത്യമാണ് നമ്മുടെ കൂടെയുള്ള ദൈവത്തെ. കുടുംബത്തിൽ ദൈവത്തിനും ദൈവവിചാരമായ 'പ്രാർത്ഥന'യ്ക്കും സ്ഥാനം നൽകുക. തിരിച്ചുനടക്കുക. ഉറവിടത്തി ലേക്ക് തിരിച്ചും പോകുക. അവിടെനിന്നും വീണ്ടും ആരംഭിക്കുക."

ശുശ്രൂഷ പ്രതിഫലം ഇച്ഛിക്കാത്ത ഒരു പ്രവർത്തി യാണ്. ഒരു അടിമ യജമാനന് ചെയ്യുന്ന ജോലിയാ ണത്. ഇതുതന്നെയാണ് ക്രിസ്തു തന്റെ വചനത്തി ലൂടെ വെളിവാക്കിയത്. ഞാൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണെന്ന് വിളിച്ചു പറഞ്ഞ യേശുവിന്റെ പിൻഗാമികൾക്ക് മറ്റൊരു ലക്ഷ്യവുമില്ല. അവനെ അനുഗമിക്കുക. സ്വർഗ്ഗത്തിന്റെ മഹത്വം അവൻ നമുക്കായി കാത്തു വച്ചിട്ടുണ്ട്.

**ഫാ. എബി കിഴക്കേക്കുറ്റ് ഒ.എഫ്.എം.**


# തിരുവസ്ത്രങ്ങൾ വിൽപ്പനയ്ക്ക്

വൈദികരുടെ വെള്ളക്കുപ്പായം, കാപ്പ, വിരിക്കൂട്ട്, ഊറാറ, ചിത്തോല, ശോശപ്പ, പള്ളിമറ തുടങ്ങിയ പള്ളിയാവശ്യങ്ങൾക്കുള്ള എല്ലാത്തരം തിരുവസ്ത്രങ്ങളും വിൽപ്പനയ്ക്ക്. തയ്ച്ചും നൽകപ്പെടും.



**The Tur-Abdin Village**
Ac Road, Koraha Valavu
Mampuzhakery
**PH: 8943705534**

## അമ്മ മനസ്സ്



ജിജിമോൾ റോബിൻ
പൂഴിക്കുന്ന്

# കുടുംബം സ്വർഗ്ഗമാക്കാൻ

"കൂടുമ്പോൾ ഇമ്പം വേണം
ഇമ്പം വേണേൽ കമ്പം വേണം
ഇമ്പവും കമ്പവും ചേർന്നാലേ
കുടുംബമാവൂ"

കുടുംബത്തിൽ കൂടുമ്പോൾ ഇമ്പം മാറി ഭൂകമ്പങ്ങൾ ഉണ്ടാകുന്നു. കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി മാറിയപ്പോൾ കൂടുതൽ നന്മയുണ്ടായോ അതോ തിന്മയുണ്ടായോ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പഴയ കുടുംബബന്ധങ്ങളുടെ സ്നേഹവും ഊഷ്മളതയും ഒക്കെ ആധുനിക സമൂഹത്തിനു കൈമോശം വന്നിരിക്കുന്നു. സന്ധ്യയിൽ പ്രാർത്ഥനാ മുഖരിതമായിരുന്ന ഭവനങ്ങൾ ഇന്ന് ചന്ദനമഴയിലേയും, അമ്മയിലേയും, പരസ്പരത്തിലേയും ദുഷ്ടകഥാപാത്രങ്ങളുടെ ആക്രോശങ്ങളാൽ മുഖരിതമാവുന്നു. പ്രാർത്ഥനയ്ക്കായി സീരിയലുകളുടെ ഇടവേളകൾ തേടുന്നവരുടെ എണ്ണവും കുറവല്ല. ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് കുടുംബവിശേഷങ്ങൾ പങ്കുവെച്ച് അത്താഴം കഴിച്ചിരുന്ന പതിവും നമുക്കന്യമായി. ഓരോരുത്തരും അവരവർക്ക് ഇഷ്ടമുള്ള ആഹാരങ്ങളുമായി ടെലിവിഷന്റെയും, കമ്പ്യൂട്ടറിന്റെയും, ഫെയ്സ് ബുക്കിന്റെയും ഒക്കെ മായാലോകത്തിലേക്ക് ചേക്കേറുന്നു. പരസ്പരം സംസാരിക്കാൻ സമയമില്ല. സ്നേഹിക്കാൻ ക്ഷമയില്ല... തിരക്ക്... സർവ്വത്ര തിരക്ക്.

ഒരു കുടുംബദിനം കൂടി കഴിഞ്ഞ അവസരത്തിൽ ഈ പോക്ക് എവിടേയ്ക്കെന്ന് വിലയിരുത്തപ്പെട്ടില്ലെങ്കിൽ നമ്മുടെ കുടുംബങ്ങൾ വെറും വീടുകളായി തരം താഴും. കരങ്ങൾ കൊണ്ട് നമുക്ക് മനോഹരങ്ങളായ വീടുകൾ പണിയാം. എന്നാൽ ഹൃദയങ്ങൾ ചേരുന്നിടത്തെ കുടുംബങ്ങൾ ജന്മമെടുക്കൂ. (Hands can make houses, only hearts can make families) വീട് കുടുംബമാവണമെങ്കിൽ അവിടെ പല ശൂന്യവത്ക്കരണങ്ങളും ആവശ്യമാണ്. തെർമോഫ്ളാസ്ക്കിന്റെ ഉൾഭിത്തികൾ വായുശൂന്യമായതിനാൽ അത് ചൂട് നിലനിർത്തുന്നു. ഇതുപോലെ കൃപയുടെ ചൂട് നമ്മിൽ നിലനില്ക്കണമെങ്കിൽ നമ്മുടെ ഉള്ളും പല ശൂന്യവത്ക്കരണത്തിന് വിധേയമാവണം.

കുടുംബത്തിൽ ആരാണു വലുതെന്ന തർക്കമാണ് ഇന്നിന്റെ വലിയ വിപത്ത്. ഞാൻ അല്പം വിട്ടുകൊടുത്താൽ എന്റെ സ്ഥാനത്തിനു കോട്ടം തട്ടും എന്ന് മാതാവും പിതാവും മക്കളും ഒരുപോലെ വിചാരിക്കുന്നു. 'താണനിലത്തേ നീരോടൂ' 'താഴ്മ അഭ്യുന്നതിക്ക് കാരണമാവും' എന്നൊക്കെയുള്ള സത്യങ്ങൾ നാം അംഗീകരിക്കണം. കുടുംബത്തിൽ പ്രാർത്ഥനയ്ക്ക് പ്രഥമസ്ഥാനം നൽകണം. കുടുംബ പ്രാർത്ഥനയിലൂടെ സഭയുടെ ദൈവാരാധനയിൽ ഫലപ്രദമായി പങ്കെടുക്കുന്നതിനുള്ള പരിശീലനമാണു ലഭിക്കുക.



'കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം നിഷ്ഫലമാകുന്നു എന്ന് സങ്കീർത്തകൻ പറയുന്നു. ദൈവകൃപയാണു മനുഷ്യന്റെ പരിശ്രമങ്ങളെ ഫലമണിയിക്കുക. "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്ന്" യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു.

സ്നേഹമയിയായ ഭാര്യയും കരുതലുള്ള ഭർത്താവും സന്തോഷവും പ്രത്യാശയും വിശ്വാസവും സ്നേഹവും നിറഞ്ഞ കുഞ്ഞുങ്ങളും ചേരുന്ന കുടുംബം സ്വർഗ്ഗത്തെപ്പോലെ സുന്ദരം ആണ്. യേശുവിനെ മധ്യത്തിലും പരിശുദ്ധ അമ്മയെ വശത്തും നിർത്തി കുടുംബജീവിതം നയിക്കുമ്പോൾ അതൊരിക്കലും പരാജയമാവില്ല. യൗസേപ്പ് പിതാവിനെപ്പോലെ നീതിമാനായ അപ്പനും മാതാവിനെപ്പോലെ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്ന അമ്മയും ഈശോയെപ്പോലെ വിശുദ്ധിയിൽ വളരുന്ന മക്കളും ആയിത്തീരുക എന്നതാണ് നമ്മുടെ ദൗത്യം.





# ശബ്ദസുരക്ഷ

ശബ്ദമലിനീകരണം ബധിരത ഉണ്ടാക്കാനുള്ള കാരണങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ശബ്ദമലിനീകരണംകൊണ്ട് ഉണ്ടാകുന്ന കേൾവി ക്കുറവ് പ്രധാനമായും രണ്ട് തരത്തിലുണ്ട്.

**1. Acoustic Trauma:** പെട്ടെന്ന് ഉണ്ടാകുന്ന ശബ്ദ വിസ്ഫോടനംകൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഉദാഹരണത്തിന് ബോംബ് സ്ഫോടനം, ആഘോഷങ്ങൾക്ക് ഉപയോഗിക്കുന്ന പടക്കം (അമിട്ട്), പിസ്റ്റൾ, പീരങ്കി മുതലായവയിൽ നിന്നുമുള്ള ശബ്ദങ്ങൾ. ഈ ശബ്ദങ്ങൾ കുറച്ചു നിമിഷങ്ങൾക്കുള്ളിൽ നിലയ്ക്കുന്നു. ഈ ശബ്ദം കർണ്ണപുടത്തെയും ചെവിക്കുള്ളിലെ ചെറിയ അസ്ഥികളേയും ഉൾചെവിയെയും ബാധിക്കുന്നു. ചിലപ്പോൾ ഉൾചെവിയിലെ നാഡീകോശങ്ങളെ സ്ഥിരമായി നഷ്ടപ്പെടുത്തും. അങ്ങനെ സംഭവിച്ചാൽ കേൾ വിക്കുറവ് സ്ഥിരമായിരിക്കും.

**2. Noise induced deafness:** വളരെ ഒച്ചത്തിലുള്ള ശബ്ദം (85 dB ലും കൂടുതൽ) സ്ഥിരമായിട്ടോ കൂടുതൽ സമയമോ കേട്ടാൽ അകചെവിയിലെ നാഡീകോശങ്ങൾ കുറേശ്ശേയായി നശിക്കാം. ഉദാഹരണത്തിന് വലിയ ശബ്ദം ഉണ്ടാക്കുന്ന ഫാക്ടറികളിൽ, തുറമുഖങ്ങളിൽ, വിമാനത്താവളങ്ങളിൽ ജോലി ചെയ്യുന്നവർ, ട്രെയിൻ ഡ്രൈവേഴ്സ് ഇവരിലാണ് മുകളിൽ പറഞ്ഞതരത്തിലുള്ള കേൾവിക്കുറവ് ഉണ്ടാകുന്നത്.

ചെവിക്ക് പ്രധാനമായും മൂന്നു ഭാഗങ്ങൾ ആണുള്ളത്. എക്സ്റ്റേണൽ ഇയർ, മിഡിൽ ഇയർ & ഇന്നർ ഇയർ. എക്സ്റ്റേണൽ & മിഡിൽ ഇയർ ശബ്ദം സ്വീകരിച്ച് ഉൾചെവിക്ക് (inner ear) നൽകുകയും ഉൾചെവിയിൽനിന്നും ഞരമ്പു വഴി തലച്ചോറിൽ എത്തുകയും ചെയ്യുമ്പോഴാണ് നാം ശബ്ദം കേൾക്കുന്നത്. ഈ മൂന്ന് ഭാഗങ്ങളിൽ ഏതു ഭാഗത്ത് അസുഖം വന്നാലും കേൾവിയെ ബാധിക്കും. എക്സ്റ്റേണൽ



**ഡോ. ഗോപിനാഥൻ പിള്ള**
അസോ. പ്രൊഫ. ഇ.എൻ.ടി.
പുഷ്പഗിരി മെഡിക്കൽ കോളജ്
ഹോസ്പിറ്റൽ

& മിഡിൽ ഇയറിലെ കാരണങ്ങൾകൊണ്ട് ഉണ്ടാകുന്ന കേൾവിക്കുറവിനെ conductive deafness എന്നും ഇന്നർ & നേർവ് കൊണ്ടുണ്ടാകുന്ന കേൾവിക്കുറവിനെ sensory neural deafness എന്നും പറയപ്പെടുന്നു. ശബ്ദമലിനീകരണം പ്രധാനമായും inner ear നെ ആണ് ബാധിക്കുന്നത്. അത് സ്ഥിരമായ കേൾവിക്കുറവായിരിക്കും. ശബ്ദത്തിന്റെ intensity അളക്കുന്ന യൂണിറ്റിനെ ഡെസിബെൽ (decibel - dB) എന്ന് പറയുന്നു.

### ചില ശബ്ദങ്ങളുടെ ഇന്റൻസിറ്റി

| | |
|---|---|
| പക്ഷികളുടെ ശബ്ദം | - 0 - 20 dB |
| സാധാരണ സംഭാഷണം | - 40 - 60 dB |
| സ്ട്രീറ്റ് ശബ്ദം/ | - 60 - 85 dB |
| ബൈക്ക്/എയർ ഹോൺ ആംബുലൻസ് | - 85 - 120 dB |

85 dB വരെ കേൾവിയെ ബാധിക്കാറില്ല. 85 dB ൽ കൂടിയാൽ കേൾവിയെ ബാധിക്കും. 85 dB യിൽ കൂടിയ ശബ്ദം 8 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി കേൾക്കാൻ പാടില്ല.


### ശബ്ദസുരക്ഷ എങ്ങനെ?

1. കേൾവിക്കുറവ് വരാതെ നോക്കുകയാണ് ഏറ്റവും പ്രധാനം.
2. ഫാക്ടറികളിലും മറ്റ് ശബ്ദമുഖരിതമായ സ്ഥലങ്ങളിലും ജോലി ചെയ്യുന്നവരെ കൃത്യമായ ഇടവേളകളിൽ കേൾവി പരിശോധിച്ച് പ്രതിവിധികൾ നിർദ്ദേശിക്കുക.
3. Ear plug or muffs ഉപയോഗിക്കുക. ഹെൽമറ്റ് തലയെ സംരക്ഷിക്കുന്നതുപോലെ ഇവ കേഴ്‌വിയെ സംരക്ഷിക്കും.
4. ഫാക്ടറി മെഷീനുകൾ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ശബ്ദമലിനീകരണം കുറയ്ക്കുക.
5. കേൾവിക്കുറവ് ഉള്ളവർക്ക് ശബ്ദം കുറഞ്ഞ സ്ഥലത്ത് ജോലി നൽകുക.
6. തുടർച്ചയായി ജോലി ചെയ്യിപ്പിക്കാതെ വിശ്രമം അനുവദിക്കുക.

ഇൻഡ്യാ ഗവൺമെന്റ് കേൾവിക്കുറവുള്ളവരെ നാല് ഗ്രൂപ്പായി തിരിച്ചിരിക്കുന്നു.

### നഷ്ടപരിഹാരം ലഭിക്കാൻ

കുറഞ്ഞത് 20 വർഷത്തെ വലിയ ശബ്ദമുള്ള സ്ഥലത്തെ ഇൻഡസ്ട്രിയിൽ സേവനവും 50% സ്ഥിരമായ കേൾവിക്കുറവും ഉണ്ടെങ്കിൽ നഷ്ടപരിഹാ




രത്തിന് അർഹതയുണ്ട്. ക്ലെയിം കിട്ടാൻ ജോലിയിൽനിന്ന് പിരിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിച്ചിരിക്കണം.

| | | | |
|---|---|---|---|
| Category 1 | Mild hearing impaired | 26-40 dB | 40% |
| Category II | Moderate | 41-55 dB | 40-50% |
| Category III | Severe | 56 - 70% | 50-75% |
| Category IV | Total deafness | Np hearing | 100% |


**Facilities offered to each group**

| | |
|---|---|
| Category I | No Special benefits |
| Category II | Free hearing aid / at concessional rate |
| Category III | Free hearing aid / job reservation scholarship at schools |
| Category IV | Hearing aid/job reservation, scholarship at schools, special employment exchange exemption from three language formula. |

# വികസനം അത് പ്രവൃത്തിയാണ്



## ഉള്ളതു പറഞ്ഞാൽ...





**അഡ്വ. വിനോദ് മാത്യു വിൽസൺ**

സത്യം പറഞ്ഞാൽ കഴിഞ്ഞയാഴ്ചയാണ് KURTC പുതിയതായി നിരത്തിലിറക്കിയിരിക്കുന്ന AC ലോ ഫ്ളോർ ബസിൽ എറണാകുളംവരെ യാത്ര ചെയ്യാൻ അവസരം കിട്ടിയത്.

സുഖയാത്ര. കാശുവാങ്ങിയിട്ട് ഇടയ്ക്ക് AC ഓഫ് ചെയ്യുന്ന തീയേറ്ററുകാരുടെ ദാരിദ്ര്യപ്പണിയൊന്നുമില്ല. ഫുൾ ടൈം AC. മൊബൈൽ ചാർജു ചെയ്യാൻ വേണ്ട സൗകര്യം, നല്ല പാട്ടുകൾ, മിന്നൽ വേഗത. എല്ലാംകൊണ്ടും പരമസുഖം. പക്ഷേ യാത്രാ ടിക്കറ്റ് കൊല്ലം – എറണാകുളം 243 രൂപ. കുറച്ചു കൂടുതൽ ആണെങ്കിലും കാറിൽ പെട്രോൾ അടിച്ച്, AC യിട്ട് പാട്ടുകേട്ട് പോകുന്നതിനേക്കാൾ എത്രയോ ലാഭം. പക്ഷേ എഴുതുവാനുള്ള വിഷയം ഇതൊന്നുമല്ല. ബസ് സ്റ്റോപ്പിൽ നിറയെ ആൾക്കാർ. പക്ഷേ നമ്മുടെ AC ബസ് ചെന്നു നിൽക്കുമ്പോൾ എന്തോ പന്തം




കണ്ട പെരുച്ചാഴികളെപ്പോലെ ഓടിമാറുന്നു യാത്രക്കാർ. കണ്ടക്ടറോട് കാര്യം തിരക്കി. "ഓ.. എന്താന്ന് അറിയില്ല... ആൾക്കാർക്ക് മടിയാണോ... അതോ ഇനി പേടിയാണോ.. ശരിയാവുമായിരിക്കും..." കണ്ടക്ടറുടെ മറുപടി.

ഉടനെ യാത്രക്കാരിൽ പുറകിൽ ഇരുന്ന ഒരു സാമൂഹിക പരിഷ്കർത്താവിന്റെ (ശ്രീനാരായണഗുരു, അയ്യങ്കാളി, സ്വാമിവിവേകാനന്ദൻ, യേശുക്രിസ്തു എന്നിവർക്കുശേഷം എറണാകുളം മരടിൽ ഭൂജാതനായി ഇപ്പോൾ LIC ഏജന്റായി ആൾക്കാരെ പിടിക്കുന്ന ഏജന്റാണ്.) ചില ചൊറിഞ്ഞ ഡയലോഗുകൾ വരാൻ തുടങ്ങിയപ്പോൾ എനിക്ക് കാര്യം പിടികിട്ടി. "അന്യായ കൊള്ള അല്ലിയോ ഇവന്മാർ നടത്തുന്നത്. ആലപ്പുഴ – എറണാകുളം 120 രൂപ.."

എന്റെ അഭിനവ സാമൂഹിക പരിഷ്കർത്താവേ, ഇതൊക്കെയാണ് നാട്ടിലെ വികസനം. അല്ലാതെ ഇയാള് വിദേശരാജ്യത്തുപോയി ഇതേലൊന്നു കേറിയാൽ നാട്ടിൽ വികസനമൊന്നും വരില്ല. പുതിയ കാര്യങ്ങൾ ചെയ്യുമ്പോൾ അതിനൊക്കെ ഇങ്ങനെ ചില ലൊടുക്കു ന്യായം പറഞ്ഞ് എതിർക്കരുത്. അമേരിക്കയിൽ അങ്ങനാ... ചൈനയിൽ ഇങ്ങനാ... ജർമ്മനിയിൽ മറ്റേതാ... പക്ഷേ കേരളത്തിൽ .... അതു മാത്രം ഞാൻ സമ്മതിക്കില്ല. ഇങ്ങനത്തെ കുറെ മനോരോഗികളെ ഈ നാട്ടിൽനിന്നു ഓടിച്ചാൽ ഈ നാട്ടിലും 'അച്ഛാദിൻ' വരും.

നമുക്ക് ഇപ്പോഴും പഴയ ആന വണ്ടിമതി. എങ്ങനെയെങ്കിലും തിക്കിത്തിരക്കി അതിൽക്കേറി വല്ലവന്റെയും മുതുകത്ത് ചാരിനിന്ന്, ഇനിം അഥവാ ഇരുന്നാൽ, ഒന്ന് ബ്രേക്ക് ഇട്ടുപോയാൽ കമ്പിയിൽ പോയി തല ഇടിച്ച്, കൊഴിക്കട്ട ഉണ്ടാക്കി, വിയർത്ത് കുളിച്ച്, വല്ലവന്റെയും ഛർദ്ദി തലയിൽ ഏറ്റുവാങ്ങി യാത്ര ചെയ്യുന്ന ആ പ്രാകൃത രീതി... കാരണം 'ലാഭം' ആണല്ലോ...

വോൾവോ കമ്പനി പറയുന്നത് ഈ ബസിന് കറുത്ത പുക വരില്ല... പിന്നെ ഒരു പാട് പ്രത്യേകതകൾ... പക്ഷേ പാവം AC ബസും ഇപ്പോൾ പഴയ ആന വണ്ടിപോലെ ബ്രേക്ക് ഡൗൺ ആയി റോഡിൽ കിടന്നു തുടങ്ങുന്നു... AC കംപ്ലെയിന്റ് ആകുന്നു... കരിപ്പുക വർഷിക്കുന്നു... ഗവൺമെന്റിനെ കുറ്റം പറഞ്ഞിട്ടെന്താ കാര്യം... കാശ് കൊടുത്ത് ആള് കേറിയില്ലെങ്കിൽ ഈ പ്രസ്ഥാനവും നശിക്കും. സ്വകാര്യ ഹോസ്പിറ്റലിൽ പോയി കാശ് പൊടിക്കുന്ന ഒരുത്തനോട് ഗവൺമെന്റ് ഹോസ്പിറ്റലിലെ പഴയ ടിക്കറ്റ് ചാർജ് 2 രൂപ മാറ്റി 10 ആക്കിയാൽ അവന് ഉടനെ എതിർപ്പ് എവിടെ നിന്നോ വരും. കാശ് സ്വരൂപിക്കാൻ വേണ്ടി മാത്രം ഉള്ളതല്ല, ചിലവാക്കാൻ വേണ്ടിയും ഉള്ളതാ... അങ്ങനെ ചെലവാകുമ്പോൾ അത് ഒരു വികസന ചരിത്രം ആകട്ടെ ചൊറിഞ്ഞ സാമൂഹിക പരിഷ്കർത്താക്കളേ!!!

പിൻകുറിപ്പ് – എം.പി.മാരുടെ ശമ്പളം കൂട്ടാൻ ബഹളം. ഇപ്പോഴും പഞ്ചായത്ത് മെമ്പർക്ക് കിട്ടുന്നത് 1200 രൂപ. കാര്യം നടക്കാൻ പാവം മെമ്പർ നാട്ടിലെ ഒരു പാലം അങ്ങ് വിഴുങ്ങും. ജാഗ്രത.. അതായത് ........... സാമൂഹിക നീതി മാത്രമല്ല, സാമ്പത്തിക നീതിയും വേണം. എന്നാലേ പാവങ്ങൾക്ക് AC ബസേലൊക്കെ കേറാൻ പറ്റൂ...

## പാവനസ്മരണയ്ക്ക്



# ഏലിയാമ്മ തോമസ്

മല്ലപ്പള്ളിൽ വീട്

കോയിപ്രം

ജനനം–15 ആഗസ്റ്റ് 1932

മരണം–19 ജൂലൈ 2015

സന്തപ്ത കുടുംബാംഗങ്ങൾ

## പാവനസ്മരണയ്ക്ക്




**7–ാം ചരമവാർഷികം**

# ത്രേസ്യാക്കുട്ടി എബ്രഹാം

ചിറയിൽ, ചങ്ങനാശ്ശേരി

സന്തപ്ത കുടുംബാംഗങ്ങൾ

Date of Publication: 28-07-2015 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2015-17**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/80**
**August 2015**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*